


# ഗവേഷണ റിപ്പോർട്ട്

*തയ്യാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)**

പൂജപ്പുര, തിരുവനന്തപുരം 695 012

2019

***Prepared by:*** **State Council of Educational Research & Training (SCERT)**
Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@gmail.com

*Type setting by:* SCERT Computer Lab.

©
Government of Kerala
Education Department
2018

# ആമുഖം

ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഒട്ടേറെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച് ഗുണമേന്മ കൈവരിക്കുന്നതിൽ വിഘാതമായി നിൽക്കുന്ന ഒരു സുപ്രധാന ഘടകമാണ് കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ. പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പിന്നാക്കം നിൽക്കുന്ന അവസ്ഥയെയാണ് പഠനപിന്നാക്കാവസ്ഥയെന്ന് പറയുന്നത്. പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനും 'തുണ' എന്ന പേരിൽ ഒരു പദ്ധതി എസ്.സി.ഇ.ആർ.ടി. ആവിഷ്ക്കരിച്ച് നടപ്പാക്കുകയുണ്ടായി. 2017-18 വർഷത്തിലാണ് ഈ പദ്ധതി നടപ്പാക്കിയത്.

ഈ പദ്ധതിയുടെ ഒരു വിശകലനപഠന റിപ്പോർട്ടാണിത്. റിപ്പോർട്ട് പ്രകാരം അപ്പർപ്രൈമറി തലത്തിലെ 23% ത്തോളം കുട്ടികൾ പഠനപിന്നാക്കാവസ്ഥയുള്ളവരാണെന്ന കണ്ടെത്തൽ ഗൗരവമുള്ളതാണ്. അടിയന്തിരമായി ഇത് പരിഹരിക്കുന്നതിനുള്ള നടപടി വേണ്ടിയിരിക്കുന്നു. പ്രത്യേകം ആസൂത്രണം ചെയ്തു നടപ്പാക്കിയ വ്യക്തിഗത പഠനപരിശീലന പ്രവർത്തനങ്ങൾ 73% പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികളെ പഠനപുരോഗതിയിലേക്ക് നയിച്ചു എന്ന് പഠനം വ്യക്തമാക്കുന്നു. കുട്ടികളിലെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേകമായി ആസൂത്രണം ചെയ്ത വ്യക്തിഗത പഠനപ്രവർത്തനങ്ങൾ ഏറെ പ്രയോജനകരമാണ്. ഇത് നടപ്പിൽ വരുത്തുന്നത് ഗുണമേന്മ ഉറപ്പാക്കും. മാത്രമല്ല പ്രത്യേക പരിശീലനം സിദ്ധിച്ച റിസോഴ്സ് അധ്യാപകർക്ക് സ്കൂളുകളിൽ പിന്തുണയ്ക്കായി ചുമതല നൽകുന്നതും പ്രയോജനം ചെയ്യും. ഇതിന് ആവശ്യമായ പഠനോപാധികൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. സ്കൂളുകളും രക്ഷകർത്താക്കളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിലൂടെ അവസരം ഒരുങ്ങുന്നു. ഇതിനാവശ്യമായ രക്ഷാകർത്തൃബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

ഈ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിനുള്ള ഊർജിത ശ്രമം ആവശ്യമാണെന്ന് പഠനം സൂചിപ്പിക്കുന്നു. പഠനത്തിൽ നൽകിയിട്ടുള്ള പ്രായോഗിക നിർദേശങ്ങൾ പരിഗണിച്ച് അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് അടിയന്തരമായി വേണ്ടത്. അതിന് പൊതുവിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.ടി.യും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള കൂട്ടായ്മ ഗുണപരമായ മാറ്റത്തിന് ആക്കം കൂട്ടും എന്ന കാര്യത്തിൽ തർക്കമില്ല.

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ

## പഠനസമിതി അംഗങ്ങൾ

1. **ഡോ. ജയപ്രകാശ്**
അഡീഷണൽ പ്രൊഫസർ ഓഫ് പീഡിയാട്രിക്സ് & ചൈൽഡ് സൈക്യാർട്ടിസ്റ്റ്
എസ്.എ.റ്റി. ആശുപത്രി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

3. **ഡോ. സി. ഗോകുൽദാസൻ പിള്ള**
മുൻകരിക്കുലം ഹെഡ്, എസ്.സി.ഇ.ആർ.റ്റി.

4. **ഡോ. അഞ്ചു. ഐ.**
അസിസ്റ്റന്റ് പ്രൊഫസർ, ഐ.എ.എസ്.ഇ. തൃശൂർ

5. **ഡോ. മഞ്ചു ശങ്കർ. കെ**
ജൂനിയർ റിസർച്ച് ഫെല്ലോ
എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം

6. **ശ്രീ. ശ്രീരാഗ്. ആർ. എൽ**
റിസോഴ്സ് അധ്യാപകൻ, ഗവ.എച്ച്.എസ്.ആനപ്പാറ

7. **ശ്രീ. അമൽ. ആർ. നായർ**
റിസോഴ്സ് അധ്യാപകൻ, ഗവ.യു.പി.എസ്. വിതുര

8. **ശ്രീമതി. അനിത**
റിസോഴ്സ് അധാപിക, ഗവ.യു.പി.എസ്.വിതുര

9. **ശ്രീമതി. സുമകുമാരി. റ്റി**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.വിതുര

10. **ശ്രീമതി. സുജ. പി**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.വിതുര

11. **ശ്രീമതി. പ്രിയ. പി. എൻ**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.വിതുര

12. **ശ്രീമതി. ഗിഷ. ജി. എസ്**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.വിതുര

13. **ശ്രീമതി. ദിവ്യ. എസ്**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.ചിറയിൻകീഴ്

14. **ശ്രീമതി. രമ്യ. സി. എ**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.പാലവിള

15. **ശ്രീമതി. പ്രിയ ദേവദാസ്**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.പാലവിള

16. **ശ്രീമതി. കെ. എസ്. ജയശ്രീ**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.ആനതലവട്ടം, ചിറയിൻകീഴ്

17. **ശ്രീമതി. സിന്ധു. ജെ**
റിസോഴ്സ് അധ്യാപിക, ഗവ.യുപി.എസ്.പിള്ള യാർകുളം

18. **ശ്രീ. പ്രവീൺ. പി. എൽ**
റാപ്പോട്ടിയർ , ഗവ.ഹൈസ്കൂൾ, ആനപ്പാറ

19. **ശ്രീ. ഡി. സുനിൽകുമാർ**
റാപ്പോട്ടിയർ, ഗവ.യു.പി.എസ്. വിതുര

20. **ശ്രീ. ജി. ബിനുകുമാർ**
റാപ്പോട്ടിയർ , ഗവ.യു.പി.എസ്. വിതുര

21. **ശ്രീ. രാജേഷ്. സി. എൽ**
റാപ്പോട്ടിയർ, ഗവ.യു.പി.എസ്. ചിറയിൻകീഴ്

22. **ശ്രീ. സതീഷ്. ഡി**
റാപ്പോട്ടിയർ, ഗവ.യു.പി.എസ്. ആനത്തലവട്ടം

23. **ശ്രീ. ഷമീർ. എസ്**
റാപ്പോട്ടിയർ, ഗവ.യു.പി.എസ്. പാലവിള

24. **ശ്രീ. പ്രകാശ്. സി**
റാപ്പോട്ടിയർ, ഗവ.യു.പി.എസ്. പിളളയാർകുളം

25. **ശ്രീ. സി. ആർ. അശോകൻ**
കോർഡിനേറ്റർ, വിതുര പഞ്ചായത്ത്

26. **ശ്രീ. എൻ. ഗോപകുമാർ**
കോർഡിനേറ്റർ (എച്ച്. എം. ഗവ.യു.പി.എസ്.പാല വിള)

അക്കാദമിക് കോഡിനേറ്റർ

**ശ്രീമതി അഞ്ജന. വി. ആർ ചന്ദ്രൻ**

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.റ്റി. തിരുവനന്തപുരം

# ഉള്ളടക്കം


| ക്രമ നമ്പർ | അധ്യായം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 13 – 17 |
| 2 | രീതിശാസ്ത്രവും നടപ്പാക്കലും | 18 – 40 |
| 3 | വിശകലനവും വ്യാഖ്യാനവും | 41 – 58 |
| 4 | കണ്ടെത്തലുകളും നിർദ്ദേശങ്ങളും | 59 – 68 |

**i. റഫറൻസ്**

**ii. അനുബന്ധം**

1. സ്കൊളാസ്റ്റിക് ബാക്ക്വേർഡ്നസ് അസസ്മെന്റ് ടൂൾ (Tool for Scholastic Backwardness Assessment)
2. റിസോഴ്സ് അധ്യാപകർക്കുള്ള അഭിമുഖം (ഇന്റർവ്യൂ ഷെഡ്യൂൾ)
3. കുട്ടികൾക്കായുള്ള പഠന സാമഗ്രികളുടെ മാതൃകകൾ
4. കുട്ടികളുടെ പോർട്ട്ഫോളിയോ– സാമ്പിൾ കോപ്പികൾ
5. രക്ഷാകർത്തൃ സന്ദർശന ഡയറി–സാമ്പിൾ കോപ്പി
6. റിസോഴ്സ് അധ്യാപകരുടെ പട്ടിക

## പട്ടികകൾ


| | | | പേജ് നമ്പർ |
|---|---|---|---|
| പട്ടിക 2.1 | : | പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ | 18 |
| പട്ടിക 2.2 | : | തുണ പദ്ധതിയുടെ വിവിധ പ്രവർത്തന വിശദാംശങ്ങൾ | 21 |
| പട്ടിക 3.1 | : | പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ വിശദാംശങ്ങൾ | 41 |
| പട്ടിക 3.2 | : | പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ തരംതിരിക്കൽ | 42 |
| പട്ടിക 3.3 | : | പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ | 43 |
| പട്ടിക 3.4 | : | പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് | 44 |
| പട്ടിക 3.5 | : | പോർട്ട് ഫോളിയോ വിശകലനം | 44 |
| പട്ടിക 3.6 | : | പഠനപിന്നാക്കവസ്ഥയിലെ കുട്ടികളുടെ പുരോഗതിയുടെ വിശകലനം | 45 |
| പട്ടിക 3.7 | : | കുട്ടികളുടെ പഠന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ | 46 |
| പട്ടിക 3.8 | : | പഠനപിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ | 51 |
| പട്ടിക 3.9 | : | രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരം | 52 |
| പട്ടിക 3.10 | : | രക്ഷിതാക്കളുടെ തൊഴിൽ വിശദാംശങ്ങൾ | 52 |
| പട്ടിക 3.11 | : | കുട്ടികളുടെ സ്വഭാവം, പെരുമാറ്റം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ | 53 |
| പട്ടിക 3.12 | : | രക്ഷാകർത്തൃ സന്ദർശന ഡയറിയുടെ വിശദാംശങ്ങൾ | 54 |

## പഠനത്തിന്റെ സംഗ്രഹം

### കുട്ടികളിലെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള "തുണ" ഇടപെടൽ പദ്ധതി – ഒരു വിശകലനം

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി വ്യക്തിഗത പഠനത്തിലൂടെ ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ (എസ്.സി.ഇ.ആർ.ടി.) വഴി നടപ്പിലാക്കിയ ഗവേഷണ പഠന പദ്ധതിയാണ് 'തുണ'. 2017–18 അധ്യയനവർഷത്തിലാണ് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയത്. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ വളരെ പിന്നാക്കം നിൽക്കുക, അധ്യാപകരുടെ ചോദ്യങ്ങളോട് നെഗറ്റീവ് ആയി പ്രതികരിക്കുക, വിലയിരുത്തൽ, പരീക്ഷ തുടങ്ങിയവയിൽ പിന്നാക്കം നിൽക്കുക, അധ്യാപകരോടും സഹപാഠികളോടും തക്കതായ കാരണമില്ലാതെ മോശമായി പെരുമാറുക ഇവയൊക്കെ പഠനപിന്നാക്കാവസ്ഥയുടെ ചൂണ്ടുപലകകളാണ്. ഈ അവസ്ഥ വിശകലനം ചെയ്ത് പിന്നാക്കാവസ്ഥ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സാർവത്രികമാക്കുന്നത് പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഈ പദ്ധതിയെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു പഠനമാണ് നിർവഹിച്ചിരിക്കുന്നത്.

#### പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ

**പൊതു ഉദ്ദേശ്യങ്ങൾ**

1. യു.പി. തലത്തിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠന പുരോഗതിക്കായി ഒരു സമഗ്ര പദ്ധതി വികസിപ്പിക്കുക.
2. ഇടപെടൽ പഠനത്തിലൂടെ വികസിപ്പിച്ച പദ്ധതിയുടെ പ്രായോഗികത കണ്ടെത്തുക.

**സ്പഷ്ടമായ ഉദ്ദേശ്യങ്ങൾ**

1. അപ്പർ പ്രൈമറി തലത്തിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുക.
2. പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക
3. പഠനപിന്നാക്കാവസ്ഥയുടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**രീതിശാസ്ത്രം**

പരീക്ഷണ രീതി, സർവ്വേ രീതി, കേസ് സ്റ്റഡി, ഇന്റർവ്യൂ എന്നീ രീതികളാണ് ഈ പഠനത്തിന് ഉപയോഗിച്ചത്. കേരളത്തിലെ അപ്പർപ്രൈമറി തലത്തിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ് ഈ പഠനത്തിലെ പോപ്പുലേഷൻ. തിരുവനന്തപുരം ജില്ലയിലെ വിതുര, ചിറയിൻകീഴ് എന്നീ രണ്ട് പഞ്ചായത്തുകളിലെ ആറ് സ്കൂളുകളാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. (അർബൻ-1, റൂറൽ-2, കോസ്ററൽ -2, ട്രൈബൽ -1) ഈ സ്കൂളുകളിലെ ആകെ 1215 കുട്ടികളിൽ അധ്യാപകർ

നിർദേശിച്ച 339 കുട്ടികളെയാണ് പഠനവിധേയമാക്കിയത്. അതിൽ 273 കുട്ടികളെ (22.46%) പഠനപിന്നാക്കാവസ്ഥയുള്ളവരായി കണ്ടെത്തി. പഠനപിന്നാക്കാവസ്ഥയിലുള്ളവരിൽ തന്നെ നേരിയ പഠനപിന്നാക്കാവസ്ഥ (മൈൽഡ്), ശരാശരി പഠനപിന്നാക്കാവസ്ഥ(മോഡറേറ്റ്), തീവ്ര പഠനപിന്നാക്കാവസ്ഥ (സിവിയർ) എന്നിങ്ങനെ തരംതിരിച്ചു. ഇങ്ങനെ കണ്ടെത്തിയ കുട്ടികളിലാണ് പഠന ഇടപെടൽ നടത്തിയത്.

## പ്രധാന കണ്ടെത്തലുകൾ

**1. അപ്പർ പ്രൈമറി തലത്തിലെ പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനനിലവാരം**

- അപ്പർപ്രൈമറി തലത്തിൽ 23% കുട്ടികൾ പഠനപിന്നാക്കാവസ്ഥയിലുള്ളവരാണെന്നാണ് പഠനം വെളിവാക്കുന്നത്. പ്രീ-ഇന്റർവെൻഷൻ ടൂൾ ഉപയോഗിച്ച് നടത്തിയ വിലയിരുത്തലിൽ നിന്നുമാണ് ഇത് കണ്ടെത്തിയത്.
- പഠനപിന്നാക്കാവസ്ഥയിലുള്ള 73% കുട്ടികൾ പ്രത്യേക ഇടപെടലിനുശേഷം പഠനപുരോഗതി കൈവരിച്ചതായി കാണാം. വ്യക്തിഗത പഠനബോധന പരിശീലനം നൽകുന്നതിലൂടെ പഠനപിന്നാ ക്കാവസ്ഥയിലുള്ളവരിലെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുമെന്ന് പഠനം തെളിയിക്കുന്നു.
- പഠനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകളിൽ സ്ഥിരമായ അക്ഷരത്തെറ്റ്, തുടർച്ചയായി വേഗത്തിൽ വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങൾ മനസ്സിലാക്കി വാക്കുകളായി വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാൻ ബുദ്ധിമുട്ട്, എഴുതുമ്പോൾ വിരാമചിഹ്നങ്ങൾ ക്രമമല്ലാതെ ഉപയോഗിക്കൽ, പഠിക്കുന്നതിന് പ്രത്യേക സമയവും സ്ഥലവും ഇല്ലാത്ത അവസ്ഥ എന്നിവയൊക്കെ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകളാണെന്ന് കണ്ടെത്തുകയുണ്ടായി.

**2. പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ**

*a) പൊതുവായ കാരണങ്ങൾ*

വീടുകളിലെ മോശമായ പഠന സൗകര്യങ്ങൾ, തൃപ്തികരമല്ലാത്ത പഠനാന്തരീക്ഷങ്ങൾ, പഠന കാര്യങ്ങളിലെ രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ്, വീടുകളിലെ അമിതമായ ടി.വി കാണൽ, കുടുംബത്തിലെ വഴക്ക്, ഏക രക്ഷകർത്തൃത്വം, രക്ഷിതാക്കളുടെ അമിത മദ്യപാനം, വീട്ടിലെ അക്രമങ്ങൾ എന്നിവ പഠനപിന്നാക്കാസ്ഥയ്ക്ക് കാരണമാകുന്നു.

*b) വ്യക്തിപരമായ കാരണങ്ങൾ*

പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവ്, പ്രവർത്തനങ്ങളിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കൽ, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ് പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളിൽ പ്രധാനമായും കാണപ്പെടുന്ന സ്വഭാവ വ്യതിയാനങ്ങൾ. പ്രവർത്തനങ്ങളിൽ നിന്നും ശ്രദ്ധ വ്യതിചലിക്കുന്നവർ 36.63% പേർ ഉള്ളതായി കണ്ടെത്തി, സ്വസ്ഥമായി ഒരു സ്ഥലത്ത് ഇരിക്കാൻ

കഴിയാത്തവർ 17.94% പേർ ഉണ്ട് എന്ന് പഠനം വെളിപ്പെടുത്തുന്നു. 34.79% ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തവർ ഉണ്ട്. ഇവയും പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നു എന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

*c) കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്*

രക്ഷിതാക്കളിൽ ഭൂരിഭാഗവും സാമ്പത്തികമായി വളരെ പിന്നാക്കമാണ്. കുടുംബത്തിന്റെ വരുമാനം, രക്ഷിതാവിന്റെ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. 75.09% കുട്ടികളുടെ പിതാവിന്റെ തൊഴിൽ കൂലിപ്പണിയാണ്, സർക്കാർ മേഖലയിൽ ജോലിയുള്ളവർ 0.73% മാത്രമാണ്, മാതാവിന്റെ തൊഴിൽ പരിശോധിക്കുമ്പോൾ 63.36% പേരും ഗൃഹഭരണവുമായി കഴിയുന്നവരാണ്. പൊതുവിൽ രക്ഷിതാക്കളുടെ സ്ഥിരമായ തൊഴിലില്ലാത്ത അവസ്ഥ വരുമാനത്തെ ബാധിക്കുന്നു. ഇതുകാരണം കുട്ടികൾക്ക് പഠനത്തിന് വേണ്ടുന്ന പിന്തുണ വീട്ടിൽ നൽകാൻ സാധിക്കാതെ വരികയും ഇത് പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണമാകുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്.

*d) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സാന്നിധ്യം*

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പദ്ധതി നിർദ്ദേശിച്ച പ്രകാരം ക്ലാസ്സുകൾ നൽകിയപ്പോൾ ആത്മബന്ധം വളർത്താനും പഠനത്തിലേക്ക് നയിക്കാനും സാധിച്ചു. ആശയവിനിമയം നടത്താനുള്ള പ്രവർത്തനങ്ങളിലൂടെയും കളിയിലൂടെയും പഠന നിലവാരം ഉയർത്താൻ കഴിഞ്ഞു എന്നും പഠനം വ്യക്തമാക്കുന്നു.

### മറ്റു കണ്ടെത്തലുകൾ

- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നുണ്ട്. ചിത്രകല, കായികവിനോദങ്ങൾ, തുടങ്ങിയവയിൽ ഏറെ മികവ് പുലർത്തുന്നതായി പഠനം വ്യക്തമാക്കുന്നു. ഇത്തരം താല്പര്യമേഖലകൾ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നിന് ആധാരമായി സ്വീകരിക്കണം.
- കുട്ടികൾക്ക് നൽകിയ വ്യക്തിഗത കൗൺസലിംഗിലൂടെ അവരുടെ പെരുമാറ്റ രീതിയിലും വ്യക്തിശുചിത്വത്തിലും അഭിലഷണീയമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു.
- പോർട്ട്ഫോളിയോ രീതിയിലൂടെ പഠനമികവ് ഫലപ്രദമായി വിലയിരുത്താൻ സാധിക്കുമെന്ന് പഠനത്തിലൂടെ വ്യക്തമാകുന്നു.
- രക്ഷകർത്തൃ ഡയറി, കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും രക്ഷകർത്താവും സ്കൂളും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കുന്നതിനും ഏറെ സഹായകരമാണെന്ന് പഠനം സൂചിപ്പിക്കുന്നു.
- പഠനപിന്നാക്കാവസ്ഥ സംബന്ധിച്ച് എല്ലാ അധ്യാപകർക്കും പരിശീലനം നൽകുകയും പഠനപിന്നാക്കാവസ്ഥ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും പഠനം തെളിയിക്കുന്നു.

3. **പഠനപിന്നാക്കവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ/നിർദേശങ്ങൾ**

**പ്രധാന നിർദേശങ്ങൾ**

- കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സ്കൂളുകളിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ തിരിച്ചറിയേണ്ടത് അനിവാര്യമാണ്. ഇതിനായി പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേക വിലയിരുത്തൽ ടൂളുകൾ രൂപപ്പെടുത്തുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. പഠനപിന്നാക്കാവസ്ഥ എന്നത് കേവലം പഠന വൈകല്യമോ ബുദ്ധിമാന്ദ്യമോ മാത്രം ആയി അധ്യാപകർ തെറ്റിദ്ധരിക്കപ്പെടാതിരിക്കാനുള്ള കൃത്യത ഇത്തരം ടൂളുകളിൽ ഉറപ്പാക്കേണ്ടതാണ്.
- 'തുണ' പദ്ധതിയിലൂടെ പഠനപിന്നാക്കാവസ്ഥയിൽ ആയിരുന്ന 73% കുട്ടികൾ പഠനപുരോഗതി നേടിയതായി കണ്ടെത്താൻ കഴിഞ്ഞു. ഈ പദ്ധതി, കൂടുതൽ പഠന സാമഗ്രികളോടുകൂടി, കൂടുതൽ സ്കൂളുകളിലേക്കും വിവിധ തലങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.
- മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നീ ഓരോ വിഭാഗത്തിലുമുള്ള കുട്ടികളുടെ പഠനപുരോഗതി ഉറപ്പാക്കാനുതകുന്ന തരത്തിൽ പഠന സാമഗ്രികളും പഠനബോധന തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതാണ്. ഇതിലൂടെ ഈ കുട്ടികൾക്ക് അവരുടെ പഠനപുരോഗതി കൈവരിക്കാൻ സാധിക്കുന്നതാണ്.
- ഏക രക്ഷാകർത്തൃത്വം, വീട്ടിലെ അക്രമങ്ങൾ, രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ്, കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, പഠനവൈകല്യങ്ങൾ എന്നിവ പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങളായി പഠനം കണ്ടെത്തി. അതിനാൽ കുട്ടികളുടെ പഠന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രക്ഷിതാക്കൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.
- പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവും പ്രവർത്തനങ്ങളിൽ ശ്രദ്ധ നിലനിർത്താൻ കഴിയാത്തതും പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളിലെ സ്വഭാവ വ്യതിയാനമാണ്. ആയതിനാൽ, ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഉതകുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ കൂടുതൽ ഉൾപ്പെടുത്തേണ്ടതാണ്. അതോടൊപ്പം, ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായകമായ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ അധ്യാപകർ പരിശീലിക്കേണ്ടതും ഉപയോഗിക്കേണ്ടതുമാണ്.
- രക്ഷിതാക്കളുടെ തൊഴിലില്ലായ്മയും, കുറഞ്ഞ വരുമാനവും കുട്ടികളുടെ പഠനപിന്നാക്കവസ്ഥയ്ക്ക് കാരണമാണ് എന്ന് പഠനം തെളിയിക്കുന്നു. ആയതിനാൽ കുട്ടികൾക്ക് നല്ലൊരു പഠനാന്തരീക്ഷമോ പിന്തുണയോ ഒരുക്കാൻ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ഇവർക്ക് വേണ്ടുന്ന നോട്ടുപുസ്തകങ്ങൾ, പേന, പേപ്പർ, പെൻസിൽ, മറ്റ് അത്യാ

വശ്യ പഠനസാമഗ്രികൾ കുറഞ്ഞ വിലയ്ക്കോ, സൗജന്യമായോ നൽകുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

- വ്യക്തിശുചിത്വം പാലിക്കാതിരിക്കുക, ലഹരി ഉപയോഗിക്കുക എന്നീ അനാരോഗ്യ പ്രവണകൾ കുട്ടികളിൽ കാണാൻ കഴിഞ്ഞു. ഇവർക്ക് വേണ്ടുന്ന ബോധവൽക്കരണം നൽകേണ്ടത് അത്യാവശ്യമാണ്. ഇതിന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. കുട്ടികളിൽ ആരോഗ്യസംരക്ഷണത്തിന് ഉതകുന്ന ബോധവൽക്കരണ യോഗങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കേണ്ടതുണ്ട്.

## മറ്റ് നിർദ്ദേശങ്ങൾ

- പഠനപിന്നാക്കാവസ്ഥയിൽ ഉള്ളവരിൽ ഓട്ടിസം, ബുദ്ധിപരിമിതി പഠന വൈകല്യം എന്നിവയുള്ളവർ ഉണ്ട്. ഇത്തരം കുട്ടികളിൽ കൂടി പഠന പുരോഗതിയുണ്ടാക്കാൻ പ്രത്യേക പരിഗണനയും ആരോഗ്യപരമായ പിന്തുണയും അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകേണ്ടതുണ്ട്.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നതായി പഠനം കണ്ടെത്തി. അതുകൊണ്ട് ഇത്തരം കുട്ടികളിലെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും ഈ കുട്ടികളെ മുൻനിരയിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ഓരോ കുട്ടിയുടേയും പോർട്ട്ഫോളിയോ വിലയിരുത്തുന്നത് പഠനപുരോഗതി ഉറപ്പാക്കാൻ സഹായകമായതിനാൽ വിശദമായ പോർട്ട്ഫോളിയോ വിശകലനം നിർബന്ധിതമാക്കുന്നത് അഭികാമ്യമാണ്.
- പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ രക്ഷകർത്താക്കൾക്കുള്ള പങ്ക് പ്രാധാന്യമർഹിക്കുന്നുവെന്ന് പഠനം തെളിയിക്കുന്നു. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള നിരന്തര കൂടിക്കാഴ്ച ഉറപ്പാക്കുന്നതിന്റെ ഭാഗമായി രക്ഷകർത്തൃ ഡയറി സ്കൂളുകളിൽ സൂക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.
- പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വ്യക്തിഗതപഠനബോധന പരിശീലനം സാധ്യമാക്കുന്നതരത്തിൽ അനുയോജ്യമായ സാഹചര്യങ്ങൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ടതാണ്. അതിന് നമ്മുടെ സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.
- കുട്ടികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ശാസ്ത്രീയമായി കൗൺസലിംഗ് നടത്താനും അധ്യാപകർക്ക് പരിശീലനം നൽകേണ്ടതാണ്.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വേണ്ടി വ്യത്യസ്തവും മികവുറ്റതുമായ പഠന സാമഗ്രികൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകേണ്ടതാണ്. പഠനപിന്നാക്കവസ്ഥയിലുള്ള കുട്ടികൾക്ക്

പഠനപുരോഗതി കൈവരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ പിന്തുണ നൽകേണ്ടതുണ്ട്.

- 'തുണ' പദ്ധതി 'മലയാളം' വിഷയത്തിൽ മാത്രം ഊന്നൽ നൽകിയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗണിതത്തിലെ അടിസ്ഥാനശേഷികളും കണക്കുകൂട്ടാനുള്ള ശേഷികളും കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകളും പ്രയോജനപ്പെടുത്തി പദ്ധതി കൂടുതൽ മികവുറ്റതാക്കാൻ സാധിക്കുന്നതാണ്.

- 'തുണ' പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നാണ് ഫലപ്രാപ്തി പഠനം തെളിയിക്കുന്നത്. ആയതിനാൽ, മറ്റ് സ്കൂളുകളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ അക്കാദമികവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

- ത്രിതല പഞ്ചായത്തും സ്കൂളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ കുട്ടികളുടെ പഠന സാഹചര്യങ്ങൾ, യാത്രാസൗകര്യങ്ങൾ, ആരോഗ്യകാര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താനും മനശാസ്ത്രവിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും കഴിയും. വിവിധ ഏജൻസികളുടെയും വകുപ്പുകളുടേയും ഏകോപനത്തിലൂടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനുതകുന്ന ഒരു സമഗ്ര പദ്ധതി ഉണ്ടാകേണ്ടതുണ്ട്.

- അടിസ്ഥാനപരമായി ചെറിയ രീതിയിലെങ്കിലും പുരോഗതി ആർജിക്കാത്ത ഒരു കുട്ടിപോലുമില്ലായെന്നുള്ളത് ഈ പദ്ധതിയുടെ വിജയമായി കാണാം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മാത്രമാണ് പ്രതീക്ഷിച്ച മാറ്റം കാണാതിരിക്കുന്നത്.

- 'തുണ' പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമായി കാണാൻ കഴിഞ്ഞത് കുട്ടികളും രക്ഷിതാക്കളുമായിട്ട് റിസോഴ്സ് അധ്യാപകർക്ക് ആത്മബന്ധം വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നതാണ്. കുട്ടിയുടെ നിലവാരം പിന്നിലായിരുന്നെന്ന് രക്ഷകർത്താവിനെ ബോധ്യപ്പെടുത്താൻ ഇതിലൂടെ സാധിച്ചു.

- പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുന്നത് ഗുണമേന്മ വിർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും സഹായിക്കും ആയതിനാൽ ത്രിതലപഞ്ചായത്ത്, പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി. എന്നിവർ ചേർന്ന് ബൃഹത്തായ ഒരു തുടർപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# 1 ആമുഖം

### 1.1 പഠനപശ്ചാത്തലം

പൊതുവിദ്യാഭ്യാസം സാർവ്വത്രികമാക്കുന്ന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണ്. സാർവ്വത്രികമായ പ്രീസ്കൂൾ വിദ്യാഭ്യാസം, ആറ് വയസ്സ് പൂർത്തിയായ എല്ലാ കുട്ടികളും ഒന്നാം തരത്തിൽ പഠനത്തിനായി എത്തുന്നു, കൊഴിഞ്ഞു പോക്ക് (dropouts) തീരെയില്ല, ഒന്നാം തരത്തിൽ പ്രവേശനം നേടുന്ന കുട്ടികളിൽ 80 ശതമാനത്തിലധികം പേരും 10- ാം തരം പൂർത്തിയാക്കുന്നു എന്നിവയൊക്കെ എടുത്തു പറയേണ്ട പ്രത്യേകതകളാണ്. എന്നാൽ ഗുണമേന്മ (Quality) ഉറപ്പാക്കുന്ന കാര്യത്തിൽ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നു. പത്താംതരം പൂർത്തിയാക്കിയ ചില കുട്ടികൾക്കു മാതൃഭാഷയിൽപോലും തെറ്റുകൂടാതെ എഴുതാൻ സാധിക്കുന്നില്ല, ഇംഗ്ലീഷ് ഭാഷയിൽ വേണ്ടത്ര പ്രാവീണ്യമില്ല. ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ സാധിക്കുന്നില്ല എന്നു തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

സാധാരണക്കാരന്റെ കുട്ടികൾ പഠിക്കാൻ ആശ്രയിക്കുന്നത് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളെയാണ്. എന്നാൽ നാൾക്കുനാൾ കുട്ടികൾ കുറഞ്ഞു വരുന്ന പ്രവണതയും ചില സ്കൂളുകളിൽ കണ്ടുവരുന്നു. അവയിൽ ചിലത് അടച്ചുപൂട്ടലിന്റെ വക്കിലുമാണ്. ഗുണമേന്മ കൈവരിക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന സ്കൂളുകളാണ് ഇത്തരത്തിൽ അടച്ചുപൂട്ടലിന്റെ ഭീഷണി നേരിടുന്നത്. ഗുണമേന്മ കൈവരിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. അതിലൊന്നാണ് അവിടെ പഠിക്കുന്ന കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ.

### 1.2 പഠന പിന്നാക്കാവസ്ഥ

പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പിന്നാക്കം നിൽക്കുന്ന അവസ്ഥയെയാണ് പഠനപിന്നാക്കാവസ്ഥ എന്നു പറയുന്നത്. സ്കൂളിൽ പോകാൻ മടികാണിക്കുക, സ്കൂളിൽ പോയാൽ തന്നെ ക്ലാസിൽ കയറാതെ കറങ്ങി നടക്കുക, ക്ലാസ്റൂം പ്രവർത്തനങ്ങളിൽ വളരെ പിന്നാക്കം നിൽക്കുക, അധ്യാപകരുടെ ചോദ്യങ്ങളോട് ശരിയായി പ്രതികരിക്കാൻ കഴിയാതിരിക്കുക, വിലയിരുത്തൽ- പരീക്ഷ തുടങ്ങിയവയിൽ പിന്നാക്കം നിൽക്കുക, അധ്യാപകരോടും സഹപാഠികളോടും തക്കതായ കാരണമില്ലാതെ മോശമായി പെരുമാറുക എന്നിവയെല്ലാം പഠനപിന്നാക്കാവസ്ഥയെ സൂചിപ്പിക്കുന്നു.

മാനസികമായോ, ബൗദ്ധികമായോ, വൈകാരികമായോ, ശാരീരികമായോ പ്രത്യേക വൈകല്യങ്ങൾ ഇല്ല എങ്കിലും, പഠനകാര്യങ്ങളിൽ ഒട്ടും താല്പര്യം കാണിക്കാത്തവരാണ് പഠനപിന്നാക്കാവസ്ഥയിലുള്ളവർ. സ്കൂൾ പഠന

കാര്യങ്ങളിൽ തങ്ങളുടെ സമപ്രായക്കാരോട് താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസ പുരോഗതിയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളാണിവർ. പഠനപിന്നാക്കാവസ്ഥ കേവലം പഠനവൈകല്യവുമായോ ബുദ്ധിമാന്ദ്യവുമായോ മാത്രമായി തെറ്റിദ്ധരിക്കാൻ പാടില്ല. സ്കൂൾ പഠനകാര്യങ്ങളിൽ മാത്രമാണവർ ദൗർബല്യം പ്രദർശിപ്പിക്കുന്നത്.

**പഠന പിന്നാക്കാവസ്ഥ രണ്ടുതരത്തിൽ കാണപ്പെടുന്നു -(1) പൊതു പിന്നാക്കാവസ്ഥ, (2) പ്രത്യേക പിന്നാക്കാവസ്ഥ**

പൊതുപിന്നാക്കാവസ്ഥ പ്രദർശിപ്പിക്കുന്ന വിദ്യാർഥികൾ ഏറെക്കുറെ എല്ലാ വിഷയങ്ങളിലും മോശമായ പ്രകടനം നടത്തുന്നു. അതേസമയം, ഏതെങ്കിലും പ്രത്യേക വിഷയത്തിലോ വിഷയങ്ങളിലോ മാത്രം പഠനപുരോഗതി പ്രാപിക്കാൻ കഴിയുന്നില്ലെങ്കിൽ അവരെ പ്രത്യേക പിന്നാക്കാവസ്ഥയുള്ളവർ എന്നു വിളിക്കുന്നു.

സാധാരണ ഒരു ക്ലാസ് മുറിയിൽ പഠനകാര്യങ്ങളിൽ താത്പര്യക്കുറവ് കാണിക്കുന്ന കുട്ടികളിൽ പൊതുവായ ചില പെരുമാറ്റരീതികളും സ്വഭാവസവിശേഷതകളും നമുക്ക് കാണാൻ സാധിക്കും.

- പഠനകാര്യങ്ങളോട് താല്പര്യം കാണിക്കാതെയുള്ള നിഷേധാത്മക പെരുമാറ്റം
- ആരോഗ്യകാര്യങ്ങളിൽ ഒട്ടും ശ്രദ്ധയില്ലാത്ത അവസ്ഥ
- പഠനത്തോട് തീരെ ആഭിമുഖ്യം കാണിക്കാത്ത അവസ്ഥ
- സഹപാഠികളെ ശല്യപ്പെടുത്താനുള്ള പ്രവണത
- പോഷകാഹാരക്കുറവ്
- മോശമായ സാമൂഹിക സാംസ്കാരിക പശ്ചാത്തലം
- ക്ലാസ് മുറിയിൽ അധ്യാപകരോടുള്ള അനാരോഗ്യകരമായ പെരുമാറ്റം
- രക്ഷിതാക്കളുടെ നിരക്ഷരത/കുറഞ്ഞ വിദ്യാഭ്യാസം.
- ക്ലാസ്സിൽ കയറാതെ പുറത്ത് കറങ്ങി നടക്കുക.
- ശ്രദ്ധക്കുറവ്, എടുത്തുചാട്ട സ്വഭാവം.

സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഒരു സർക്കാർ/എയ്ഡഡ് വിദ്യാലയം പരിഗണിച്ചാൽ ഓരോ ക്ലാസിലേയും കുറെ കുട്ടികൾ എങ്കിലും പഠനപിന്നാക്കാവസ്ഥയിലുള്ളവരാണെന്ന് കാണാം. ഈ കുട്ടികളുടെ പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ എന്തെല്ലാമാണ് ? അവ പരിഹരിക്കുന്നതിന് സ്കൂൾതലത്തിൽ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്? പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ രക്ഷകർത്താക്കളുടെ പങ്ക് എന്താണ്? ഗവേഷണപരമായ ഒരു അന്വേഷണത്തിലൂടെ മാത്രമെ ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഗവേഷണപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എസ്.സി.ഇ.ആർ.ടി. ഈ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തു

ന്നതിനും പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനും **'തുണ'**എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അപ്പർപ്രൈമറി ക്ലാസുകളിലെ കുട്ടികളിൽ പഠനപിന്നാക്കാവസ്ഥയുള്ളവരെ കണ്ടെത്തി അവർക്ക് ഉദ്ഗ്രഥിത മാതൃകയിൽ (പൊതുക്ലാസിൽ ഇരിക്കുന്നതോടൊപ്പം) പ്രത്യേക പരിശീലനംസിദ്ധിച്ച റിസോഴ്സ് അധ്യാപകർവഴി സ്കൂളിൽ വച്ചുതന്നെ ആഴ്ചയിൽ 1 – 2 പീരിയഡ് വീതം വ്യക്തിഗത പഠനബോധന പരിശീലനം കൂടി നൽകി പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. 2017–18 അക്കാദമിക വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ ഗവേഷണപദ്ധതിയാണ് 'തുണ'.

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിലെ രണ്ട് അപ്പർപ്രൈമറി സ്കൂളുകളിലും ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ നാല് അപ്പർപ്രൈമറി സ്കൂളുകളിലും 'തുണ' ഗവേഷണവിദ്യാഭ്യാസ ഇടപെടൽ പദ്ധതി നടത്തി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എത്രത്തോളം പുരോഗമിച്ചുവെന്ന് കണ്ടെത്താനുള്ള ദൗത്യമാണ് 'തുണ' ഇടപെടലിലൂടെ എസ്.സി.ഇ.ആർ.ടി.യും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും ലക്ഷ്യം വച്ചത്.

വ്യക്തമായ കാഴ്ചപ്പാടോടുകൂടി നടപ്പിലാക്കിയ ഈ പദ്ധതിയുടെ വിശകലനം, ഫലപ്രാപ്തി, എന്നിവ ഈ പദ്ധതിയിലൂടെ കുട്ടികൾ ആർജ്ജിച്ച പഠനനിലവാരത്തിന്റെ പുരോഗതിയുടെ വെളിച്ചത്തിൽ വിലയിരുത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഈ പഠനം നിർവ്വഹിച്ചത്.

### 1.3 മുൻ പഠനങ്ങൾ

ഏകദേശം 24 ശതമാനംവരെ കുട്ടികളിൽ പഠനപിന്നാക്കാവസ്ഥ നിലനിൽക്കുന്നതായി 'മാനസ' പഠനം കണ്ടെത്തിയിട്ടുണ്ട് (Jayaprakash & Rajamohanan; 2017)[1]. എന്നാൽ പഠനപിന്നാക്കാവസ്ഥ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും ശരിയായ ഇടപെടൽ നടത്തി അവരെ മുന്നോട്ട് കൊണ്ടുവരുന്നതിനും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് പൂർണ്ണമായും കഴിഞ്ഞിട്ടില്ല.

'തുണ' എന്ന പദ്ധതിയുമായി സമാനത പുലർത്തുന്ന ചില പഠനങ്ങൾ നടന്നിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. സന്തോഷ് (2014)[2] *"ശരാശരി ബൗദ്ധികനിലവാരമുള്ള കുട്ടികളിലെ പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ"* കണ്ടെത്താനുള്ള പഠനം ബീഹാറിൽ നടത്തുകയുണ്ടായി. 125 കുട്ടികളിൽ നടത്തിയ ഈ പഠനം, കുട്ടികളുമായി ബന്ധപ്പെട്ട നിരവധി കാരണങ്ങൾ (ബൗദ്ധിക നിലവാരം, കുടുംബ സാഹചര്യം, സാമൂഹികമായ കാരണങ്ങൾ) കണ്ടെത്തുകയുണ്ടായി.

2. *"കുട്ടികളിലെ പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ"* എന്ന വിഷയത്തിൽ (ഹനീഷ്, കൃഷ്ണകുമാർ, സൗമ്യ, റിയാസ്, 2013)[3] കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയ പഠനം 6 മുതൽ 12 വയസ്സുവരെയുള്ള 110 കുട്ടികളിലായിരുന്നു. സാമൂഹികവും കുടുംബപരവുമായ നിര

വധി കാരണങ്ങൾ പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നുവെന്ന് പഠനം തെളിയിക്കുന്നു.

3. *"പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളിൽ വ്യക്തിഗത വിദ്യാഭ്യാസ പദ്ധതിയുടെ ഫലപ്രാപ്തി"* എന്ന വിഷയത്തിൽ കോഴിക്കോട് കേന്ദ്രമാക്കി നടത്തിയ പഠനത്തിൽ (കൃഷ്ണകുമാർ, ഗീത, രാമകൃഷ്ണൻ, 2006)[4] നിന്നും സാധാരണ സ്കൂളുകളിലെ ഇത്തരം കുട്ടികളിൽ വ്യക്തിഗതവിദ്യാഭ്യാസം പഠനപുരോഗതി ഉണ്ടാക്കിയതായി കണ്ടെത്തി. ഈ പശ്ചാത്തലത്തിൽ, സ്കൂളുകളിൽ റിസോഴ്സ് റൂം നിലവിൽ വരേണ്ടതിന്റെ ആവശ്യകത ഈ പഠനം ചൂണ്ടിക്കാട്ടുകയുണ്ടായി.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ സാധാരണ വിദ്യാലയങ്ങളുടെ നേരെ ചോദ്യചിഹ്നങ്ങളായി നിൽക്കുന്നു. മറ്റുള്ളവരുടെ ഒപ്പമെത്താൻ ഇവർക്ക് കഴിയാതെവരുന്നു. അത്തരം കുട്ടികളോട് ഗ്രഹിക്കാൻ കഴിയാത്ത സംഗതികൾ പഠിക്കാൻ ആവശ്യപ്പെടുന്നതിനുപകരം, ലഘൂകരിച്ച പ്രത്യേകപഠനപദ്ധതിയും അധ്യാപനരീതികളും അവലംബിക്കുന്നത് ഗുണകരമായിരിക്കും.

### 1.4 പഠനത്തിന്റെ ആവശ്യകത

കുട്ടിയുടെ പഠനശേഷിയും നിലവാരവും കേവലം കുട്ടിയുടേതുമാത്രമായ ഒരു ബൗദ്ധികപ്രതിഭാസമല്ല. മറിച്ച് അത് രൂപപ്പെടുത്തുന്നതിൽ കുട്ടിയുമായി ബന്ധപ്പെട്ട ഘടകങ്ങൾക്കൊപ്പം കുടുംബം, സ്കൂൾ, പഠനബോധനരീതി, മാധ്യമ - ഉപഭോഗരീതി എന്നിവയും നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്. പഠിപ്പിൽ പിന്നാക്കം നിൽക്കുന്നതു ബുദ്ധിശക്തിയുടെ കുറവുമാത്രം കൊണ്ടായിരിക്കണമെന്നില്ല. മറ്റുകാരണങ്ങളാലും സംഭവിക്കാം. ശാരീരികമായ അനാരോഗ്യം, തുടർച്ചയായി ക്ലാസിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യങ്ങൾ, അംഗഭംഗം, പ്രതികൂലമായ ഗാർഹിക പരിസ്ഥിതികൾ, മനസ്സിലെ അതിശക്തമായ വൈകാരികക്ഷോഭം എന്നിങ്ങനെ നിരവധി കാരണങ്ങൾ പഠിപ്പിലുള്ള പിന്നാക്കനിലയ്ക്ക് കാരണങ്ങളാണ്. പിന്നാക്കനിലയുടെ കാരണങ്ങൾ അന്വേഷിച്ച് അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ബോധപൂർവമായ ശാസ്ത്രീയ ഇടപെടലിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിച്ച് ഇവരെ ഉത്തമന്മാരും ഭാവിയുടെ മഹത്തായ വാഗ്ദാനങ്ങളുമാക്കി മാറ്റാൻ സാധിക്കും.

### 1.5 പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ

#### 1.5.1 പൊതു ഉദ്ദേശ്യങ്ങൾ

i. യു.പി. തലത്തിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനപുരോഗതിക്കായി ഒരു സമഗ്ര പദ്ധതി വികസിപ്പിക്കുക.

ii. ഇടപെടൽ പഠനത്തിലൂടെ വികസിപ്പിച്ച പദ്ധതിയുടെ പ്രായോഗികത കണ്ടെത്തി വ്യാപിപ്പിക്കുക.

#### 1.5.2 സ്പഷ്ടമായ ഉദ്ദേശ്യങ്ങൾ

i. അപ്പർ പ്രൈമറി തലത്തിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുക.

ii. പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക

iii. പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടിയുള്ള മാർഗങ്ങൾ നിർദേശിക്കുക.

### 1.6 പഠനത്തിന്റെ കാലയളവ്

2017-18 വർഷത്തിലാണ് 'തുണ' പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 2 ൽ നൽകിയിട്ടുണ്ട്.

### 1.7 പ്രതീക്ഷിത ഫലം

ഈ പദ്ധതിയെ സംബന്ധിച്ച് ഒരു വിശകലനാത്മക പഠനം നടത്തേണ്ടതുണ്ട്. പദ്ധതി മറ്റ് സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. ആയതിനാൽ ഈ പദ്ധതിയെ സംബന്ധിച്ച വിശകലനം എസ്.സി.ഇ.ആർ.ടി. നിർവഹിക്കുകയാണ്.

### 1.8 പഠനത്തിന്റെ പരിമിതികൾ

i. 'തുണ' പദ്ധതി മലയാളം വിഷയത്തിൽ മാത്രം ഊന്നൽ നൽകിയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കണക്ക് കൂട്ടാനുള്ള ശേഷി, ഗണിതത്തിലെ അടിസ്ഥാധാരണകൾ എന്നിവയിലെ പിന്നാക്കാവസ്ഥ കൂടി കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടത് അത്യാവശ്യമായിരുന്നു.

ii. 'തുണ' പദ്ധതിയിലെ പഠനതന്ത്രങ്ങളിൽ വിവരവിനിമയ സാങ്കേതിക വിദ്യ (ICT) ഉപയോഗപ്പെടുത്തിയിട്ടില്ല. എന്നാൽ, പഠനപ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ (ICT) സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടത് പഠനം മികവുറ്റതാക്കാൻ അത്യന്താപേക്ഷിതമാണ്.

iii V, VI, VII ക്ലാസുകളിലാണ് 'തുണ' പദ്ധതി നടപ്പിലാക്കിയത്. പഠനപിന്നാക്കാവസ്ഥ ലോവർപ്രൈമറി തലത്തിലും, ഹൈസ്കൂൾ തലതത്തിലും ഉണ്ട്. ഇവ കൂടി കണക്കിലെടുക്കേണ്ടതാണ്. പദ്ധതി വ്യാപിപ്പിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ മേഖലയിൽ പഠനപിന്നാക്കാവസ്ഥയിലുള്ള നിരവധി കുട്ടികൾ ഉൾപ്പെടുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഈ കുട്ടികളെ പഠനത്തിന്റെ മുൻ നിരയിലേയ്ക്ക് കൊണ്ടുവരുന്നതിന്, പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുകയും ഓരോ കുട്ടിയ്ക്കും വ്യക്തിഗത വിദ്യാഭ്യാസം നൽകുകയും വേണം എന്ന തിരിച്ചറിവിൽ രൂപപ്പെട്ട 'തുണ' പദ്ധതിയെ വിശകലനം ചെയ്യുകയും പദ്ധതി വ്യാപിക്കുന്നതിനു വേണ്ട മുന്നൊരുക്കങ്ങൾ പഠനത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തേണ്ടതുമാണ്. ഇതോടൊപ്പം പദ്ധതിയുടെ നടത്തിപ്പിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അതിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും കൂടിയുള്ള നിർദ്ദേശങ്ങൾ ഈ പഠനം മുന്നോട്ട് വെയ്ക്കുന്നതാണ്.

# 2 രീതിശാസ്ത്രവും നടപ്പാക്കലും

'തുണ' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ വിശകലന പഠനത്തിന്റെ രീതിശാസ്ത്രം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### 2.1 രീതി

പരീക്ഷണരീതി, സർവ്വേരീതി, കേസ് സ്റ്റഡി, ഇന്റർവ്യൂ എന്നീ രീതികളാണ് ഈ പഠനത്തിൽ ഉപയോഗിച്ചത്.

### 2.2 ലക്ഷ്യവിഭാഗം

കേരളത്തിലെ അപ്പർപ്രൈമറി തലത്തിൽ പഠിക്കുന്ന പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളും അവരുടെ രക്ഷാകർത്താക്കളുമാണ് ഈ പഠനത്തിലെ ലക്ഷ്യവിഭാഗം.

### 2.3 സാമ്പിൾ

തിരുവനന്തപുരം ജില്ലയിലെ വിതുര, ചിറയിൻകീഴ് എന്നീ രണ്ട് പഞ്ചായത്തുകളിലെ 6 സ്കൂളുകളാണ് പഠനത്തിനായി തിരഞ്ഞെടുത്തത്. (അർബൻ-1, റൂറൽ - 2, കോസ്റ്റൽ - 2, ട്രൈബൽ-1). പ്രസ്തുത സ്കൂളുകളിൽ V,VI,VII ക്ലാസ്സുകളിൽ ആകെ 1215 കുട്ടികളാണ് പഠിക്കുന്നത്. ഇവരിൽ നിന്നും 339 കുട്ടികളെയാണ് അധ്യാപകർ പഠനപിന്നാക്കാവസ്ഥാ പഠനത്തിനായി തിരഞ്ഞെടുത്ത് നൽകിയത്. ഇതിൽ 273 പേരെയാണ് പ്രീ ഇന്റർവെൻഷൻ ടൂൾ പ്രകാരം പഠനപിന്നാക്കാവസ്ഥയുള്ളതായി കണ്ടെത്തിയത്. അതുകൊണ്ട് കുട്ടികളുടെ സാമ്പിൾ 273 ആണ്. പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷകർത്താക്കളായ 273 പേരും സാമ്പിളിൽ ഉൾപ്പെടുന്നു.

പട്ടിക 2.1 – പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ

| ഗ്രാമപഞ്ചായത്ത് | സ്കൂൾ | യു.പി സ്കൂളിലെ മൊത്തം കുട്ടികൾ | അധ്യാപകർ നൽകിയ മൊത്തം കുട്ടികൾ | പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികൾ (%) സ്ക്രീനിംഗിനു ശേഷം |
|---|---|---|---|---|
| വിതുര | ജി.എച്ച്.എസ് ആനപ്പാറ (ട്രൈബൽ) | 85 | 42 | 29 (34.11%) |
| | ഗവ. യു.പി.എസ്, വിതുര (റൂറൽ) | 779 | 169 | 153 (19.64%) |
| ചിറയിൻകീഴ് | പാലവിള യു.പി.എസ്, ചിറയിൻകീഴ് (റൂറൽ) | 187 | 50 | 38 (20.32%) |
| | ഗവ.യു.പി.എസ് ആനത്തലവട്ടം (കോസ്റ്റൽ) | 22 | 13 | 11(50%) |
| | ഗവ.യു.പി.എസ്, ചിറയിൻകീഴ് (അർബൻ) | 100 | 35 | 23(23%) |
| | ഗവ.യു.പി.എസ് പിള്ളയാർകുളം (കോസ്റ്റൽ) | 42 | 30 | 19(45.23%) |
| **ആകെ** | | **1215** | **339** | **273 (22.46%)** |

പദ്ധതി നടപ്പിലാക്കിയ ആറ് സ്കൂളുകളിലെ കുട്ടികളിൽ 23% കുട്ടികൾക്കാണ് പഠന പിന്നാക്കാവസ്ഥയുള്ളതായി കണ്ടെത്തിയത്.

### 2.4 പഠനത്തിനായി ഉപയോഗിച്ച പഠന ഉപാധികൾ

i. പ്രീ-ഇന്റർവെൻഷൻ ടൂൾ (Tool for Scholastic Backwardness Assessment) (അനുബന്ധം - 1)

ii. മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നീ വിഭാഗക്കാർക്കായുള്ള പ്രത്യേകം തയ്യാറാക്കിയ പഠന പ്രവർത്തനങ്ങൾ (അനുബന്ധം - 3)

iii. കുട്ടികളുടെ പോർട്ട്ഫോളിയോ (അനുബന്ധം - 4)

iv. രക്ഷകർത്താക്കൾക്കുള്ള സന്ദർശന ഡയറി (അനുബന്ധം - 5)

v. കേസ് സ്റ്റഡി

vi. ഇന്റർവ്യൂ ഷെഡ്യൂൾ (അനുബന്ധം - 2)

### 2.5 'തുണ' പദ്ധതിയുടെ - നടപ്പാക്കൽ രീതി

പഠനപിന്നാക്കാവസ്ഥയിൽ ഉള്ളവരെ കണ്ടെത്തി പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. നടത്തിയ പ്രത്യേക ഗവേഷണ ഇടപെടൽ പദ്ധതിയാണ് 'തുണ'.

#### 2.5.1 'തുണ' പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ

i. പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളെ മുൻകൂട്ടി കണ്ടെത്തുന്നതിന് അധ്യാപകർക്ക് പ്രായോഗിക പരിശീലനം നൽകുക.

ii. പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രായോഗിക രീതിശാസ്ത്രം (പ്രായോഗിക അക്കാദമിക പ്രവർത്തനങ്ങൾ) വികസിപ്പിക്കുക.

iii. വികസിപ്പിച്ച രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഠനപ്രവർത്തനങ്ങൾ വിനിമയം ചെയ്ത് അതിന്റെ പ്രായോഗികത ഉറപ്പുവരുത്തുക.

#### 2.5.2 പദ്ധതിയുടെ പഠനലക്ഷ്യങ്ങൾ

i. സ്കൂൾ അധ്യാപകരുടെ മേൽനോട്ടത്തിൽ അപ്പർപ്രൈമറി തലത്തിൽ പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തുക.

ii. പ്രത്യേകം പരിശീലനം നൽകി സ്കൂളുകളിൽ വിന്യസിച്ച റിസോഴ്സ് അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ അന്തരീക്ഷത്തിൽ വെച്ച് പഠന പിന്നാക്കാവസ്ഥ ഉണ്ടെന്ന് കണ്ടെത്തിയ കുട്ടികൾക്ക് അവർ പൊതുക്ലാസിൽ ഇരിക്കുന്നതിനോടൊപ്പം ഉദ്ഗ്രഥിത വിദ്യാഭ്യാസ മാതൃകയിൽ ആഴ്ചയിൽ 1-2 പീരിയഡ് ക്രമത്തിൽ വ്യക്തിഗത പഠനബോധന പരിശീലനം കൂടി നൽകുക.

iii. പഠന പിന്നാക്കാവസ്ഥ ഉണ്ടെന്ന് കണ്ടെത്തിയ കുട്ടികളുടെ കുടുംബത്തിൽ പഠനസൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് സ്കൂൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുക.

iv. കുട്ടികളുടെ സ്വഭാവ പ്രശ്നങ്ങൾക്ക് പ്രത്യേക പരിശീലനം സിദ്ധിച്ച റിസോഴ്സ് അധ്യാപകർ വഴി കൗൺസലിംഗ് നൽകുക.


v. അക്കാദമിക വർഷം അവസാനം നിർദിഷ്ട കുട്ടികളുടെ പഠനനിലവാരം എസ്.സി.ഇ.ആർ.ടി. യിലെ മറ്റൊരു ടീം പുനർ വിലയിരുത്തുക.

vi. വിദ്യാഭ്യാസ ഇടപെടൽ മാതൃക വികസിപ്പിക്കുക:

**2.5.3 'തുണ' പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ**

കൃത്യമായ ആസൂത്രണത്തിലൂടെയാണ് പദ്ധതി നടപ്പിൽ വരുത്തിയത്. തുണ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ ഫ്ളോചാർട്ടിൽ ചുവടെ കൊടുത്തിരിക്കുന്നു.

**ഫ്ളോചാർട്ട് 1 : 'തുണ' പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ**



### 2.5.4 വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

ആലോചനായോഗങ്ങൾ, പരിശീലനങ്ങൾ, ശില്പശാലകൾ, അവലോകനയോഗങ്ങൾ എന്നിവ വളരെ ഉപയോഗപ്രദമായ രീതിയിൽ സംഘടിക്കപ്പെട്ടു. അതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2 – 'തുണ' പദ്ധതിയുടെ വിവിധ പ്രവർത്തന വിശദാംശങ്ങൾ**

| ക്രമ നം | ആലോചന യോഗങ്ങൾ/പരിശീലനങ്ങൾ ശിൽപശാലകൾ/അവലോകന യോഗങ്ങൾ | മാസം, വർഷം |
|---|---|---|
| ഘട്ടം 1 | 1) ആലോചനയോഗം (1-ാംഘട്ടം)<br>2) ആലോചനയോഗം (2-ാംഘട്ടം) | ഫെബ്രുവരി 2017 (20.02.2017)<br>മാർച്ച് 2017 (06.03.2017) |
| ഘട്ടം 2 | 3) ടൂൾനിർമാണം (1-ാംഘട്ടം)<br>4) ടൂൾനിർമാണം (2-ാംഘട്ടം) | മാർച്ച് 2017 (25.3.2017 - 27.3.2017)<br>മേയ് 2017 (11.5.2017 - 12.5.2017) |
| ഘട്ടം 3 | 5) ആലോചനയോഗം (3-ാംഘട്ടം)<br>6) റിസോഴ്സ് അധ്യാപകപരിശീലനം (1-ാംഘട്ടം)<br>7) പഠനസാമഗ്രി നിർമാണ ശിൽപശാല | മേയ് 2017 (20.5.17)<br>ജൂൺ 2017 (6.6.2017 - 8.6.2017)<br>ജൂൺ 2017 (9.6.2017 - 10.6.2017 |
| ഘട്ടം 4 | 8) അധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും വേണ്ടിയുള്ള ഒരു അവബോധനയോഗം - വിതുര<br>9) അധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും വേണ്ടിയുള്ള ഒരു അവബോധനയോഗം - ചിറയിൻകീഴ് | ജൂൺ 2017 (16.6.2017)<br>ജൂൺ 2017 (17.6.2017) |
| ഘട്ടം 5 | 10) മാസാവലോകനം<br>11) രക്ഷാകർതൃബോധവൽക്കരണത്തിനു വേണ്ടിയുള്ള ഒരു അവബോധനയോഗം - പാലവിള | ജൂൺ 2017 (26.6.2017)<br>ജൂലായ് 2017 (7.7.2017) |
| ഘട്ടം 6 | 12) മാസാവലോകനം<br>13) രക്ഷാകർതൃബോധവൽക്കരണത്തിനു വേണ്ടിയുള്ള ഒരു അവബോധനയോഗം - പാലവിള<br>14) രക്ഷാകർതൃബോധവൽക്കരണ ആലോചന യോഗം<br>15) രക്ഷാകർതൃബോധവൽക്കരണ പരിപാടി - വിതുര<br>16) മാസവലോകനം - സെപ്തംബർ, ഒക്ടോബർ, നവംബർ<br>17) മോണിറ്ററിംഗ് | ആഗസ്റ്റ് 2017 (10.8.2017)<br>സെപ്തംബർ 2017 (25.9.2017)<br>ഒക്ടോബർ 2017 (4.10.2017)<br>ഒക്ടോബർ 2017 (9.10.2017)<br>നവംബർ 2017 (20.11.2017)<br>ഡിസംബർ 2017 (8.12.2017) |
| ഘട്ടം 7 | 18) റിസോഴ്സ് അധ്യാപകപരിശീലനം<br>19) മോണിറ്ററിംഗ്<br>20) മാസവലോകനം<br>21) പഠനം വിലയിരുത്തൽ<br>22) അവലോകനയോഗം | ഡിസംബർ 2017 (14.12.2017 - 15.12.2017)<br>ജനുവരി 2018 (23.1.2018)<br>ജനവരി 2018 (29.1.2018 - 30.1.2018)<br>ഫെബ്രുവരി 2018 (14.2.2018 - 15.2.2018)<br>ഫെബ്രുവരി 2018 (28.2.2018) |
| ഘട്ടം 8 | 23) റിപ്പോർട്ട് റൈറ്റിംഗ് | മാർച്ച് 2018 (16.3.2018 - 18.3.2018)<br>മേയ് 2018 (15.05.2018 - 18.05.2018)<br>(23.05.2018 - 25.05.2018) |

i. **ആസൂത്രണം**

ചിറയിൻകീഴ്, വിതുര ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, അപ്പർ പ്രൈമറി, സ്കൂളുകളിലെ എച്ച്.എം., പി.ടി.എ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത യോഗം എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ.ജെ.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടി, 'തുണ' ഗവേഷണപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം അഡീഷണൽ പ്രൊഫസറും ശിശുമാനസികാരോഗ്യ വിദഗ്ദ്ധനുമായ ഡോ.ആർ.ജയപ്രകാശ് ആണ് 'തുണ' ഗവേഷണ പദ്ധതിക്ക് വിദഗ്ദ്ധ സേവനം നൽകിയത്. എസ്.സി.ഇ.ആർ.ടി. റിസർച്ച് ഓഫീസർ അഞ്ജന വി.ആർ.ചന്ദ്രനാണ് 'തുണ'യുടെ നേതൃത്വം വഹിച്ചത്. ഈ ആസൂത്രണശിൽപശാലയിൽ റിസോഴ്സ് പേഴ്സൺ തിരഞ്ഞെടുപ്പിനെക്കുറിച്ചും, ടൂൾ നിർമാണശിൽപശാലകളുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചും റിസോഴ്സ് അധ്യാപകർക്ക് നൽകേണ്ട പരിശീലനത്തെക്കുറിച്ചും തീരുമാനിച്ചു.

ii. **റിസോഴ്സ് അധ്യാപകനിയമനം**

ബുദ്ധിവൈകല്യംപോലെ സമാനമേഖലകളിൽ യോഗ്യത നേടി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിപരിചയം ഉള്ള അധ്യാപകരിൽ നിന്ന് അഭിമുഖം നടത്തി ലിസ്റ്റ് തയ്യാറാക്കി. ഈ ലിസ്റ്റിൽ നിന്ന് 30 പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് ഒരു റിസോഴ്സ് ടീച്ചർ എന്ന നിരക്കിൽ ചിറയിൻകീഴ്, വിതുര ഗ്രാമപഞ്ചായത്തുകളിലെ അപ്പർ പ്രൈമറി സ്കൂളുകളിൽ വിന്യസിച്ചു. (അനുബന്ധം -6)

iii. **റിസോഴ്സ് അധ്യാപക പരിശീലനം**

കുട്ടിയുടെ വ്യക്തിഗത പ്രകൃതം വിലയിരുത്തൽ, പഠനപ്രക്രിയ, പഠന പിന്നാക്കാവസ്ഥ കണ്ടെത്തൽ, അവയുടെ ഗ്രേഡിങ്ങ്, കുട്ടിയുടെ സ്വഭാവപ്രശ്നങ്ങൾ കണ്ടെത്തൽ, കുടുംബം വിലയിരുത്തൽ, വ്യക്തിഗത പഠനബോധനരീതി ശാസ്ത്രം, കുടുംബ കൗൺസലിംഗ്, പ്രവർത്തനരേഖ തയാറാക്കി സൂക്ഷിക്കൽ, റിപ്പോർട്ടിങ്ങ് എന്നീ മേഖലകളിൽ പ്രത്യേകം തയാറാക്കിയ മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തി എസ്.സി.ഇ.ആർ.ടി യിൽ വെച്ച് ശിശുമാനസികാരോഗ്യ വിദഗ്ദ്ധർ, ഡയറ്റ് അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നൽകി. അധ്യാപകരുടെ സംശയങ്ങൾക്ക് വിദഗ്ദ്ധർ മറുപടി നൽകുകയും ചെയ്തു. പദ്ധതിയുടെ നടത്തിപ്പുവേളയിൽ ഒരു രണ്ടാംഘട്ട പരിശീലനംകൂടി റിസോഴ്സ് അധ്യാപകർക്ക് നൽകുകയുണ്ടായി. ഈ വേളയിൽ വിദഗ്ദ്ധർ അധ്യാപകരുടെ സംശയങ്ങൾ, പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുകയും തുടർപരിശീലനം നൽകുകയും ചെയ്തു.

iv. **പഠനസാമഗ്രി തയാറാക്കൽ**

എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി, ഡയറ്റ് അധ്യാപകർ, കലാകാരൻമാർ

‘തുണ’ യുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് അധ്യാപകർ, ശിശുമാനസികാരോഗ്യ വിദഗ്ധർ എന്നിവർ പങ്കെടുത്ത ശിൽപശാല യിൽ വെച്ച് വിവിധ ഗ്രേഡിലുള്ള പഠനപിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പാഠവിനിമയവും അനുരൂപീകരണവും ചെയ്യാൻ വേണ്ടിയുള്ള പഠനസാമഗ്രികൾ വികസിപ്പിച്ചെടുത്തു.

ലെറ്റർ കാർഡ്, തീം കാർഡ്, സ്റ്റോറി കാർഡ്, പിക്ചർ സ്റ്റോറി കാർഡ്, റൈംസ് കാർഡ് എന്നിവക്ക് പുറമെ തിരൂർ ഗ്രാമപഞ്ചായത്ത് തയാറാക്കിയ **‘കൂട്ടുകാരി’**, തൃശ്ശൂർ ഡയറ്റ് തയാറാക്കിയ **‘ചുവടുകൾ’** എന്നീ പ്രവർത്തന സഹായികൾ കൈപ്പുസ്തകങ്ങളായി പുനഃപ്രസിദ്ധീകരിച്ച് റിസോഴ്സ് അധ്യാപകർക്ക് നൽകുകയുണ്ടായി. ഇവയെ കൂടാതെ, പ്രത്യേകം തയാറാക്കപ്പെട്ട ലേണിംഗ് മെറ്റീരിയലുകൾ വിനിമയം ചെയ്യേണ്ട രീതികളെക്കുറിച്ച് വീണ്ടും റിസോഴ്സ് അധ്യാപകർക്ക് പരിശീലനം നൽകി.

v. **വിലയിരുത്തലും പഠനബോധനരീതിയും**

ഓരോ റിസോഴ്സ് അധ്യാപകനും തങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട് നൽകിയ പഠന പിന്നാക്കാവസ്ഥയുണ്ടെന്ന് കണ്ടെത്തിയ കുട്ടികളെ നിർദ്ദിഷ്ട വ്യക്തിഗത വിലയിരുത്തൽ രേഖയുടെ അടിസ്ഥാനത്തിൽ വിശദമായി വിലയിരുത്തി അവരുടെ വ്യക്തിഗത സ്വഭാവം, അവരുടെ പഠന നിലവാരം, സവിശേഷമായ കഴിവുകൾ, കുടുംബ പശ്ചാത്തലം എന്നിവ കണ്ടെത്തുകയും അവരുടെ പഠനനിലവാരത്തെ സിവിയർ, മോഡറേറ്റ്, മൈൽഡ് എന്നിങ്ങനെ 3 ഗ്രേഡുകളായി തിരിക്കുകയും ചെയ്തു. മലയാളം അക്ഷരം അറിയാത്തവർ, അക്ഷരം അറിയാം എങ്കിലും അക്ഷരവും ചില്ലുകളും കൂട്ടി വാക്ക് നിർമിക്കാൻ അറിയാത്തവർ, വാക്ക് നിർമ്മിക്കാൻ അറിയാം എന്നാൽ തുടർ വായനശേഷി ഇല്ലാത്തവർ എന്നിങ്ങനെ. തുടർന്ന് ഓരോ കുട്ടിക്കും അവർ പൊതുക്ലാസ്സിൽ ഇരിക്കുന്നതിനോടൊപ്പം അവരുടെ പഠന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ 1–2 പീരിയഡ് വീതം വ്യക്തിഗത പഠന ബോധനപരിശീലനം നൽകി. അക്ഷരം ഒട്ടും അറിഞ്ഞുകൂടാത്ത കുട്ടിക്ക് ചിത്ര കാർഡുകൾ ഉപയോഗിച്ച് ആംഗ്യവും ചിത്രവിവരണവും പടംവരക്കലും ചെയ്ത് കളിക്കുമ്പോൾ തുടർവായനാശേഷി കുറഞ്ഞ കുട്ടിക്ക് ചിത്ര കഥാവായനയായിരിക്കും നടത്തുക. സവിശേഷ കഴിവുകൾ ഉണ്ടെന്ന് കണ്ടെത്തിയ കുട്ടികൾക്ക് അതിലും പരിശീലനം നൽകി. നടത്തുന്ന പ്രവർത്തനങ്ങൾ കുട്ടിയുടെ വ്യക്തിഗത ബുക്കിൽ രേഖപ്പെടുത്തി. കൂടാതെ ഓരോ കുട്ടിയും ചെയ്യുന്ന പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ ആയും സൂക്ഷിച്ചു. ഇതോടൊപ്പം റിസോഴ്സ് ടീച്ചറെ സന്ദർശിക്കുന്ന മാതാപിതാക്കൾക്ക് അവരുടെ കുട്ടികളുടെ പുരോഗതിയെക്കുറിച്ച് രേഖപ്പെടുത്തുന്നതിന് ഒരു വിസിറ്റിങ്ങ് ബുക്കും അധ്യാപകർ സൂക്ഷിക്കുകയുണ്ടായി.

vi. **മോണിറ്ററിംഗ്**

റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിലയിരുത്തി. അതുകൂടാതെ ആഴ്ചതോറും മോണിറ്ററിംഗ്

നടത്തുന്നതിന് ഓരോ റാപ്പോർട്ടിയർമാരെ സന്നദ്ധ സേവനാടിസ്ഥാനത്തിൽ വിതുരയിലും ചിറയിൻകീഴിലും ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ എസ്.സി.ഇ.ആർ.ടി യിൽ വെച്ച് എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റികളും വിദഗ്ധരും അടക്കം പങ്കെടുക്കുന്ന പ്രതിമാസ വിലയിരുത്തലും നടത്തി. എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റിയും വിദഗ്ധരും പങ്കെടുക്കുന്ന സ്കൂൾ സന്ദർശനവും നടത്തി. പദ്ധതി നടക്കുന്ന കാലയളവിൽ വിദഗ്ദ്ധരും, എസ്.സി.ഇ.ആർ.ടി. സംഘവും തിരഞ്ഞെടുത്ത സ്കൂളുകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുകയും പ്രവർത്തനങ്ങൾ കൃത്യമായ രീതിയിലാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. ഈ മോണിറ്ററിംഗിന്റെ അവസരത്തിൽ റിസോഴ്സ് അധ്യാപകരുടെ ക്ലാസ് നിരീക്ഷിക്കുകയും, വർക്ക്ഡയറി, പോർട്ട്ഫോളിയോ എന്നിവ പരിശോധിക്കുകയും ചെയ്തു. പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ നേരിട്ട് കാണുകയും അവർക്ക് ഈ പദ്ധതിയിലൂടെ ഉണ്ടായ മാറ്റങ്ങൾ, പ്രയോജനങ്ങൾ എന്നിവ വിലയിരുത്തുകയും ചെയ്തു.

vii. **അവബോധ യോഗങ്ങൾ**

റിസോഴ്സ് അധ്യാപകർ, സ്കൂളുകളിലെ മറ്റ് അധ്യാപകർ, പഞ്ചായത്തുകളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, റാപ്പോർട്ടിയർമാർ, പഞ്ചായത്തുതല പദ്ധതി ചുമതലയുള്ളവർ, പിടിഎ പ്രസിഡന്റുമാർ, മദേർസ് പിടിഎ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അവബോധയോഗങ്ങൾ വിതുരയിലും ചിറയിൻകീഴും വച്ച് നടത്തി. ഈ യോഗങ്ങളിൽ റിസോഴ്സ് അധ്യാപകരെ വിദഗ്ദ്ധർ പരിചയപ്പെടുത്തി. കൂടാതെ ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കുകയും, പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്താൻ പരിശീലിപ്പിക്കുകയും ഈ പദ്ധതിക്ക് പ്രധാനാധ്യാപകൻ, മറ്റ് അധ്യാപകർ എന്നിവർ എന്തൊക്കെ പിന്തുണ എങ്ങനെയൊക്കെ നൽകാമെന്നും വിശദീകരിക്കുകയും ചെയ്തു.

viii. **ബോധവൽക്കരണ യോഗങ്ങൾ**

ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വിജയത്തിനും ബോധവൽക്കരണ യോഗങ്ങൾ അനിവാര്യമായിരുന്നു. കുടുംബങ്ങളിൽ പഠനസൗഹൃദാന്തരീക്ഷം എങ്ങനെ സൃഷ്ടിക്കാം എന്നതായിരുന്നു വിഷയം. ഈ വിഷയത്തെ അധീകരിച്ച് ബന്ധപ്പെട്ട രണ്ട് പഞ്ചായത്തുകളിൽ വച്ച് ബോധവൽക്കരണയോഗങ്ങൾ നടത്തി. രണ്ട് ഘട്ടങ്ങളിലായി നടന്ന ഈ യോഗങ്ങളിൽ വിദഗ്ദ്ധർ, റിസോഴ്സ് അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.

പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ വീട്ടിലെ സാഹചര്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കുകയാണ് ആദ്യം ചെയ്തത്. തുടർന്ന് വിദഗ്ദ്ധർ അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ നിർദേശിച്ചു. മാത്രമല്ല കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ചും, അവരുടെ നല്ല ഇടപെടൽ കുട്ടികളിൽ വരുത്തിയേക്കാവുന്ന ഗുണാത്മകമായ മാറ്റങ്ങളെക്കുറിച്ചും വിശദീകരിച്ചു. തുടർന്ന് രക്ഷിതാ


ക്കൾ കുട്ടികളുടെ മറ്റ് പ്രശ്നങ്ങളെക്കുറിച്ച് അധ്യാപകരുമായി ചർച്ച ചെയ്യേണ്ട ആവശ്യകതയും ചൂണ്ടിക്കാണിച്ചു.

ix. **പഠന പുരോഗതിയുടെ വിലയിരുത്തൽ:** 'തുണ' പദ്ധതിയുടെ അവസാനഘട്ടത്തിൽ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ വിലയിരുത്തൽ നടത്തുകയുണ്ടായി. അദ്യഘട്ടത്തിൽ റിസോഴ്സ് അധ്യാപകർ സ്വന്തം കുട്ടികളെ വിലയിരുത്തി. രണ്ടാംഘട്ടത്തിൽ ഇവർ സംഘങ്ങളായി തിരിഞ്ഞ് മറ്റ് സ്കൂളുകൾ സന്ദർശിച്ച് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി. ഇതുകൂടാതെ പുറത്തുനിന്നുള്ള ഒരു വിദഗ്ദ്ധ സംഘം തിരഞ്ഞെടുത്ത എല്ലാ സ്കൂളുകളും സന്ദർശിക്കുകയും കുട്ടികളുടെ പഠന പുരോഗതി വസ്തുനിഷ്ഠമായി വിലയിരുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ആർജിച്ച പഠനനേട്ടം ക്രോഡീകരിച്ചു.

### 2.5.5 റിസോഴ്സ് അധ്യാപകരുടെ പഠന ഇടപെടൽ രീതി

'തുണ' പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, റിസോഴ്സ് അധ്യാപകർ ക്ലാസ്സ് മുറികളിൽ സ്ക്രീനിംഗും വിവിധ പഠന ഇടപെടൽ രീതികളും നടത്തിയിട്ടുണ്ട്. ഫ്ളോചാർട്ട് 2 കാണുക

**ഫ്ളോചാർട്ട് 2 : പഠന ഇടപെടൽ രീതി**



### 2.5.6 വിദ്യാർഥികളെ തെരഞ്ഞെടുക്കലും തരംതിരിക്കലും പ്രവർത്തന ങ്ങളും

ജൂൺ മാസം ഒന്നാംതീയതി മുതൽ സ്കൂളുകൾ പ്രവർത്തിച്ചുതുടങ്ങി. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ ലിസ്റ്റ് 5,6,7 ക്ലാസുകളിലെ അധ്യാപകർ നൽകിയതിൻപ്രകാരം കുട്ടികളെ സ്ക്രീനിംഗിന് വിധേയമാക്കി.

#### 2.5.6.1 സ്ക്രീനിംഗ്

- 5, 6, 7 ക്ലാസുകളിലെ ക്ലാസ് ടീച്ചർമാർ പഠന പിന്നാക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയതിൽ നിന്നും പഠന പിന്നാക്കാവസ്ഥയുള്ളവരെ കണ്ടെത്തി അവരെ സിവിയർ, മോഡറേറ്റ്, മൈൽഡ് എന്നിങ്ങനെ പഠന പിന്നാക്കാവസ്ഥ വിലയിരുത്തൽ ഉപാധിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു.

- ഇത് കണ്ടെത്തുന്നതിന് ഓരോ കുട്ടിയെയും വ്യക്തിഗതമായി ചില അക്ഷരങ്ങൾ, ചിഹ്നങ്ങളോടുകൂടിയ അക്ഷരങ്ങൾ എന്നിവ എഴുതി നൽകി വായിക്കുവാനാവശ്യപ്പെട്ടു. നിർദ്ദേശിക്കുന്ന അക്ഷരങ്ങൾ എഴുതുവാനും അവസരം നൽകി. അക്ഷരങ്ങൾ ശരിയായി തിരിച്ചറിയാൻ കഴിയാത്ത കുട്ടികളെ സിവിയർ വിഭാഗത്തിലേക്ക് പരിഗണിച്ചു. അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ വായിക്കുവാൻ കഴിയാത്ത കുട്ടികളെ മോഡറേറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി. കുട്ടികൾക്കുള്ള കഥകൾ വായനയ്ക്ക് നൽകി. വാക്കുകൾ തുടർച്ചയായി വായിക്കുവാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിച്ച് തുടർവായനയില്ലാത്ത കുട്ടികളെ മൈൽഡ് വിഭാഗത്തിൽ ഉൾപ്പെടുത്തി. ഈ മൂന്ന് വിഭാഗത്തിലെ കുട്ടികളെക്കാൾ നിലവാരം പ്രകടമാക്കുന്ന കുട്ടികളെ നോർമൽ വിഭാഗമായി പരിഗണിച്ച് ഒഴിവാക്കി. ഒരു റിസോഴ്സ് ടീച്ചറിന് പരമാവധി 30 കുട്ടികൾ എന്ന ക്രമത്തിൽ എണ്ണം നിജപ്പെടുത്തി.

#### 2.5.6.2 കുട്ടികളെ തരംതിരിക്കൽ

ലിസ്റ്റ് പ്രകാരം ഓരോ കുട്ടിയെയും വിളിച്ച് കുട്ടിയുടെ വായനശേഷി, ലേഖനശേഷി എന്നിവ പരിശോധിച്ച് കുട്ടികളെ തിരഞ്ഞെടുക്കുകയും മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നിങ്ങനെ തരംതിരിക്കുകയും ചെയ്തു.

- ■ മൈൽഡ് വിഭാഗം

  അക്ഷരങ്ങൾ അറിയാവുന്നതും ചെറിയ വാക്കുകൾ ഉണ്ടാക്കാൻ കഴിയുന്നതും എന്നാൽ തുടർവായന ശേഷി ഇല്ലാത്തതുമായ കുട്ടികൾ.

- ■ മോഡറേറ്റ് വിഭാഗം

  അക്ഷരങ്ങൾ അറിയാമെങ്കിലും ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കാൻ കഴിയാത്തതും വാക്കുകൾ വായിക്കുവാൻ കഴിയാത്തതുമായ കുട്ടികൾ.

- ■ സിവിയർ വിഭാഗം

  - അക്ഷരങ്ങൾ തിരിച്ചറിയാത്ത കുട്ടികൾ

കുട്ടികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചശേഷം ഓരോ വിഭാഗത്തിനും അനുയോജ്യമായതരത്തിൽ ക്ലാസുകൾ നൽകുന്നതിനായി ടൈംടേബിൾ ക്രമീകരിച്ചു.

ഒരു പീരിയഡിൽ ഒരു കുട്ടി എന്ന ക്രമത്തിൽ ഒരു ദിവസം എട്ട് പീരിയഡ് നടത്തി സിവിയർ വിഭാഗത്തിലെ കുട്ടികൾക്ക് ആഴ്ചയിൽ കുറഞ്ഞത് രണ്ട് ക്ലാസ് വീതം ലഭിച്ചു. മോഡറേറ്റ് വിഭാഗത്തിനും മൈൽഡ് വിഭാഗത്തിനും ആഴ്ചയിൽ കുറഞ്ഞത് ഒരു ക്ലാസ് എന്ന തരത്തിൽ വ്യക്തിഗത പഠനബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. നിർദ്ദിഷ്ട പിരീയഡിൽ കുട്ടി ഹാജരായിട്ടില്ലെങ്കിൽ ടൈംടേബിൾ പ്രകാരം തൊട്ടടുത്ത ദിവസത്തെ ഒരു കുട്ടിയെ വിളിച്ച് ക്ലാസ് നൽകുകയും ഹാജരാകാതിരുന്ന കുട്ടിയെ അടുത്ത ദിവസം പരിഗണിക്കുകയും ചെയ്തു. സ്കൂളിലെ ദിവസേനയുള്ള പഠന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സ്കൂളിലെ തന്നെ ഒരു അധ്യാപകൻ റാപ്പോർട്ടിയറായി പ്രവർത്തിച്ചു. ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങളും മികവും പോരായ്മയും പരിശോധിക്കുന്നതിനും വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനുമായി പഞ്ചായത്തിൽ നിന്നും ഒരു കോ-ഓർഡിനേറ്ററേയും നിയമിച്ചു. ടൈംടേബിൾ അനുസരിച്ചുള്ള ക്ലാസുകൾ 26.06.2017 മുതൽ ആരംഭിച്ചു.

**2.5.6.3 പഠന പ്രവർത്തനങ്ങൾ**

ഓരോ വിഭാഗത്തിനും വ്യത്യസ്ത പ്രവർത്തനങ്ങൾ കൊടുത്തു. അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**(i) സിവിയർ വിഭാഗത്തിന് നൽകിയ പ്രവർത്തനങ്ങൾ**

- കുട്ടികളിൽ ആശയരൂപീകരണം ഉണ്ടാക്കുവാൻ സഹായിക്കുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.
- കളികളിലൂടെയും കുട്ടികൾക്ക് താൽപര്യമുള്ള പ്രവർത്തനങ്ങളിലൂടെയും സൗഹൃദാന്തരീക്ഷം ഉണ്ടാക്കിയെടുത്തു.
- ചിത്രക്കാർഡുകൾ പരിചയപ്പെടുത്തുകയും ചിത്രക്കാർഡിൽ കാണുന്നവ പറയുകയും ചെയ്യുന്ന പ്രവർത്തനം
- ചിത്രകഥ വായിച്ചു കേൾപ്പിക്കൽ പ്രവർത്തനം
- കുട്ടികൾക്ക് അറിയാവുന്ന കഥ, കവിത, എന്നിവ പറയിപ്പിക്കൽ
- കുട്ടികളുടെ അന്തർമുഖത്വം മാറ്റുന്നതിനായി ചിത്രങ്ങൾ മുഖത്തോട് ചേർത്തുവെച്ച് അംഗവിക്ഷേപങ്ങളോടും ആംഗ്യങ്ങളോടും ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുമുള്ള അവതരണം.
- ആക്ഷൻപാട്ടുകൾ അവതരിപ്പിച്ച് കുട്ടികളുടെ ശ്രദ്ധ നേടൽ പ്രവർത്തനം.
- കുട്ടികളുടെ ഏകാഗ്രത മെച്ചപ്പെടുത്തുന്നതിന് കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുന്ന പ്രവർത്തനം
- ചിത്രങ്ങൾക്ക് അനുയോജ്യമായ നിറം നൽകുകയും ചിത്രങ്ങൾ വെട്ടിയൊട്ടിക്കുകയും ചെയ്യുന്ന പ്രവർത്തനം
- ചിത്രങ്ങളിലെ വ്യത്യാസം കണ്ടെത്തൽ പ്രവർത്തനം
- അക്ഷരക്കാർഡുകൾ കണ്ടെത്തൽ പ്രവർത്തനം

- അക്ഷരക്കാർഡുകൾ പരിചയപ്പെടൽ, അക്ഷരക്കാർഡിലെ അക്ഷ രങ്ങൾ തിരിച്ചറിയൽ പ്രവർത്തനം

*ഇവ കൂടാതെ റിസോഴ്സ് അധ്യാപകർ സ്വയം കണ്ടെത്തി നൽകിയ പ്രവർത്ത നങ്ങൾ*

- അക്ഷരങ്ങൾ ഉപയോഗിച്ച് മരം, മാല, മല എന്നിവ തയ്യാറാക്കൽ
- കഥാഭാഗത്തുനിന്നും പഠിച്ച അക്ഷരങ്ങൾ കണ്ടെത്തി അടയാളപ്പെ ടുത്തൽ
- വഴികണ്ടെത്തൽ, ചിത്രം പൂർത്തിയാക്കൽ, നിറം നൽകൽ, ഒറ്റപ്പെ ട്ടവ കണ്ടെത്തൽ എന്നിങ്ങനെ കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- പഠിച്ച അക്ഷരങ്ങൾ ഉറയ്ക്കുന്നതിനായി അതേ അക്ഷരങ്ങൾ വരുന്ന വാക്കുകൾകൊണ്ട് പദസൂര്യൻ തയ്യാറാക്കുകയും വാക്കു കൾ പകർത്തിയെഴുതുകയും ചെയ്യുന്ന പ്രവർത്തനം.

  ഇത്തരം പ്രവർത്തനങ്ങളിലൂടെ സിവിയർ വിഭാഗത്തിലെ കുട്ടികൾ കടന്നുപോവുകയും ചെയ്തു.

**(ii) മോഡറേറ്റ് വിഭാഗത്തിന് നൽകിയ പ്രവർത്തനങ്ങൾ**

- അക്ഷരക്കാർഡുകൾ നൽകി അതിൽ നിന്നും വാക്കുകൾ കണ്ടെ ത്തൽ
- ചിത്രക്കാർഡ് വിവരണം
- ചിത്രത്തിലുള്ളത് കണ്ടെത്തി പറയുക.
- അക്ഷരക്കാർഡുകളും ചിഹ്നങ്ങളും ചേർത്ത് വാക്ക് നിർമ്മാണം
- ചിത്രങ്ങൾക്ക് നിറം നൽകി, ചിത്രം വെട്ടി ഒട്ടിക്കൽ
- പ്രത്യേക അക്ഷരങ്ങളോ ചിഹ്നങ്ങളോ വരുന്ന വാക്കുകൾ എഴുതു ന്നതിന് ചിത്രങ്ങൾ വെട്ടി ഒട്ടിക്കൽ, വാക്കുകൾ ആവർത്തിച്ച് എഴു തൽ പ്രവർത്തനം
- ചിഹ്നങ്ങൾ പരിചയപ്പെടൽ, തുടർന്ന് കഥാഭാഗത്തു നിന്നും നിർദ്ദേ ശിക്കുന്ന ചിഹ്നങ്ങളുടെ വാക്കുകൾ കണ്ടെത്തൽ പ്രവർത്തനം
- ചിത്രകഥാ കാർഡുകൾ നോക്കി കഥ പറയൽ പ്രവർത്തനം
- കഥ വായിച്ചു നൽകി ആശയം മനസ്സിലാക്കുന്നുണ്ടോ എന്ന് മന സ്സിലാക്കുന്നതിന് ചോദ്യങ്ങൾ ചോദിച്ച് കഥയിൽ ശ്രദ്ധ നില നിർത്തുന്ന പ്രവർത്തനം
- തുടർപ്രവർത്തനങ്ങൾ (രക്ഷകർത്താവിന്റെ സഹായത്തോടെയും കുട്ടിക്ക് സ്വയവും ചെയ്യാവുന്നവ).

ഇവ കൂടാതെ,

- കേട്ടെഴുത്ത്

- കഥയിൽ നിന്നും നിർദ്ദേശിക്കുന്ന ചിഹ്നങ്ങൾ കണ്ടെത്തി വാക്ക് വായന, ലിസ്റ്റ് ചെയ്യൽ
- കുട്ടികളുടെ മറ്റ് കഴിവുകൾ കണ്ടെത്തി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ
- അക്ഷരങ്ങളുടെ കൂട്ടത്തിൽ നിന്നും തെരഞ്ഞെടുത്ത അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മാണം.

ഇത്തരം പ്രവർത്തനങ്ങൾ മോഡറേറ്റ് വിഭാഗത്തിലെ മിക്ക കുട്ടികളെയും മൈൽഡ് വിഭാഗത്തിലേക്ക് ഉയരുന്നതിന് സഹായിച്ചതായി റിസോഴ്സ് അധ്യാപകർ അഭിപ്രായപ്പെട്ടു

**(iii) മൈൽഡ് വിഭാഗത്തിന് നൽകിയ പ്രവർത്തനങ്ങൾ**

- ചിത്രത്തിനു നിറം നൽകൽ, ചിത്രം വെട്ടി ഒട്ടിക്കൽ
- ചിത്രകഥാ കാർഡുകൾ പരിചയപ്പെടുത്തുന്നതിൽ നിന്നും കഥ രൂപപ്പെടുത്തൽ
- വിവിധ തരത്തിലുള്ള പദപ്രശ്നങ്ങൾ നൽകൽ
- വാക്കുകൾ പരിചയപ്പെടുത്തലും പരിചയപ്പെടുത്തിയ വാക്കുകൾ വായിപ്പിക്കലും, ശേഷം എഴുതിപ്പിക്കലും.
- ചിത്രകഥകൾ വായിക്കൽ
- തുടർവായനശേഷി വളർത്തുവാൻ വേണ്ടി കഥകൾ വായിപ്പിക്കൽ, വീണ്ടും വായിച്ചുകൊണ്ട് തെറ്റ് തിരുത്തൽ. ഇതിനോടൊപ്പം തന്നെ ഖണ്ഡികകൾ വായിപ്പിക്കൽ, ഖണ്ഡിക തുടർവായന നടത്തി, പകർത്തി എഴുതൽ
- വാക്കുകൾ നൽകി, അതിൽ നിന്നും വാക്യങ്ങൾ ഉണ്ടാക്കൽ
- ചിത്രം നൽകി, ചിത്രത്തെക്കുറിച്ച് പറയിക്കുകയും എഴുതിക്കുകയും ചെയ്യൽ
- കഥാഭാഗങ്ങൾ വായിക്കുകയും അവ പകർത്തി എഴുതി വരുന്നതിനുമുള്ള തുടർപ്രവർത്തനങ്ങൾ നൽകൽ

**(iv) റിസോഴ്സ് അധ്യാപകർ സ്വയം കണ്ടെത്തി നൽകിയ പ്രവർത്തനങ്ങൾ**

- കഥ, കവിത എന്നിവ പൂർത്തിയാക്കുന്ന പ്രവർത്തനം
- വിഷയം നൽകി അതിൽ നിന്നും പുതിയ കഥ, കവിത എഴുതുന്ന പ്രവർത്തനം
- വായിച്ചുകൊടുക്കുന്ന കഥാഭാഗം കേട്ടെഴുതൽ. നോക്കി എഴുതൽ. സ്വയം താരതമ്യം ചെയ്ത് തെറ്റ് കണ്ടെത്തൽ

**2.5.6.4 പഠനസാമഗ്രികൾ**

ഓരോ വിഭാഗത്തിലുമുള്ള കുട്ടികൾക്ക് അനുയോജ്യമായ പഠനസാമഗ്രികൾ ഉപയോഗിക്കുകയുണ്ടായി.

(i) **കുട്ടികൾക്കായുള്ള പഠനസാമഗ്രികൾ**

- അക്ഷരക്കാർഡുകൾ
- വാക്കുകൾ അടങ്ങിയ ചിത്രങ്ങൾ
- ചിത്രക്കാർഡുകൾ
- കഥാകാർഡുകൾ
- ചിത്രകഥാകാർഡുകൾ
- ചിത്രകവിതാ കാർഡുകൾ
- നിറം നൽകുന്നതിനുള്ള ചിത്രങ്ങൾ
- തുണ പാഠപുസ്തകം ഭാഗം 1
- തുണ പാഠപുസ്തകം ഭാഗം 2

**മുകളിൽ സൂചിപ്പിച്ച പഠനസാമഗ്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഇവയുടെ ഓരോ മാതൃക അനുബന്ധം 3ൽ കൊടുത്തിരിക്കുന്നു.)**

■ **അക്ഷര കാർഡുകൾ**

ഓരോ അക്ഷരങ്ങൾ പ്രത്യേകം പ്രത്യേകം തിരഞ്ഞെടുക്കാൻ കഴിയുന്ന രീതിയിലാണ് അക്ഷരക്കാർഡുകൾ തയ്യാറാക്കിയിരിക്കുന്നത്. അക്ഷര ക്കാർഡുകൾ പ്രധാനമായും സിവിയർ, മോഡറേറ്റ് വിഭാഗത്തിലെ കുട്ടിക ൾക്കാണ് ഉപയോഗിക്കാവുന്നത്. സിവിയർ കുട്ടികൾക്കാണെങ്കിൽ ഓരോ കാർഡായി നൽകി ഏതൊക്കെ അക്ഷരങ്ങളാണ് എന്ന് കാണിച്ചു മനസ്സി ലാക്കാൻ കഴിയുന്നു. മോഡറേറ്റ് വിഭാഗത്തിലെ കുട്ടികൾക്കാണെങ്കിൽ ഈ അക്ഷരക്കാർഡുകൾ ചേർത്ത് വാക്കുകൾ ഉണ്ടാക്കുന്നതിനും ഉണ്ടാക്കിയ വാക്കുകൾ വായിക്കുന്നതിനും സഹായകമാണ്.

ഉദാ. റ    ത

■ **വാക്കുകളോട് കൂടിയ ചിത്ര കാർഡുകൾ**

ചിത്രങ്ങളോടൊപ്പം തന്നെ അവയുടെ പേരുകൂടി ഉൾപ്പെടുത്തിയിട്ടുള്ള പഠനസാമഗ്രികളാണിവ. മൃഗങ്ങൾ, ഫലങ്ങൾ, പൂക്കൾ, വാഹനങ്ങൾ, എന്നിവയുടെ ചിത്രങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ പഠ നസാമഗ്രി പ്രധാനമായും സിവിയർ വിഭാഗത്തിലെ കുട്ടികൾക്കാണ് ഉപയോഗിക്കുന്നത്.

ഉദാ : തത്തയുടെ ചിത്രം അതിനു ചുവടെ 'തത്ത' എന്നെഴുതിയിരിക്കു ന്നു.

■ **ചിത്ര കാർഡുകൾ**

ചിത്രക്കാർഡുകളിൽ ഒന്നിലധികം ചിത്രം ചേർന്നിട്ടുണ്ടാകും. ഒരു സംഭ വം അല്ലെങ്കിൽ ഒരു ദൃശ്യം എന്നിവയാണ് ചിത്രക്കാർഡിൽ ഉൾപ്പെടു ത്തിയിരിക്കുന്നത്. ചിത്രക്കാർഡു വഴി എല്ലാ വിഭാഗത്തിലെ കുട്ടി കൾക്കും പഠനപ്രവർത്തനങ്ങൾ നൽകുവാൻ സാധിക്കും.

സിവിയർ വിഭാഗത്തിലെ കുട്ടികൾക്കാണെങ്കിൽ ഈ ചിത്രക്കാർഡുകൾ കാണിച്ചുകൊണ്ട് അതിൽ എന്തെല്ലാം കാണാൻ കഴിയുന്നു എന്നും, അവ ഏതൊക്കെയാണ് എന്നും ചോദിച്ചു മനസ്സിലാക്കുവാൻ കഴിയുന്നു. കൂടാതെ സിവിയർ വിഭാഗത്തിലെ കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഈ ചിത്രക്കാർഡുകൾ പ്രയോജനകരമാണ്.

മോഡറേറ്റ് വിഭാഗത്തിലെ കുട്ടികൾക്ക് ഈ ചിത്രക്കാർഡുകൾ നോക്കി അതിനുള്ളിലുള്ളവ എടുത്തെഴുതാനുള്ള പ്രവർത്തനം നൽകാൻ കഴിയും. മൈൽഡ് വിഭാഗത്തിലെ കുട്ടികൾക്ക് ചിത്രക്കാർഡുകൾ നൽകി അതിൽനിന്നും കണ്ട കാര്യങ്ങൾ വാക്യങ്ങളായി എഴുതുവാനും, പിന്നീട് ചിത്രത്തെത്തന്നെ കഥയായി മാറ്റാനും വേണ്ടിയുള്ള പ്രവർത്തനം നൽകാം.

ഉദാ : ഒരു ഉത്സവത്തിന്റെ ചിത്രം, കാടിന്റെ ചിത്രം, പച്ചക്കറിക്കടയുടെ ചിത്രം, ചന്തയുടെ ചിത്രം, മുതലായവ

- **ചിത്രകഥാ കാർഡുകൾ**

ചെറിയ ചെറിയ കഥകളോട് കൂടിയ പഠനസാമഗ്രിയാണിവ. ചിത്രങ്ങൾ ഉൾപ്പെടുത്തി കഥാകാർഡുകൾ ഭംഗിയാക്കിയിട്ടുണ്ട്. മൈൽഡ്, മോഡറേറ്റ് വിഭാഗത്തിലെ കുട്ടികൾക്ക് ചിത്രകഥാകാർഡുകൾ ഏറെ പ്രയോജനകരമാണ്.

- **കഥാ കാർഡുകൾ**

ചിത്രങ്ങൾ ഉൾപ്പെടുത്താതെയുള്ള കഥാഭാഗങ്ങൾ ചേർത്തുള്ള പഠനസാമഗ്രിയാണ് കഥാകാർഡുകൾ. കൂടുതലായും മൈൽഡ് വിഭാഗത്തിലെ കുട്ടികൾക്കാണ് ഈ പഠനഉപകരണം ഉപയോഗിക്കുന്നത്.

- **ചിത്രങ്ങളോടുകൂടിയ ചെറിയ കവിതാ കാർഡുകൾ**

ചിത്രങ്ങളുൾപ്പെടുത്തിയ കവിതാകാർഡുകൾ ഏറെ പ്രയോജനകരമായ പഠന ഉപകരണമാണ്. എല്ലാ വിഭാഗം കുട്ടികൾക്കും ഈ ചിത്രകവിതാകാർഡുകൾ ഉപയോഗിക്കാവുന്നതാണ്. ചിത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കുട്ടികളുടെ ശ്രദ്ധയെ കേന്ദ്രീകരിക്കുവാൻ കഴിയുന്നു.

- **നിറം നൽകുന്നതിനുള്ള ചിത്രങ്ങൾ**

നിറം നൽകുന്നതിനുള്ള ചിത്രങ്ങൾ ബാലമാസികകളിൽ നിന്നും ശേഖരിച്ച് അത് കുട്ടികൾക്കായി നൽകുന്നു. അനുയോജ്യമായ നിറം നൽകുന്നതിനും, കുട്ടികളിലെ കൈവിരലുകളുടെ വഴക്കം, അവരുടെ താത്പര്യം എന്നിവ വളർത്താൻ സഹായിക്കുകയും ചെയ്യുന്നു.

**(ii) അധ്യാപകർ സൂക്ഷിക്കുന്ന സാമഗ്രികൾ**

- പഠനപ്രവർത്തനങ്ങളുടെ ആസൂത്രണരേഖ/വർക്ക് ഡയറി
- കുട്ടികളുടെ വ്യക്തിഗത വിലയിരുത്തൽ ബുക്ക്
- നിറം നൽകുന്നതിനുള്ള കളർ പെൻസിലുകൾ, കത്രിക

- രക്ഷാകർത്തൃ സന്ദർശന ഡയറി
- കുട്ടികളുടെ പ്രവർത്തനങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ള വ്യക്തിഗത പോർട്ട്ഫോളിയോകൾ.

■ **വർക്ക് ഡയറി**

കുട്ടികൾക്ക് കൊടുക്കുന്നതായ പ്രവർത്തനങ്ങൾ അധ്യാപകർ മുൻകൂട്ടി ആസൂത്രണം ചെയ്തുവയ്ക്കുന്നതാണ് വർക്ക് ഡയറി. ഓരോ ദിവസവും എന്തു പഠിപ്പിക്കുന്നു എന്നും കുട്ടികൾ എന്തു ചെയ്യുന്നുവെന്നും അടുത്ത ദിവസം എന്തു പ്രവർത്തനം നൽകണം അല്ലെങ്കിൽ എന്തു ചെയ്യിപ്പിക്കണെമെന്നുള്ളതും ഈ ഡയറിയിൽ പ്രതിപാദിച്ചിട്ടുണ്ട്. പിന്നെ ഓരോ ദിവസവും എന്തു നടന്നു എന്നുള്ളതിന്റെ രേഖപ്പെടുത്തലുകളും ഇതിൽ എഴുതുന്നുണ്ട്. ഈ ഡയറിയിൽ എഴുതുന്ന ഓരോ ആഴ്ചത്തേയും പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വാരാന്ത്യവലോകനയോഗത്തിനു ശേഷം എസ്.സി.ഇ.ആർ.ടി യ്ക്ക് റിപ്പോർട്ട് ചെയ്യും.

■ **കുട്ടികളുടെ വ്യക്തിഗത വിലയിരുത്തൽ ബുക്ക്**

കുട്ടികളുടെ വ്യക്തിഗത കുടുംബവിവരങ്ങൾ രേഖപ്പെടുത്തുന്നതോടൊപ്പം ഓരോ ദിവസത്തേയും പഠന പ്രവർത്തനങ്ങളാണ് രേഖപ്പെടുത്തിയിരുന്നത്. ഓരോ ദിവസത്തേയും പ്രവർത്തനങ്ങൾ നൽകിയപ്പോഴുള്ള കുട്ടിയുടെ പ്രതികരണവും രേഖപ്പെടുത്തിയിരുന്നു. കൂടാതെ യഥാസമയം വ്യത്യസ്ത വിഭാഗങ്ങളിൽ (Mild, Moderate, Severe) വരുന്ന മാറ്റവും പ്രത്യേകം രേഖപ്പെടുത്തിയിരുന്നു.

■ **പോർട്ട്ഫോളിയോ**

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ദിവസത്തെയും കുട്ടികളുടെ സൃഷ്ടികളുടെയും പഠനശേഷികളുടെയും ശേഖരണമാണ് ഇത്. പേപ്പറിൽ എഴുതിപ്പിക്കുകയും അത് ശേഖരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷിക്കുന്നവയിൽ അവരുടെ കഴിവു തെളിയിക്കുന്ന പല പ്രവർത്തനങ്ങളും ഉണ്ട്. (അനുബന്ധം - 4)

ഉദാ : ചിത്രം വരയ്ക്കുന്നത്, കവിത എഴുതുന്നത്, കഥ എഴുതുന്നത്, നിറം കൊടുക്കുന്നത്

ഇത് കുട്ടിയുടെ പഠനത്തിലുപരി അവരിലുളവാക്കുന്ന കഴിവുകളെയാണ് പുറത്തുകൊണ്ടു വരാൻ സഹായിക്കുന്നത്. ഒറ്റനോട്ടത്തിൽ ഒരു പോർട്ട്ഫോളിയോ നോക്കുന്ന ഒരാൾക്ക് കുട്ടിയുടെ പഠനപുരോഗതിയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകുന്നു.

(iii) **രക്ഷാകർത്തൃ സന്ദർശന ഡയറി**

കുട്ടികളിലെ പഠനപുരോഗതിയെക്കുറിച്ചും, സ്വാഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും പറയുന്നതിലേക്കും അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിലേക്കുമായി രക്ഷകർത്താക്കൾ സ്കൂളിൽ വരികയും സന്ദർശന ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികളുടെ മാറ്റങ്ങളെക്കുറിച്ചും ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും അവർ ഡയറി

യിൽ കുറിച്ചിടാറുണ്ട്. ആയതിനാൽ ഈ ഡയറി വായിക്കുന്ന ഏതൊരാൾക്കും പദ്ധതിയുടെ മികവിനെക്കുറിച്ച് ബോധ്യമാകും. (അനുബന്ധം-5)

**2.5.6.5 പഠനപ്രവർത്തനങ്ങളും ബോധനരീതിയും**

■ **സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ**

- ചിത്രങ്ങളിൽ വഴി വരച്ച് യോജിപ്പിക്കൽ, കുത്തുകളിലൂടെ ചിത്രം വരയ്ക്കൽ, ചിത്രം പൂർത്തിയാക്കൽ തുടങ്ങിയവ.
- കുട്ടികളുടെ സർഗ്ഗവാസനയുമായി ബന്ധപ്പെട്ട ചിത്രരചന, കവിതാപാരായണം, പാട്ട് പാടൽ, ഡാൻസ്, ക്രാഫ്റ്റ് നിർമ്മാണം തുടങ്ങിയവ ചെയ്യുന്നതിന് അവസരം നൽകൽ.
- കുട്ടികളുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും ചോദിച്ച് മനസ്സിലാക്കൽ തുടങ്ങിയവ

■ **ചിത്രക്കാർഡ്**

രണ്ടുതരം ചിത്രക്കാർഡുകളാണ് ഉപയോഗിക്കുന്നത്.

**i) ചിത്രവും ചിത്രം പ്രതിനിധാനം ചെയ്യുന്ന വാക്കും ഉൾപ്പെടുന്നത്**

ഉദാ : താറാവിന്റെ ചിത്രവും 'താറാവ്' എന്ന വാക്കും

- മുഖത്തേക്കു നോക്കുവാൻ മടിയുള്ളതോ, ശ്രദ്ധ കേന്ദ്രീകരിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതോ ആയ സിവിയർ കുട്ടികൾക്ക്, ഇത്തരം പ്രവണതകൾ മറികടക്കുന്നതിന് ഈ ചിത്രക്കാർഡുകൾ ഉപയോഗിക്കുന്നു.
- ചിത്രക്കാർഡ് റിസോഴ്സ് ടീച്ചറുടെ - മുഖത്തേക്ക് ചേർത്തുവെച്ച് ചിത്രത്തിലെ ജീവിയുടെ പ്രത്യേകതകൾ പറയുക, ജീവിയുടെ ശബ്ദം പുറപ്പെടുവിക്കുക ആംഗ്യങ്ങൾ കാണിക്കുക, തുടങ്ങിയവ ചെയ്യുന്നു.
- ചിത്രത്തിലുള്ള ജീവിയെപ്പോലെ അഭിനയിച്ച് കാണിക്കുകയും അഭിനയിക്കാൻ കുട്ടിയെ പ്രേരിപ്പിക്കുകയും വഴി കുട്ടിയുടെ ശ്രദ്ധ ഉയർത്താൻ ശ്രമിക്കൽ.
- കൈവഴക്കം കുറവുള്ള കുട്ടികൾക്ക് ചിത്രകാർഡിലെ ചിത്രങ്ങൾ വരച്ചു നൽകി നിറം കൊടുക്കുന്ന പ്രവർത്തനം
- മോഡറേറ്റ് വിഭാഗത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് ചിത്രത്തിലുള്ള വസ്തുവിന്റെ /ജീവിയുടെ പ്രത്യേകതകൾ കണ്ടെത്തി പറയൽ, ഭാഗങ്ങൾ ലിസ്റ്റ് ചെയ്യൽ പ്രവർത്തനങ്ങൾ കൂടാതെ, വാക്കുകൾ പരിചയപ്പെടൽ.
- മൈൽഡ് വിഭാഗത്തിന് ചിത്രത്തിലെ ജീവിയെ/ വസ്തുവിനെ സംബന്ധിച്ച് ആശയരൂപീകരണം നടത്തുന്നതിന് ചിത്രത്തെ വിവരിക്കൽ, ചുറ്റുപാടുകളെപ്പറ്റി ചർച്ച നടത്തൽ എന്നിവ ഉപയോഗിക്കാം.

**ii) സന്ദർഭാനുബന്ധിത ചിത്രക്കാർഡ്**

ഉദാ : ഉത്സവപ്പറമ്പ്, കടൽത്തീരം തുടങ്ങിയ നിത്യജീവിതത്തിലെ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ.

മോഡറേറ്റ് വിഭാഗത്തിലെ കുട്ടികൾക്ക് പദസമ്പത്ത് ഉയർത്തുന്നതിന്

യോജിച്ച പ്രവർത്തനമാണിത്.

- മോഡറേറ്റ് മൈൽഡ് വിഭാഗത്തിലെ കുട്ടികൾക്ക് ആശയരൂപീകരണ ശേഷി വികസിപ്പിക്കുന്നതിന് ചിത്രക്കാർഡിൽ കാണുന്നവ പറയിപ്പിക്കുകയും ചിത്രക്കാർഡ് വിവരണം നടത്തുന്നതിന് അവസരം നൽകുകയും ചെയ്യുന്നതോടൊപ്പം വിവരണത്തിൽ വിട്ടുപോയവ കൂടി കുട്ടിയെ ബോദ്ധ്യപ്പെടുത്തി വിവരണം എഴുതിക്കുന്ന പ്രവർത്തനവും നൽകി. ഇതേത്തുടർന്ന് വിവരണത്തിലെ വാക്കുകളിൽ അക്ഷരത്തെറ്റ് സംഭവിച്ചവ ആവർത്തിച്ച് എഴുതി മനസ്സിലാക്കൽ.
- ചിത്രരചനാ പാടവമുള്ള കുട്ടികൾക്ക് ചിത്രം വരയ്ക്കുന്നതിനുള്ള മാതൃകയായി ചിത്രക്കാർഡ് ഉപയോഗപ്പെടുത്തൽ.

**iii) കഥാകാർഡുകൾ/ചിത്രകഥാകാർഡുകൾ**

കഥാകാർഡുകൾ രണ്ടുതരമാണുള്ളത്

1. കഥാസന്ദർഭം വ്യക്തമാക്കുന്ന ചിത്രത്തോടൊപ്പമുള്ള കഥാകാർഡുകൾ
2. കഥ മാത്രമുള്ള കഥാകാർഡുകൾ - ഈ രണ്ടുതരം കഥാകാർഡുകളിലും ലളിതമായ വാക്കുകൾ കൊണ്ടുള്ള കഥകളും സങ്കീർണ്ണമായ വാക്കുകൾ ഉൾപ്പെടുന്ന കഥകളും നൽകിയിട്ടുണ്ട്.

- മൈൽഡ് വിഭാഗത്തിൽ വായിക്കുമ്പോൾ ആശയം മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് ആശയരൂപീകരണം എളുപ്പമാക്കുന്നതിനും വായനയിലൂടെ ആശയസംഗ്രഹണം നടത്തുന്നതിനുള്ള കഴിവ് നേടുന്നതിനും ചിത്രത്തോടുകൂടിയ കഥാകാർഡ് സഹായകമാണ്.
- മൈൽഡ് വിഭാഗക്കാർക്ക് വായനശേഷി മെച്ചപ്പെടുത്തുന്നതിനായി കഥാക്കാർഡ് വായനാപ്രവർത്തനം നൽകുന്നു.
- മോഡറേറ്റ് വിഭാഗക്കാർക്ക് ചിഹ്നങ്ങൾ ഉള്ള വാക്കുകൾ കണ്ടെത്തുന്നതിനും പരിചയപ്പെടുന്നതിനും വായിക്കുന്നതിനും കഥാക്കാർഡുകൾ ഉപയോഗിക്കുന്നു.
- കഥാക്കാർഡുകളിൽ ഗുണപാഠകഥകളും ഉൾപ്പെടുത്തി ശരിതെറ്റുകൾ മനസ്സിലാക്കുന്നു.
- കഥാരചനാ പാടവം മെച്ചപ്പെടുത്തുന്നതിനുള്ള പ്രചോദനമായി കഥാക്കാർഡ് ഉപയോഗിക്കുന്നു.

**iv) കവിതാകാർഡുകൾ**

ചിത്രത്തോടൊപ്പമുള്ള കവിതാകാർഡുകൾ സിവിയർ വിഭാഗത്തിലെ കുട്ടികൾക്ക് ഈണത്തിൽ വായിച്ചു നൽകുന്നതിലൂടെ കുട്ടിയുടെ ശ്രദ്ധക്ഷണിക്കുവാൻ കഴിയുന്നു.

- ലളിതമായ വാക്കുകളായതിനാൽ മോഡറേറ്റ് വിഭാഗക്കാർക്ക് കവിതാകാർഡ് വായനശേഷി മെച്ചപ്പെടുത്തുന്നതിന് നൽകുന്നു. ചെറിയ കൈത്താങ്ങുകൾ നൽകിയാൽ കവിത വായിക്കുവാൻ മോഡറേറ്റുകാർക്ക് കഴിയും.

- മൈൽഡ് വിഭാഗത്തിന് ഈണത്തിൽ വായിക്കുന്നതിനും വായനയുടെ വേഗത വർദ്ധിപ്പിക്കുന്നതിനും കവിതാകാർഡ് സഹായകമാണ്.
- കവിതാരചനാപാടവമുള്ള കുട്ടികൾ മാതൃകയായി കവിതാകാർഡ് ഉപയോഗിക്കുകയും ചിത്രരചനാശേഷിയുള്ള കുട്ടികൾക്ക് കവിതയുടെ ആശയമോ കവിതയോടൊപ്പമുള്ള ചിത്രമോ ചിത്രരചനയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
- കവിത പാടി അഭിനയിക്കുന്നതിന് കവിതാകാർഡ് ഉപയോഗിക്കുന്നു.

**v) അക്ഷരക്കാർഡ്**

മലയാളഭാഷയിലെ അക്ഷരങ്ങളോരോന്നും ചിഹ്നങ്ങളും കാർഡുകളായി ഉപയോഗിക്കുന്നു.

ഉദാ: ത

- സിവിയർ വിഭാഗക്കാർ തിരിച്ചറിയാത്ത അക്ഷരങ്ങൾ കണ്ടെത്തുന്നതിനായി അക്ഷരക്കാർഡ് ഉപയോഗിക്കുന്നു. അക്ഷരക്കാർഡുകളുടെ കൂട്ടത്തിൽ നിന്നും കുട്ടി നിശ്ചിത അക്ഷര കാർഡുകൾ എടുത്ത് ടീച്ചറിന് നൽകുന്നു. ഇതോടൊപ്പം കുട്ടി അക്ഷരം പറയുകയും ചെയ്യുന്നു. കുട്ടി തിരിച്ചറിയാത്ത അക്ഷരങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നു.
- അക്ഷരക്കാർഡുകൾ ചേർത്തുവെച്ച് അർത്ഥപൂർണ്ണമായ വാക്കുകൾ നിർമ്മിക്കുന്ന പ്രവർത്തനം, ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കുന്ന പ്രവർത്തനം എന്നിവയും ഉൾപ്പെടുന്നു.
- മോഡറേറ്റ് വിഭാഗക്കാർ ടീച്ചർ നിർമ്മിച്ചു കാണിക്കുന്ന വാക്കുകൾ നിർമ്മിച്ചുകാണിക്കുന്ന പ്രവർത്തനവും മൈൽഡ് വിഭാഗക്കാർ സ്വയം വാക്കുകൾ നിർമ്മിച്ചു കാണിക്കുന്ന പ്രവർത്തനവും അക്ഷരകാർഡ് ഉപയോഗിച്ച് കൂടുതലായി ചെയ്യുന്നു.
- മൈൽഡ് വിഭാഗക്കാർക്ക് അക്ഷരക്കാർഡ് കൊണ്ടു നിർമ്മിച്ച വാക്കുകൾ ചേർത്ത് വാക്യനിർമ്മാണം നടത്തുന്ന പ്രവർത്തനം.

**vi) കുത്തുകൾ യോജിപ്പിക്കൽ**

കൈവഴക്കം, ഏകാഗ്രത എന്നിവയിൽ മെച്ചപ്പെടലുകൾ ആവശ്യമായിട്ടുള്ള കുട്ടികൾക്ക് നൽകാവുന്ന പ്രവർത്തനമാണിത്.

- കുത്തുകൾ യോജിപ്പിച്ച് ചിത്രം വരയ്ക്കുന്ന പ്രവർത്തനം
- സിവിയർ വിഭാഗക്കാർക്ക് അക്ഷരങ്ങൾ കുത്തുകളിലൂടെ എഴുതുവാൻ നൽകുന്നതിലൂടെ അക്ഷരം മനസ്സിലാക്കാനും തിരിച്ചറിയാനും സാധിക്കുന്നു.

**vii) ചിത്രങ്ങൾ വെട്ടിയൊട്ടിക്കൽ/വ്യത്യാസം കണ്ടെത്തൽ**

കുട്ടികൾക്ക് അക്ഷരങ്ങളും വാക്കുകളും തിരിച്ചറിയുന്നതിനായി ചിത്രങ്ങൾ വെട്ടിയൊട്ടിച്ച് പേര് ആവർത്തിച്ച് എഴുതുന്ന പ്രവർത്തനം. സിവിയർ കുട്ടികൾക്ക് അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനും മോഡറേറ്റ് കുട്ടികൾക്ക് വാക്കുകൾ പരിചയപ്പെടുത്തുന്നതിനും സഹായകം.


- വ്യത്യാസം കണ്ടെത്താനുള്ള ചിത്രങ്ങൾ പ്രവർത്തനമായി നൽകുന്നു. ഇതിലൂടെ കുട്ടിയുടെ ശ്രദ്ധാശേഷി കൂടുന്നു.
- ചിത്രങ്ങൾ വെട്ടിയൊട്ടിക്കുന്നത് കുട്ടികളിൽ ഏകാഗ്രതയും ശ്രദ്ധയും വളർത്തുന്നു.
- ശ്രദ്ധ വർദ്ധിപ്പിക്കുന്നതിന് സിവിയർ കുട്ടികൾക്ക് വെട്ടിയൊട്ടിച്ച ചിത്രത്തിൽ നിറം നൽകുന്ന പ്രവർത്തനം കൊടുക്കുന്നു.

**viii) അക്ഷരങ്ങൾ ഉപയോഗിച്ച് മരം, മാല, മല എന്നിവ തയാറാക്കൽ**

പുതുതായി പഠിച്ച അക്ഷരങ്ങൾ ഉറയ്ക്കുന്നതിനും കലാപരമായ ശേഷി വികാസത്തിനുമായി മരം, മല, മാല എന്നിവ വരച്ച് അതിനുള്ളിൽ അക്ഷരങ്ങൾ എഴുതുന്ന പ്രവർത്തനം.

**ix) പദസൂര്യൻ**

സിവിയർ വിഭാഗക്കാർക്ക് പഠിച്ച അക്ഷരങ്ങൾ ഉറയ്ക്കുന്നതിനായി കുട്ടികളോട് തന്നെ ചോദിച്ച് വാക്കുകൾ കൊണ്ട് പദസൂര്യൻ തയ്യാറാക്കി കാണിക്കുന്നു. തുടർന്ന് ഈ വാക്കുകൾ ആവർത്തിച്ച് എഴുതി മനസ്സിലാക്കുന്നു.




**x) കേട്ടെഴുത്ത്**

കഥ വായനയ്ക്ക് നൽകിയശേഷം അതിൽ നിന്നുള്ള വാക്കുകൾ കേട്ടെഴുത്ത് നടത്തുകയും തെറ്റുന്ന വാക്കുകൾ ആവർത്തിച്ച് എഴുതി മനസ്സിലാക്കുകയും ചെയ്യുന്ന പ്രവർത്തനം.

**xi) അക്ഷരങ്ങളുടെ കൂട്ടത്തിൽ നിന്ന് തിരഞ്ഞെടുത്ത അക്ഷരങ്ങൾ ഉപയോഗിച്ച് വാക്ക് നിർമ്മിക്കുന്ന പ്രവർത്തനം**

**xii) മറ്റ് ആശയരൂപീകരണ പ്രവർത്തനങ്ങൾ**

- കഥ വായിച്ചതിൽ നിന്നും ടീച്ചർ നിർദ്ദേശിക്കുന്ന സന്ദർഭമുള്ള ഭാഗം കണ്ടെത്തി വായന
- വായിച്ച കഥ – വേഗത്തിൽ വായിക്കുക എന്ന വായനാചലഞ്ച്
- കഥാസന്ദർഭം ഉപയോഗിച്ച് കഥ പൂർത്തിയാക്കൽ പ്രവർത്തനം
- ചിത്രങ്ങൾ നിരീക്ഷിച്ച് കഥയെഴുതൽ പ്രവർത്തനം
- 'തുണ' ടെക്സ്റ്റിൽ നിന്നുള്ള അക്ഷരം സംബന്ധിക്കുന്നതും വാക്ക് രൂപീകരണവുമായി ബന്ധപ്പെട്ടതും വാക്യരൂപീകരണവുമായി ബന്ധപ്പെട്ടതും ആശയരൂപീകരണപരമായതുമായ പ്രവർത്തനങ്ങൾ

### 2.5.6.6 ക്ലാസ് ഇതരപ്രവർത്തനങ്ങൾ

ക്ലാസിലുള്ള പ്രവർത്തനങ്ങൾക്കു പുറമേ നടത്തുന്ന മറ്റ് പ്രവർത്തനങ്ങളാണ് താഴെ പറയുന്നത്.

(i) കുട്ടികളുടെ ഭവന സന്ദർശനം

(ii) രക്ഷകർത്തൃ സന്ദർശനം

(iii) അവലോകന യോഗങ്ങൾ

- വാരാന്ത്യ അവലോകനം
- മാസാന്ത്യ അവലോകനം

(iv) രക്ഷകർത്തൃ ബോധവത്ക്കരണ ക്ലാസ്സുകൾ

(v) എസ്.സി.ഇ.ആർ.ടി. സംഘത്തിന്റെ ക്ലാസ് മുറി സന്ദർശനം

**(i) കുട്ടികളുടെ ഭവന സന്ദർശനം**

തിരഞ്ഞെടുത്ത കുട്ടികളുടെയെല്ലാം വീട് സന്ദർശിക്കുകയും കുടുംബപശ്ചാത്തലവും പഠനാന്തരീക്ഷവും മനസ്സിലാക്കി രക്ഷകർത്താവിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കുട്ടികൾക്ക് കൃത്യമായ പഠനസമയവും പഠനമൂലയും ഉണ്ടോയെന്ന് ഉറപ്പുവരുത്തുകയും രക്ഷകർത്താക്കൾ പഠനകാര്യങ്ങളിൽ കുട്ടികളെ എത്രത്തോളം സഹായിക്കുന്നുണ്ടെന്നും മനസ്സിലാക്കുകയും ചെയ്തു.

ഭവനസന്ദർശനം വഴി രക്ഷകർത്താക്കളുമായി നല്ലൊരുബന്ധം സ്ഥാപിക്കുവാൻ കഴിയുകയും അതുവഴി കുട്ടികളുടെ പഠനപിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ മനസ്സിലാക്കുവാൻ കഴിയുകയും ചെയ്തു.

**(ii) രക്ഷകർത്തൃ സന്ദർശനം**

രക്ഷകർത്താക്കൾ സ്കൂളിൽ വരികയും കുട്ടികളുടെ സ്വഭാവത്തെക്കുറിച്ചും അവർക്കുണ്ടായമാറ്റങ്ങളെക്കുറിച്ചും സംസാരിക്കുകയും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രക്ഷകർത്തൃസന്ദർശന ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ അമ്മമാരാണ് കൂടുതലും സ്കൂളുകളിൽ വന്നിരുന്നത്. അവർ വീട്ടിലെ  പ്രശ്നങ്ങളെക്കുറിച്ചും കുട്ടികൾ പഠനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പറഞ്ഞതിൻപ്രകാരം അവർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും കുട്ടികൾ പഠിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അവരെപ്പറഞ്ഞ് ബോധ്യപ്പെടുത്തുകയും ചെയ്തു.

നിരവധി രക്ഷകർത്താക്കൾ ഈ പഠനപോഷണ പരിപാടിയെ ഗൗരവമായി കാണുകയും നിരവധി തവണ സ്കൂളുകളിൽ വന്ന് കുട്ടികളിലെ പഠനപുരോഗതിയെക്കുറിച്ചും സ്വഭാവമാറ്റങ്ങളെക്കുറിച്ചും പറയുകയും അഭിപ്രായം ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(iii) അവലോകന യോഗങ്ങൾ**

- *വാരാന്ത്യ അവലോകനം*

ഓരോ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത കോ-ഓർഡിനേറ്റർമാരു

ടെയും സ്കൂൾ റാപ്പോർട്ടിയറിന്റെയും നേതൃത്വത്തിലാണ് വാരാന്ത്യവലോകനം നടത്തിയത്. ഒരാഴ്ചത്തെ മുഴുവൻ പഠനപ്രവർത്തനങ്ങളും, കുട്ടികളിലുണ്ടായ മാറ്റങ്ങളും, രക്ഷകർത്തൃസന്ദർശനങ്ങളും, ക്ലാസിൽ ഹാജരാകാത്ത കുട്ടികളുടെ വിവരങ്ങളും, കൂടാതെ ഭവന സന്ദർശനത്തെപ്പറ്റിയും ഈ വാരാന്ത്യവലോകനത്തിൽ ചർച്ച ചെയ്യുന്നു. ഇതിനു പുറമേ, പുതുതായി ആസൂത്രണം ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്ത് തീരുമാനത്തിൽ എത്താറുണ്ട്. ഈ കാര്യങ്ങളെല്ലാം ക്രോഡീകരിച്ചുകൊണ്ട് ആ ആഴ്ചത്തെ ടൈംടേബിളും റിപ്പോർട്ടും എസ്.സി.ഇ.ആർ.ടി യിൽ സമർപ്പിക്കുന്നു.

- *മാസാന്ത്യ അവലോകനം*

എല്ലാ മാസവും എസ്.സി.ഇ.ആർ.ടി യിൽ വെച്ച് വിദഗ്ദ്ധന്റെയും എസ്.സി.ഇ.ആർ.ടി ഫാക്കൽട്ടിയുടെയും സാന്നിധ്യത്തിൽ സ്കൂൾ റാപ്പോർട്ടിയർമാരുടെയും പഞ്ചായത്ത് കോർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ മാസാന്ത്യാവലോകനം നടത്തി. ഒരു മാസത്തെ മുഴുവൻ പ്രവർത്തനങ്ങളും ഓരോ സ്കൂളിലേയും റിസോഴ്സ് അധ്യാപകർ വിശദീകരിക്കുകയും അതിനെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടത്തുകയും ചെയ്തു. പദ്ധതിയുടെ മുന്നോട്ടുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും നടത്തേണ്ടുന്ന പ്രവൃത്തികളും ഇവിടെ വച്ചു തന്നെ ചർച്ച ചെയ്തു. തുടർന്ന് ഒരു മാസത്തെ ടൈംടേബിളും ഒരു മാസത്തെ പഠനപ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ടും എസ്.സി.ഇ.ആർ.ടി യിൽ സമർപ്പിക്കുന്നു.

**(iv) രക്ഷാകർത്തൃ ബോധവത്ക്കരണ ക്ലാസുകൾ**

എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ചിറയിൻകീഴ്, വിതുര പഞ്ചായത്തുകളിലെ സ്കൂളുകളിലെ കുട്ടികളുടെ രക്ഷാകർത്താക്കളെയും അധ്യാപകരേയും ഉൾപ്പെടുത്തികൊണ്ട് വിദഗ്ദ്ധന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടന്നു. ആദ്യഘട്ടത്തിൽ നടന്ന ബോധവൽക്കരണ ക്ലാസുകളിൽ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റിയും പ്രയോജനത്തെപ്പറ്റിയും അധ്യാപകരേയും രക്ഷാകർത്താക്കളെയും ബോധ്യപ്പെടുത്തി. കുടുംബങ്ങളിലെ കുട്ടികളുടെ പഠനസമയത്തുള്ള റ്റി.വി യുടെയും മൊബൈലിന്റെയും ഉപയോഗം നിർത്തണമെന്നും അതിന്റെ ദുരുപയോഗത്തെക്കുറിച്ചും രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തി. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തണമെന്നും പഠനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ രക്ഷകർത്താക്കൾ നൽകണമെന്നുമുള്ള നിർദേശങ്ങൾ നൽകി.

**(V) ക്ലാസ്റൂം സന്ദർശനം**

എസ്.സി.ഇ.ആർ.ടി യിലെ വിദഗ്ധ സംഘം മുന്നറിയിപ്പില്ലാതെ രണ്ട് പഞ്ചായത്തുകളിലെയും സ്കൂളുകളിൽ എത്തുകയും റിസോഴ്സ് അധ്യാപകരുടെയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു. പോർട്ട്ഫോളിയോ, കുട്ടികളുടെ പഠനസ്വഭാവ നിലവാരത്തിൽ വന്ന മാറ്റം, അധ്യാപകരുടെ പ്രവർത്തന രീതി എന്നിവ വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ റിസോഴ്സ് അധ്യാപകർക്ക് നൽകി.

### 2.5.6.7 കുട്ടികളുടെ പഠനപുരോഗതിയുടെ വിലയിരുത്തൽ

പ്രധാനമായും മൂന്നു ഘട്ടങ്ങളിലൂടെയാണ് കുട്ടികളുടെ പഠനപുരോഗതിയുടെ വിലയിരുത്തൽ പൂർത്തിയാക്കിയത്. 2017 ജൂൺ മാസം മുതൽ 2018 ഫെബ്രുവരി വരെ നടന്ന ക്ലാസുകളിൽ കുട്ടികൾക്കുണ്ടായ പഠനപരമായ മാറ്റങ്ങളുടെ വിലയിരുത്തലാണ് നടന്നത്.

- ഘട്ടം 1 :സ്കൂളുകളിലെ റിസോഴ്സ് അധ്യാപകരുടെ വിലയിരുത്തൽ

  ഓരോ റിസോഴ്സ് അധ്യാപകരും തങ്ങൾക്ക് ലഭിച്ച കുട്ടികളുടെ പഠനപുരോഗതി, വായനയിലൂടെയും എഴുത്തിലൂടെയും പരിശോധിക്കുകയും പഠനത്തിലുണ്ടായ അവരുടെ പുരോഗതി തിരിച്ചറിഞ്ഞ് നിലവിലുള്ള വിഭാഗത്തിൽ നിന്നും അടുത്ത വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തു. കുട്ടികളുടെ വ്യക്തിഗത വിവരശേഖരണ പുസ്തകത്തിൽ മാറ്റങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

- ഘട്ടം 2 : റിസോഴ്സ് അധ്യാപകർ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള വിലയിരുത്തൽ

  റിസോഴ്സ് അധ്യാപകർ സ്വന്തം കുട്ടികളെ വിലയിരുത്തിയതിന്റെ വിശ്വാസ്യത നിലനിർത്താൻ റിസോഴ്സ് അധ്യാപകർ പരസ്പരം ഗ്രൂപ്പുകളായി തിരിഞ്ഞ് വിലയിരുത്തുകയും ആവശ്യം വേണ്ട വിഭാഗമാറ്റങ്ങൾ നടത്തുകയും ചെയ്തു. ഈ വിലയിരുത്തലിനെക്കുറിച്ച് കുട്ടികളുടെ വ്യക്തിഗത വിവരശേഖരണ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

- ഘട്ടം 3 :എസ്.സി.ഇ.ആർ.ടി യുടെ വിദഗ്ദ്ധ സംഘത്തിന്റെ വിലയിരുത്തൽ

  2018 ഫെബ്രുവരി മാസത്തിൽ എസ്.സി.ഇ.ആർ.ടി. യിൽ നിന്നും വിദഗ്ദ്ധ സംഘം സ്കൂളുകളിൽ എത്തുകയും കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും ചെയ്തു. അവർ തെരഞ്ഞെടുത്ത കുട്ടികളിലാണ് പഠനവിലയിരുത്തൽ നടത്തിയത്. അതോടൊപ്പം കുട്ടികളുടെ പോർട്ട്ഫോളിയോ പരിശോധിക്കുകയും ചെയ്തു. അവർ കുട്ടികളിലെ പഠനമികവിന്റെ വിലയിരുത്തൽ നടത്തുകയും അതിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. അവരുടെ അഭിപ്രായവും കുട്ടികൾക്കുണ്ടായ മാറ്റവും വ്യക്തിഗത വിവരശേഖരണ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

# 3 വിശകലനവും വ്യാഖ്യാനവും

### 3.1 അപ്പർ പ്രൈമറി തലത്തിലെ പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടിക ളുടെ പഠനനിലവാരം കണ്ടെത്തുക

ഇത് കണ്ടെത്തുന്നതിനായി ചുവടെ കൊടുത്തിരിക്കുന്നവയാണ് വിശ കലനം ചെയ്തത്.

**3.1.1 പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ വിശദാംശങ്ങൾ**

അപ്പർപ്രൈമറിതലത്തിൽ പഠിക്കുന്ന കുട്ടികളിൽ എത്രത്തോളം പേർക്ക് പഠനപിന്നാക്കാവസ്ഥയുണ്ടെന്ന് കണ്ടെത്തുന്നതിനായി സർവ്വെ രീതിയാണ് അവലംബിച്ചത്. രണ്ട് പഞ്ചായത്തുകളിലുള്ള ആറ് സ്കൂളുകളിൽ നിന്ന് കണ്ടെത്തിയ പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ വിശദാംശങ്ങൾ പട്ടിക 3.1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.1**
**പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ വിശദാംശങ്ങൾ**

| ഗ്രാമപഞ്ചായത്ത് | സ്കൂൾ | സ്കൂളിലെ മൊത്തം കുട്ടികൾ | അധ്യാപകർ നൽകിയ മൊത്തം കുട്ടികൾ | പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികൾ (%) |
|---|---|---|---|---|
| വിതുര | ജി.എച്ച്.എസ്; ആനപ്പാറ (ട്രൈബൽ) | 85 | 42 | 29 (34.11%) |
| | ഗവ. യു.പി.എസ്; വിതുര (റൂറൽ) | 779 | 169 | 153 (19.64%) |
| ചിറയിൻകീഴ് | പാലവിള യു.പി.എസ്; ചിറയിൻകീഴ് (റൂറൽ) | 187 | 50 | 38 (20.32%) |
| | ഗവ.യു.പി.എസ്; ആനത്തലവട്ടം (കോസ്റ്റൽ) | 22 | 13 | 11(50%) |
| | ഗവ.യു.പി.എസ; ചിറയിൻകീഴ് (അർബൻ) | 100 | 35 | 23(23%) |
| | ഗവ.യു.പി.എസ്; പിള്ളയാർകുളം (കോസ്റ്റൽ) | 42 | 30 | 19(45.23%) |
| **ആകെ** | | **1215** | **339** | **273 (22.46%)** |

ആകെ 1215 കുട്ടികളാണ് അപ്പർ പ്രൈമറിതലത്തിൽ ആറ് സ്കൂളുകളിലായി ഉണ്ടായിരുന്നത്. അതാത് സ്കൂളിലെ അധ്യാപകർ 339 കുട്ടികളെയാണ് പഠനപിന്നോക്കാവസ്ഥയിലുള്ളവരായി നിർദേശിച്ചത്. എസ്.സി.ഇ.ആർ. ടിയിലൂടെ പ്രത്യേകം പരിശീലനം നേടിയ റിസോഴ്സ് അധ്യാപകർ പ്രീഇന്റർവെൻഷൻ ടൂൾ ഉപയോഗിച്ച് 273 പേർക്കാണ് യഥാർത്ഥത്തിൽ പഠന പിന്നാക്കാവസ്ഥയുള്ളത് എന്ന് കണ്ടെത്തി. സ്കൂൾ തലത്തിൽ പഠന പിന്നാക്കാവസ്ഥ 19.64% മുതൽ 50% വരെ വ്യതിയാനപ്പെട്ടിരിക്കുന്നതായി കാണാം. മൊത്തത്തിലുള്ള പഠനപിന്നാക്കാവസ്ഥ 22.46% ആണ്. ഇതിൽ നിന്നും അപ്പർപ്രൈമറി തലത്തിലെ പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികൾ ഏകദേശം 23% ആണെന്ന് അനുമാനിക്കാം.

### 3.1.2 പഠന പിന്നാക്കാവസ്ഥയുടെ തീവ്രത

പഠനപിന്നാക്കാവസ്ഥയുടെ തീവ്രത അനുസരിച്ച്, കുട്ടികളെ മൂന്ന് വിഭാഗ ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നേരിയ പഠനപിന്നാക്കാവസ്ഥയുള്ളവരെ **മൈൽഡ്** വിഭാഗത്തിലും ശരാശരി പഠനപിന്നാക്കാവസ്ഥയുള്ളവരെ **മോഡ റേറ്റ്** വിഭാഗത്തിലും തീവ്ര പഠനപിന്നാക്കാവസ്ഥയുള്ളവരെ **സിവിയർ** വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂൾ തിരിച്ചുള്ള കുട്ടിക ളുടെ വിശദാംശങ്ങൾ പട്ടിക 3.2 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.2**
**പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ തരംതിരിക്കൽ**

| Schools | Total Students | Scholastically backward | % | Category | | |
|---|---|---|---|---|---|---|
| | | | | Mild | Moderate | Severe |
| 1. GHS Anappara | 85 | 29 | 34.11 | 10 | 10 | 9 |
| 2. Govt. UPS Vithura | 779 | 153 | 19.64 | 27 | 87 | 39 |
| 3. UPS Palavila | 187 | 38 | 20.32 | 14 | 18 | 6 |
| 4. Govt. UPS Anathalavattom | 22 | 11 | 50 | 6 | 4 | 1 |
| 5. Govt. UPS Pillayarkulam | 42 | 19 | 45.23 | 4 | 10 | 5 |
| 6. Govt UPS Chiraynkeezhu | 100 | 23 | 23 | 6 | 12 | 5 |
| **Total** | **1215** | **273** | 22.46 | **67** | **141** | **65** |

ആകെ 273 പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ 65 (23.8%) പേർ സിവിയർ വിഭാഗത്തിലും 67 (24.5%) പേർ മൈൽഡ് വിഭാഗത്തിലും 141 (51.6%) പേർ മോഡറേറ്റ് വിഭാഗത്തിലും ഉൾപ്പെടുന്നു. തീവ്ര പഠനപിന്നാ ക്കാവസ്ഥയിലുള്ള 24% കുട്ടികൾ ഉണ്ടെന്നത് എടുത്തു പറയേണ്ട കാര്യമാണ്.

### 3.1.3 പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിലെ സ്വഭാവ വ്യതിയാനങ്ങൾക്കും സാമൂഹിക പ്രശ്നങ്ങൾക്കും പുറമെ, ഈ കുട്ടികൾ പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകളുടെ വിശദാംശങ്ങൾ പട്ടിക 3.3 ൽ കൊടുക്കുന്നു.

പട്ടിക 3.3

**പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ**

| നമ്പർ | പ്രത്യേക പ്രശ്നം/ബുദ്ധിമുട്ട് | കുട്ടികൾ | | | |
|---|---|---|---|---|---|
| | | ഉണ്ട് എന്ന് പറഞ്ഞവർ | | ഇല്ല എന്ന് പറഞ്ഞവർ | |
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 1. | പഠിക്കുന്നതിന് പ്രത്യേക സമയം ഉണ്ടോ? | 106 | 38.82 | 167 | 61.17 |
| 2. | പഠിക്കുന്നതിന് വീട്ടിൽ പ്രത്യേക പഠന സ്ഥലം ഉണ്ടോ? | 95 | 34.79 | 178 | 65.20 |
| 3. | മലയാള അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്നുണ്ടോ? | 126 | 46.15 | 147 | 53.84 |
| 4. | വായിക്കുമ്പോൾ അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കാൻ പ്രയാസം ഉണ്ടാകുന്നുണ്ടോ? | 187 | 68.49 | 86 | 31.50 |
| 5. | വായിക്കുന്ന സമയത്ത് ഒരേപോലെയുള്ള അക്ഷരങ്ങൾ മനസ്സിലാക്കാൻ പ്രയാസം ഉണ്ടാകുന്നുണ്ടോ ? | 152 | 55.67 | 121 | 44.32 |
| 6. | അക്ഷരങ്ങൾ മനസ്സിലാക്കി വാക്കുകളാക്കി വായിക്കാൻ പ്രയാസം നേരിടുന്നുണ്ടോ ? | 206 | 75.45 | 67 | 24.54 |
| 7. | ഊഹിച്ച് വായിക്കാറുണ്ടോ ? | 141 | 51.64 | 132 | 48.35 |
| 8. | അക്ഷരങ്ങളും, വാക്കുകളും വിട്ടുവിട്ട് വളരെ സാവധാനത്തിലാണോ വായന നടത്തുന്നത്. | 180 | 65.93 | 93 | 34.06 |
| 9. | തുടർച്ചയായി വേഗത്തിൽ വായിക്കുന്നതിന് പ്രയാസം ഉണ്ടോ ? | 223 | 81.68 | 50 | 18.31 |
| 10. | വായന അർത്ഥപൂർണമായി നിർവഹിക്കുന്നുണ്ടോ ? | 154 | 56.41 | 119 | 43.58 |
| 11. | എഴുതുമ്പോൾ ചില അക്ഷരങ്ങൾ തലതിരിച്ച് എഴുതാറുണ്ടോ ? | 123 | 45.05 | 150 | 54.94 |
| 12 | വാക്കുകൾക്കിടക്കുള്ള അകലം, വിരാമചിഹ്നങ്ങൾ എന്നിവ ക്രമമില്ലാതെ ഉപയോഗിക്കുന്നുണ്ടോ ? | 181 | 66.30 | 92 | 33.69 |
| 13. | എഴുതുമ്പോൾ അക്ഷരത്തെറ്റുകൾ സ്ഥിരമായി വരാറുണ്ടോ? | 241 | 88.27 | 32 | 11.72 |
| 14. | ശരിയായ അക്ഷരം പൂരിപ്പിച്ച് എഴുതാൻ സാധിക്കാത്ത അവസ്ഥ. | 171 | 62.63 | 102 | 37.36 |
| 15. | എഴുതുമ്പോൾ അക്ഷരങ്ങൾ വിട്ടുപോകുന്ന അവസ്ഥ. | 160 | 58.60 | 113 | 41.39 |
| 16. | എഴുതുമ്പോൾ അക്ഷരങ്ങൾ കൂടുതൽ എഴുതുന്ന അവസ്ഥ. | 133 | 48.71 | 140 | 51.28 |

പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ പരിശോധിക്കുമ്പോൾ സ്ഥിരമായി അക്ഷരത്തെറ്റ് വരുത്തുന്നവർ 241 (88.3%), തുടർച്ചയായി വേഗത്തിൽ വായിക്കാൻ പ്രയാസമുള്ളവർ 223 (81.7%), അക്ഷരങ്ങൾ മനസ്സിലാക്കി വാക്കുകളാക്കി വായിക്കാൻ പ്രയാസമുള്ളവർ 206 (75.4%), അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാൻ പ്രയാസമുള്ളവർ 187(68.4%), എഴുതുമ്പോൾ വിരാമചിഹ്നങ്ങൾ ക്രമമല്ലാതെ ഉപയോഗിക്കുന്നവർ 181 (66.3%), എന്നിങ്ങനെ കാണാൻ സാധിക്കും. 167 കുട്ടികൾക്ക് (61.1%) പഠിക്കുന്നതിന് പ്രത്യേക സമയം ഇല്ലെന്നും 178 കുട്ടികൾക്ക് (65.2%) പഠിക്കുന്നതിന് വീട്ടിൽ പ്രത്യേക സ്ഥലം ഇല്ലെന്നും കണ്ടെത്താൻ സാധിച്ചു.

സ്ഥിരമായ അക്ഷരത്തെറ്റ്, തുടർച്ചയായി വേഗത്തിൽ വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങൾ മനസ്സിലാക്കി വാക്കുകളാക്കി വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാൻ ബുദ്ധിമുട്ട്, എഴുതുമ്പോൾ വിരാമ ചിഹ്നങ്ങൾ ക്രമമല്ലാതെ ഉപയോഗിക്കൽ, പഠിക്കുന്നതിന് പ്രത്യേക സമയവും സ്ഥലവും ഇല്ലാതിരിക്കൽ എന്നിവയാണ് പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ.

### 3.1.4 പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ്

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പട്ടിക 3.4 ൽ കൊടുക്കുന്നു.

പട്ടിക 3.4
**പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ്**

| ക്രമ സംഖ്യ | പാഠ്യേതര പ്രവർത്തനങ്ങൾ | പ്രതികരണം എണ്ണത്തിൽ | പ്രതികരണം ശതമാനത്തിൽ |
|---|---|---|---|
| 1 | കായികവിനോദങ്ങൾ | 64 | 23.44 |
| 2 | ചിത്രകല | 94 | 34.43 |
| 3 | സംഗീതം | 11 | 4.03 |
| 4 | നൃത്തം | 27 | 9.89 |
| 5 | അഭിനയം | 3 | 1.09 |
| 6 | കരകൗശല നിർമ്മാണം | 9 | 3.29 |
| 7 | സാങ്കേതിക നൈപുണികൾ | 11 | 4.02 |

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളുടെ വിശകലനത്തിലൂടെ 94 കുട്ടികൾ (34.4%) ചിത്രകലയിലും, 64 കുട്ടികൾ (23.4%) കായികവിനോദത്തിലും മികവ് പുലർത്തിയതായി കണ്ടെത്താൻ കഴിഞ്ഞു. എന്നാൽ മൂന്ന് കുട്ടികൾ (1.09%) മാത്രമേ അഭിനയത്തിൽ താല്പര്യം പ്രകടിപ്പിച്ചുള്ളു. പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ ചിത്രകല, നൃത്തം തുടങ്ങിയ വിവിധ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

**3.1.5 പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പോർട്ട്ഫോളിയോ വിശദാംശങ്ങൾ**

സിവിയർ, മോഡറേറ്റ്, മൈൽഡ് എന്നീ വിഭാഗങ്ങളിലായി തരംതിരിക്കപ്പെട്ട പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് യോജിച്ച പ്രവർത്തനങ്ങളാണ് നൽകിയത്. ഓരോ വിഭാഗത്തിലേയും കുട്ടികളുടെ പോർട്ട്ഫോളിയോയിലെ മികവിനെ മികച്ച രീതിയിലുള്ള പ്രകടനം, ശരാശരിയിലുള്ള പ്രകടനം, ഇനിയും മെച്ചപ്പെടേണ്ട പ്രകടനം എന്നിങ്ങനെ 3 ആയി തരംതിരിക്കുകയുണ്ടായി. അവ സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 3.5 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.5
**പോർട്ട് ഫോളിയോ വിശകലനം**

| നമ്പർ | വിഭാഗം | ആകെ | മികച്ച രീതിയിലുള്ള പ്രകടനം | ശരാശരി പ്രകടനം | ഇനിയും മെച്ചപ്പെടേണ്ട പ്രകടനം |
|---|---|---|---|---|---|
| 1 | മൈൽഡ് | 67 | 41 | 14 | 12 |
| 2. | മോഡറേറ്റ് | 141 | 84 | 33 | 24 |
| 3. | സിവിയർ | 65 | 32 | 15 | 18 |
| | **ആകെ** | **273** | **157** | **62** | **54** |

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പോർട്ട് ഫോളിയോ വിശകലനത്തിൽ നിന്നും 157 കുട്ടികൾ (57.5%) മികച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ച വച്ചതായും 62 കുട്ടികൾ (22.7%) ശരാശരി പ്രകടനവും 54 പേർ (19.7%) ഇനിയും പ്രകടനം മെച്ചപ്പെടേണ്ടതുണ്ടെന്നും വിശകലനത്തിലൂടെ കണ്ടെത്താൻ കഴിയുന്നു.

അധ്യാപകർ ഓരോ കുട്ടിയുടേയും പോർട്ട് ഫോളിയോ വിലയിരുത്തലിന് വിധേയമാക്കുന്നത് പഠന പുരോഗതി ഉറപ്പാക്കാൻ സഹായകമാണെന്ന് പഠനത്തിലൂടെ കണ്ടെത്തി.

### 3.1.6 പഠനപിന്നാക്കാവസ്ഥയുടെ പുരോഗതി

'തുണ' പദ്ധതിക്ക് വേണ്ടി എസ്.സി.ഇ.ആർ.ടി. പ്രത്യേകമായി രൂപകല്പന ചെയ്ത പഠന ഉപകരണങ്ങൾ ഉപയോഗിച്ച് പ്രത്യേകം പരിശീലനം നേടിയ റിസോഴ്സ് അധ്യാപകർ നൽകിയ വ്യക്തിഗത പ്രവർത്തനങ്ങളിലൂടെ ഈ കുട്ടികളിൽ ഉണ്ടായ പഠന പുരോഗതിയുടെ വിശദാംശങ്ങൾ പട്ടിക 3.6ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.6**
**പഠന പിന്നാക്കവസ്ഥയിലെ കുട്ടികളുടെ പുരോഗതിയുടെ വിശകലനം**

| സ്കൂൾ | പഠന പിന്നാക്കാവസ്ഥയിലുള്ളവർ | മൈൽഡിൽ നിന്നും നോർമൽ | മോഡറേറ്റിൽ നിന്നും മൈൽഡ് | സിവിയർ നിന്നും മോഡറേറ്റ് | ആകെയുള്ള മാറ്റം |
|---|---|---|---|---|---|
| ഗവ. എച്ച്.എസ്. ആനപ്പാറ | 29 | 7 | 8 | 6 | 21 (72%) |
| ഗവ.യു.പി.എസ്. വിതുര | 153 | 23 | 54 | 33 | 110 (72%) |
| ഗവ.യു.പി.എസ്. പാലവിള | 38 | 12 | 14 | 4 | 30 (79%) |
| ഗവ.യു.പി.എസ്. ആനത്തലവട്ടം | 11 | 10 | 1 | 0 | 11 (100%) |
| ഗവ.യു.പി.എസ്. പിള്ളയാർകുളം | 19 | 3 | 9 | 4 | 16(84%) |
| ഗവ.എൽ.പി.എസ്. ചിറയിൻകീഴ് | 23 | 3 | 7 | 2 | 12 (52%) |
| ആകെ | 273 | 58 (29%) | 93 (46.5%) | 49 (24.5%) | 200 (73%) |

പഠനപിന്നാക്കാവസ്ഥയിലുള്ള 273 കുട്ടികളിൽ 200 കുട്ടികൾ 73% പഠനപുരോഗതി കൈവരിച്ചതായി വ്യക്തമാകുന്നു. ഇതിൽ 58 (29%) കുട്ടികൾ മൈൽഡ് പഠനപിന്നാക്കാവസ്ഥയിൽ നിന്നും മാറി സാധാരണ നിലയിൽ എത്തിചേർന്നതായി കാണാം. മോഡറേറ്റിൽ നിന്നും മൈൽഡ് പിന്നാക്കാവസ്ഥയിലേക്ക് 93 കുട്ടികൾ (46.5%) പുരോഗതി നേടിയതായി കാണാം. സിവിയറിൽ നിന്നും മോഡറേറ്റ് വിഭാഗത്തിലേക്ക് 49 കുട്ടികൾ (24.5%) പുരോഗതി നേടിയതായി കാണാം.

പഠനവിധേയമാക്കിയ 339 കുട്ടികളിൽ 273 കുട്ടികൾ അപ്പർ പ്രൈമറി തലത്തിൽ (23%) പഠനപിന്നാക്കാവസ്ഥയിലുള്ളവരാണെന്ന് പഠനം വ്യക്തമാക്കുന്നു. ഇതിൽ 65 പേർ സിവിയർ വിഭാഗത്തിലും, 141 പേർ മോഡറേറ്റ് വിഭാഗത്തിലും, 67 പേർ മൈൽഡ് വിഭാഗത്തിലും പെടുന്നു. പഠനനിലവാരം പരിശോധിക്കുമ്പോൾ വായനയിലും, എഴുത്തിലും, ശ്രദ്ധയോടെയുള്ള പഠനത്തിലും കുട്ടികൾ പിന്നിലാണെന്ന് കാണാം. സ്ഥിരമായി അക്ഷരത്തെറ്റ് വരുത്തുക, വേഗത്തിൽ വായിക്കാൻ പ്രയാസം നേരിടുക, അക്ഷരങ്ങളുടെ ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാനുള്ള പ്രയാസം എന്നിവ നേരിടുന്നുണ്ട്. എന്നാൽ ചിത്രകല, കായികവിനോദം തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളിൽ ഉയർന്ന മികവ് പ്രദർശിപ്പിക്കുന്നുണ്ട്. ഈ മികവുകൾ മറ്റു വിഷയങ്ങളുടെ പഠനത്തിന് പ്രയോജനപ്പെടുത്താനുള്ള നടപടിയാണ് വേണ്ടത്. പോർട്ട്ഫോളിയോ ഉപയോഗിച്ചുള്ള വിലയിരുത്തലിൽ 57.5 % കുട്ടികൾ മികച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ചവച്ചതാക്കി മനസ്സിലാക്കാൻ സാധിക്കുന്നു.

പഠനപിന്നാക്കാവസ്ഥയിലുള്ള 73 % കുട്ടികൾ പ്രത്യേക ഇടപെടലിനു ശേഷം പഠനപുരോഗതി കൈവരിച്ചതായി കാണാം. വ്യക്തിഗത പഠനത്തിന് അവസരം നൽകുന്നതിലൂടെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുമെന്ന് കണ്ടെത്തുകയുണ്ടായി.

## 3.2 പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളിലെ മാറ്റം – ഇടപെടലിന് മുമ്പും പിമ്പും

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠന പുരോഗതി സംബന്ധിച്ച സ്കൂൾതല വിശദാംശങ്ങൾ (ഇടപെടലിന് മുമ്പും പിമ്പും) പട്ടിക 3.7 കൊടുക്കുന്നു.

**പട്ടിക 3.7**
**കുട്ടികളുടെ പഠന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ**

[redacted]

പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളിലെ സ്കൂൾതല പുരോഗതി പരിഗണിക്കുമ്പോൾ ഗവ.യു.പി.എസ്, ആനത്തലവട്ടം സ്കൂളിലെ 11 കുട്ടികളിലും (100%) പുരോഗതി ഉണ്ടായതായി കണ്ടെത്താൻ സാധിച്ചു. ഗവ.യു.പി.എസ്, പിള്ളയാർകുളം സ്കൂളിൽ 19 കുട്ടികളിൽ 16 കുട്ടികൾ

(84%) പഠനപുരോഗതി കൈവരിച്ചു. യു.പി.എസ് പാലവിള (79%), ഗവ.ജി. എച്ച്.എസ്, ആനപ്പാറ (72%) ഗവ. യു.പി.എസ് വിതുര (72%) മികവുമാണ് കൈവരിച്ചത്. എന്നാൽ ഗവ.യു.പി.എസ് ചിറയിൻകീഴ് 52% മാത്രമാണ് പഠന പുരോഗതി കൈവരിച്ചത്. ആ സ്കൂളിൽ പഠനപിന്നാക്കാവ സ്ഥയിലുള്ള 23 പേരിൽ 12 പേർ മാത്രമാണ് പുരോഗതി കൈവരിച്ചത്. ബാക്കിയുള്ളതിൽ 7 കുട്ടികൾ പഠന വൈകല്യമുള്ളവരായിരുന്നു. ഇത് സ്കൂളിൽ പഠനപുരോഗതി കുറയുന്നതിന് കാരണമായി.

സ്കൂൾ തലത്തിൽ പരിശോധിക്കുമ്പോൾ പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾ പൊതുവെ 'തുണ' പദ്ധതിയിലൂടെ പഠനപുരോഗതി കൈവരിച്ചതായി കാണുന്നു. മാത്രമല്ല പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ പഠന വൈകല്യമുള്ളവരെയും (ഗവ.യു.പി.എസ് ചിറയിൻകീഴ്) കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഈ കുട്ടികൾക്ക് പഠന പുരോഗതിയുണ്ടാക്കാൻ പ്രത്യേക പരിഗണനയും വ്യക്തിപരമായ പിന്തുണയും നൽകേണ്ടതുണ്ട്.

### കേസ് സ്റ്റഡി

പഠനപിന്നാക്കാവസ്ഥയിലുള്ള ചില കുട്ടികളുടെ പെരുമാറ്റ രീതിയിലുള്ള വ്യതിയാനങ്ങൾ സൂക്ഷ്മമായി കണ്ടെത്തി വിശകലനം ചെയ്യുന്നതിന് വേണ്ടിയാണ് കേസ് സ്റ്റഡി ഉപയോഗപ്പെടുത്തിയത്. ഓരോ വിഭാഗത്തിലേയും ഓരോ കുട്ടിയെയാണ് പഠനവിധേയമാക്കിയത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### കേസ് സ്റ്റഡി (മൈൽഡ്)

ഗവൺമെന്റ് ഹൈസ്കൂൾ ആനപ്പാറയിൽ നിന്നും **'തുണ'** പദ്ധതിയിലെ മൈൽഡ് വിഭാഗത്തിലായിരുന്ന ഏഴാം ക്ലാസിലെ ഒരു ആൺകുട്ടി തുടർവായനയോ മെച്ചപ്പെട്ട ലേഖനശേഷിയോ ഇല്ലാതിരുന്ന അവസ്ഥയിലായിരുന്നു. അധ്യാപകരുടെയോ രക്ഷിതാവിന്റെയോ വാക്കുകൾക്ക് വിലകൽപ്പിക്കാതെയുള്ള സ്വഭാവ പ്രകൃതമായിരുന്നു.

കുട്ടിയെപ്പറ്റി അന്വേഷിച്ചപ്പോൾ സിഗരറ്റ് വലിക്കുക, ചുക്ക എന്ന ലഹരി വസ്തു ഉപയോഗിക്കുക, രാത്രിയാകുന്നതുവരെ വീട്ടിലെത്താതിരിക്കുക എന്നീ പ്രവണതകൾ ഉണ്ട് എന്ന് അറിയുവാൻ കഴിഞ്ഞു. കുട്ടിയിലെ ചിത്ര രചനാ പാടവവും കരകൗശല പാടവവും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ചപ്പോൾ കുട്ടിയുടെ സ്വഭാവത്തിൽ മാറ്റം വരാൻ തുടങ്ങി. കുട്ടിയുമായി മാനസികമായ ഒരു ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞതോടുകൂടി അവന്റെ പ്രശ്നങ്ങൾ സ്വയം കുട്ടി പറഞ്ഞു. വളരെചെറിയ കുഞ്ഞായിരിക്കുമ്പോഴാണ് കുട്ടിയുടെ അച്ഛൻ മരണപ്പെടുന്നത്. അമ്മയും കുട്ടിയും മാത്രമാണ് വീട്ടിലുള്ളത്. കുട്ടിയുടെ ജ്യേഷ്ഠൻ ജോലിക്കായി ദൂരെ സ്ഥലങ്ങളിൽപോകും.

കുട്ടിക്ക് അറിവായി തുടങ്ങിയപ്പോൾ അമ്മയുടെ സ്വഭാവവും പെരുമാറ്റവും കുട്ടിക്ക് അസഹനീയമായി തോന്നിയതായും അങ്ങനെ അമ്മയെ വെറുക്കുന്ന കുട്ടിയായും മാറി. തുടർന്ന് കുട്ടി പകൽ സമയങ്ങളിൽ വീട്ടിലിരിക്കാതെയായി. മുതിർന്ന കുട്ടികളോടൊപ്പം കൂട്ടുകൂടി നടന്ന് സിഗരറ്റ് വലി,

ലഹരി വസ്തുക്കൾ ഉപയോഗിക്കൽ അശ്ലീല ദൃശ്യങ്ങൾ കാണൽ എന്നീ ദു:ശീലങ്ങൾ കുട്ടിയിൽ പ്രകടമായിരുന്നു.

എന്നാൽ ഇക്കഴിഞ്ഞ ആറേഴ് മാസങ്ങളായി സിഗററ്റ് വലി നിർത്തി, ലഹരി ഉപയോഗവും മുതിർന്ന കുട്ടികളോടൊപ്പമുള്ള കൂട്ടുകെട്ടും മതിയാക്കി. വീട്ടിൽ കൃത്യസമയത്ത് എത്തുകയും ചിത്രം വരയ്ക്കുകയോ കരകൗശല വസ്തുക്കൾ ഉണ്ടാക്കുകയോ ചെയ്യും. അധ്യാപകരോട് മാന്യമായി ഇടപെടുന്നുണ്ട് പഠനത്തിൽ ശ്രദ്ധ കൈവന്നിട്ടുണ്ട്.തുടർവായനശേഷി ആർജിക്കുകയും ലേഖനശേഷിയിൽ വളരെ വലിയ പുരോഗതി നേടിയെടുക്കുകയും ചെയ്തു.

### കേസ് സ്റ്റഡി (മോഡറേറ്റ്)

ഗവൺമെന്റ് യു.പി.എസ് വിതുരയിൽ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി 6 സി- യിൽ പഠിക്കുന്ന ഒരാൺകുട്ടിയിലുണ്ടായ മാറ്റത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. യാതൊരു വ്യക്തി ശുചിത്വവും ഇല്ലാതെയാണ് കുട്ടി സ്കൂളിൽ എത്തിയിരുന്നത്. നഖം വെട്ടുകയോ, കുളിക്കുകയോ മുടിചീകുകയോ, പല്ലു തേക്കുകയോ ചെയ്തിരുന്നില്ല. മാത്രമല്ല എല്ലാത്തിനോടും ഒരു തരം ദേഷ്യമായിരുന്നു അവന്. ആദ്യം ക്ലാസുകളിൽ എത്തുവാൻ വലിയ മടിയായിരുന്നു. വീട്ടിൽ ചെന്ന് അവനെ കൂട്ടിക്കൊണ്ടുവന്നാണ് പലപ്പോഴും പഠിപ്പിച്ചിരുന്നത്. ക്ലാസിലാകട്ടെ എല്ലാവരും ഒരു ശല്യമായിട്ടാണ് ഈ കുട്ടിയെ കണ്ടിരുന്നത്. ക്ലാസ് ടീച്ചർ പ്രത്യേകം ഒരു ബഞ്ചിലാണ് ഇവനെ ഇരുത്തിയിരുന്നതും. കുട്ടിക്ക് പേപ്പർ ക്രാഫ്റ്റിനോട് വലിയ താത്പര്യമുണ്ടായിരുന്നു. അതു കാണിച്ചും ചെയ്തുമാണ് അവനുമായി സൗഹൃദാന്തരീക്ഷം ഉണ്ടാക്കിയെടുത്തത് . ആദ്യമൊക്കെ ഒന്നും സംസാരിക്കാറില്ലായിരുന്നു. പതിയെ ആ ശീലം മാറ്റിയെടുത്തു. കഥകൾ വായിക്കാൻ ഉള്ള അവന്റെ അതിയായ ആഗ്രഹത്തെ മനസ്സിലാക്കി ഓരോക്ലാസിലും ഓരോ കഥ പറഞ്ഞു കൊടുക്കാനും തുടങ്ങി.

കുടുംബപശ്ചാത്തലവും കുട്ടിയുടെ പഠനാന്തരീക്ഷവും കണ്ടെത്തുന്നതിനായി ഭവനസന്ദർശനം നടത്തുകയുണ്ടായി. ഇതുവഴി അവന്റെ വീട്ടിലെ ചുറ്റുപാടിനെക്കുറിച്ചും ധാരണയുണ്ടാക്കാൻ സാധിച്ചു. അച്ഛൻ വളരെ കാലമായി തളർന്നു കിടപ്പിലാണ്. അമ്മയും ഒരനുജനുമാണ് പിന്നീടാവീട്ടിലുള്ളത്. അമ്മയുടെ വീട്ടുകാരുടെ സഹായത്താലാണ് അവർ കഴിഞ്ഞിരുന്നത്. അമ്മയുമായി സംസാരിച്ചതിൽനിന്നും വീട്ടിൽ യാതൊരു അടുക്കും ചിട്ടയും അവനില്ലാ എന്ന് അറിയാൻ സാധിച്ചു. കുളിക്കാൻ വിളിച്ചാൽ എവിടെയെങ്കിലും മറഞ്ഞിരിക്കുക, ചെറിയ കാര്യങ്ങൾക്കു പോലും പൊട്ടിത്തെറിക്കുക, ഇളയ കുട്ടിയെ ഉപദ്രവിക്കുക, എന്നിവ അവന്റെ രീതികളാണെന്ന് അമ്മ പങ്കുവയ്ക്കുകയുണ്ടായി.

പിന്നീട് തുടർച്ചയായി കുട്ടിയെ ക്ലാസിൽ കൊണ്ടുവന്നു. പഠനത്തോടൊപ്പം തന്നെ അവന്റെ സ്വഭാവത്തിലും വ്യക്തിശുചിത്വത്തിലും മാറ്റങ്ങളുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും നൽകിത്തുടങ്ങി. ഉപദേശങ്ങളൊന്നും ഇഷ്ടമല്ലാത്തതിനാൽ കഥകളിലൂടെയാണ് ഈ കാര്യങ്ങൾ ആദ്യം പറഞ്ഞുകൊടുത്തിരുന്നത്.

സാവധാനം വളരെ നല്ല മാറ്റം കുട്ടിയിൽ കാണാൻ തുടങ്ങി. ദിവസവും കുളിച്ചു വൃത്തിയായി സ്കൂളിൽ എത്താൻ തുടങ്ങി. ക്ലാസിൽ ഇപ്പോൾ വളരെ ശാന്തനാണെന്ന് ക്ലാസ് ടീച്ചർ അഭിപ്രായപ്പെട്ടു. ആഴ്ചയിലൊരിക്കൽ നഖം വെട്ടിയിട്ട് വിരലുകൾ കാണിക്കുമായിരുന്നു. രക്ഷാകർത്തൃ സന്ദർശന സമയത്ത് അമ്മ എത്തിച്ചേരുകയും കുട്ടിയുടെ ഈ വലിയ മാറ്റത്തെക്കുറിച്ച് വളരെ സന്തോഷത്തോടെ സംസാരിക്കുകയും ചെയ്തു. പഠനത്തിലും കുട്ടിയിൽ വലിയ വ്യത്യാസമുണ്ടായി. മോഡറേറ്റ് വിഭാഗത്തിൽ നിന്നും അവനെ മൈൽഡ് വിഭാഗത്തിലെത്തിക്കാൻ സാധിച്ചു. രക്ഷകർത്തൃ സന്ദർശന ഡയറിയിൽ അമ്മ ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി. കുട്ടിയിൽ എനിക്ക് ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. ഇവനെ എന്തുചെയ്യുമെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇപ്പോൾ വളരെ സന്തോഷം. വീട്ടിൽ വന്നാലും നല്ല ശാന്തനായി മാറി. പഠിക്കാൻ താൽപര്യം വന്നു. പത്രം വായിക്കാൻ തുടങ്ങി. എല്ലാത്തിനോടുമുള്ള ദേഷ്യം വളരെ കുറഞ്ഞു. അനുജനോട് ഇപ്പോൾ വളരെ സ്നേഹവുമാണ്.

**കേസ് സ്റ്റഡി (സിവിയർ)**

'തുണ'യുടെ ഭാഗമായി ഗവൺമെന്റ് യു.പി.എസ്. ആനത്തലവട്ടത്തുനിന്നും തെരഞ്ഞെടുത്ത ഒരു കുട്ടിയുടെ മാറ്റങ്ങൾ ഇപ്രകാരമാണ്: വായനയുടെയും എഴുത്തിന്റെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ കുട്ടിയെ സിവിയർ വിഭാഗത്തിൽ ഉൾപ്പെടുത്തി. പഠനസൗകര്യത്തിനായുള്ള എല്ലാ സാഹചര്യങ്ങളും വീട്ടിൽ കാണുന്നുണ്ട്. എന്നാൽ കുട്ടി ഒരു പ്രത്യേക സ്വഭാവക്കാരനാണ്. പൂർണ്ണമായ മാനസിക വളർച്ച വന്നിട്ടില്ലാത്ത ചില പ്രത്യേക സ്വഭാവസവിശേഷതകൾ ഉള്ള ഒരു കുട്ടിയാണ്. ഈ കുട്ടിയെ പരിചയപ്പെടുമ്പോൾ അവന്റെ ക്ലാസ് അധ്യാപിക പറഞ്ഞ വാക്കുകകൾ ഇപ്രകാരമാണ് 'ഈ കുട്ടിയാണ് സ്കൂളിലെ ഏറ്റവും വലിയ ദുഃഖം എങ്ങനെയെങ്കിലും അവനെക്കൊണ്ട് ഒരക്ഷരമെങ്കിലും വായിപ്പിക്കുകയും എഴുതിപ്പിക്കുകയും വേണം.'

സ്വന്തം പേരെഴുതാനറിയാം പക്ഷേ അതിലെ അക്ഷരങ്ങൾ തിരിച്ചറിയുന്നില്ല എന്നതാണ് കുട്ടിയുടെ പ്രശ്നം. ചില അക്ഷരങ്ങൾ എഴുതുന്നുണ്ടായിരുന്നു. അത് വായിക്കാനറിയില്ല. ചില സ്വഭാവവൈവിധ്യങ്ങളും കുട്ടിയിൽ കാണുന്നുണ്ട്. ഭയങ്കരമായ സ്നേഹപ്രകടനങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കത്തക്ക സംസാരവും പ്രവർത്തിയും എന്നിവയാണത്. പെട്ടെന്ന് ദേഷ്യം വരില്ല പക്ഷേ പ്രകോപിതനായാൽ കുട്ടിയെ നിയന്ത്രിക്കാൻ വളരെ ബുദ്ധിമുട്ടും ആണ്. ചില പ്രത്യേക സ്വഭാവ രീതികളുണ്ട്. ക്ലാസിൽ എണീറ്റു നടക്കുക, അടങ്ങിയിരിക്കില്ല, തീരെ സുഖമില്ല എന്നു പറഞ്ഞ് അഭിനയിക്കും. ഇതെല്ലാം കുട്ടിക്ക് പഠിക്കാനുള്ള മടിയെയാണ് സൂചിപ്പിക്കുന്നത്. എന്നിരുന്നാലും കുട്ടിയെ ആ സ്കൂളിൽ എല്ലാവർക്കും വലിയ താത്പര്യമായിരുന്നു. കുട്ടിയോട് സംസാരിച്ചും അവന്റെ ഇഷ്ടങ്ങൾക്കനുസരിച്ചും അവനെ പഠിപ്പിച്ചു തുടങ്ങി. ചിത്രക്കാർഡുകൾ കാണിച്ചും അക്ഷരക്കാർഡുകൾ കാണിച്ചും ക്രമേണ കുട്ടിയെ അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് കൊണ്ടുവന്നു. ഓരോ അക്ഷരങ്ങളായി അവൻ പഠിച്ചുതുടങ്ങി. ആദ്യമായി അവൻ 'ക' എന്ന അക്ഷരം പഠിച്ചു. 'കാക്ക' യുടെ ചിത്രം കാണിച്ചാണ് കുട്ടിയെ

'ക' എന്ന അക്ഷരത്തിലേക്ക് എത്തിച്ചത്. വളരെ നന്നായിട്ട് തന്നെ ആ അക്ഷരം പഠിക്കുകയും വീണ്ടും വീണ്ടും പുതിയ അക്ഷരങ്ങളിലേക്ക് എത്തുകയും ചെയ്തു. കുട്ടിയുടെ താത്പര്യത്തിനുസരിച്ചു തന്നെയാണ് ഓരോ അക്ഷരവും പറഞ്ഞുകൊടുത്തത്.

കുട്ടിക്ക് പഠനത്തിൽ താത്പര്യമുണ്ടെന്ന് മനസ്സിലാവുകയും കൂടാതെ മറ്റൊരു പ്രത്യേകത അവനിൽ കണ്ടു – മികച്ച ഓർമ്മശക്തി പറഞ്ഞു കൊടുക്കുന്നതെന്തും അതേപടി പഠിക്കുകയും അത് എപ്പോൾ ചോദിച്ചാലും പറയുകയും ചെയ്യുന്നു. അതൊരു വലിയ മാറ്റമായിരുന്നു. കുട്ടിയിൽ പഠിക്കുന്നതിനുള്ള ഒരു കഴിവുണ്ട്. അതുകൂടാതെ നന്നായിട്ട് വരയ്ക്കാനുമുള്ള കഴിവ് കുട്ടിയിൽ കണ്ടെത്തുകയും ചെയ്തു.

ക്രമേണ കൂടുതൽ അക്ഷരങ്ങൾ പഠിക്കുകയും വാക്കുകൾ പഠിക്കുകയും ചെയ്തു തുടങ്ങി. കുട്ടിയുടെ ഇഷ്ടാനുസരണമുള്ള ഒരു പഠനരീതിയാണ് അവലംബിച്ചിരുന്നത്. വാക്കുകളെല്ലാം നന്നായി വായിക്കാനും എഴുതുവാനും തുടങ്ങി. ഇതോടൊപ്പം തന്നെ കുട്ടിയുടെ സ്വഭാവത്തിലും വ്യക്തമായ മാറ്റം കണ്ടു തുടങ്ങി. ക്ലാസിൽ അടങ്ങിയൊതുങ്ങിയിരിക്കാനും പഠിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും തുടങ്ങി. കുട്ടിയുടെ അമ്മയിൽ നിന്നും അവനുണ്ടായ മാറ്റങ്ങൾ കൂടുതൽ അറിയാൻ കഴിഞ്ഞു. എന്തുകൊടുത്താലും വായിക്കാനും ബസ്സിന്റെ ബോർഡുകൾ വായിക്കാനും തുടങ്ങിയെന്നും കഥാപുസ്തകങ്ങൾ അക്ഷരം കൂട്ടി വായിക്കുന്നുവെന്നും പറഞ്ഞു. ഓരോ വിലയിരുത്തലുകൾ കഴിയുന്തോറും കുട്ടിയിൽ പ്രകടമായ മാറ്റങ്ങൾ കാണുകയും സിവിയർ എന്ന വിഭാഗത്തിൽ നിന്നും മോഡറേറ്റ് എന്ന വിഭാഗത്തിലെ കുട്ടികളോടൊപ്പം എത്തുകയും ചെയ്തു.

കുട്ടിയെക്കൊണ്ട് ചിത്രം വരപ്പിക്കുകയും അവയ്ക്ക് നിറം കൊടുപ്പിക്കുകയും ചെയ്തു. അവനിൽ ഒരു ചിത്രരചനാ പാടവം ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അത് നന്നായി പുറത്തു കൊണ്ടുവരാൻ കഴിഞ്ഞു. അതോടൊപ്പം അവന്റെ വായനയെ പരിപോഷിപ്പിക്കത്തക്ക ചെറിയ കഥകൾ, ചിത്രകഥകൾ എന്നിവ വായിപ്പിച്ച് ഒരു തുടർവായനശേഷി കൈവരുത്തി. സ്കൂൾ അസംബ്ലിയിൽ ചോദ്യോത്തര പംക്തി അവതരിപ്പിച്ചു. പ്രാർഥന ചൊല്ലി – ഇതെല്ലാം അവനിൽ ഉണ്ടായ ക്രമാനുഗതമായ മാറ്റങ്ങളായിരുന്നു.

ഈ മാറ്റങ്ങളെല്ലാം ഉൾക്കൊണ്ട് എസ്.സി.ഇ.ആർ.ടി.-യിൽനിന്നും അവസാന വിലയിരുത്തലിന് വന്നപ്പോൾ കുട്ടിയുടെ തുടർവായനാശേഷിയുടെ അടിസ്ഥാനത്തിൽ കുട്ടിയെ മോഡറേറ്ററിൽ നിന്നും മൈൽഡ് വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തു. കുട്ടിയുടെ ക്രമാനുഗതമായ ഈ മാറ്റത്തിലും അവന്റെ കഴിവിലും എല്ലാവരിലും അത്ഭുതം ഉളവായി. അവനിപ്പോൾ നല്ല മിടുക്കനായ ഒരു കുട്ടിയായി മാറിയിരിക്കുന്നു. സ്വഭാവത്തിലും അവനിലുണ്ടായ മാറ്റം എടുത്തു പറയത്തക്കതാണ്. രക്ഷകർത്തൃ ഡയറിയിൽ അവന്റെ അമ്മ ഇങ്ങനെ എഴുതിയിട്ടുണ്ട്. "അവനിൽ എനിക്കിപ്പോൾ ഒരു വലിയ പ്രതീക്ഷയുണ്ട്. കുട്ടി പുസ്തകങ്ങൾ വായിച്ചു തുടങ്ങി. സ്വയം അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എഴുതി തുടങ്ങി ഇതെല്ലാം എനിക്ക് വളരെയധികം സന്തോഷം തരുന്നു. 'തുണ' എന്ന പദ്ധതിയോടാണ് ഏറ്റവും കൂടുതൽ നന്ദി പ്രകടിപ്പിക്കുന്നത്".

ഇത്തരത്തിലുള്ള ഒത്തിരി കുട്ടികൾ ഇന്ന് നമ്മുടെ സ്കൂളിൽ കാണുന്നുണ്ട്. അവർക്കെല്ലാം ഈ പദ്ധതി തുണയാകുമെങ്കിൽ – ഈ കേസ് സ്റ്റഡികൾ അതിനുള്ള ഉദാഹരണമായി തീരട്ടെ.

### 3.3 പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ

#### *(a) പൊതുകാരണങ്ങൾ*

കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ഭവന സന്ദർശനത്തിൽ നിന്നും റിസോഴ്സ് അധ്യാപകർ കണ്ടെത്തിയ പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ ക്രോഡീകരിച്ചത് പട്ടിക 3.8 ൽ കൊടുക്കുന്നു.

**പട്ടിക 3.8**
**പഠന പിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ**

| നമ്പർ | കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|---|
| 1 | രക്ഷിതാക്കളുടെ അമിത മദ്യപാനം | 159 | 58.24 |
| 2 | കുടുംബത്തിലെ വഴക്ക് കൂടൽ | 176 | 64.46 |
| 3 | ഏക രക്ഷാകർതൃത്വം | 46 | 16.84 |
| 4 | വീട്ടിലെ അക്രമങ്ങൾ | 36 | 13.18 |
| 5 | അമിതമായ ടി.വി കാണൽ | 215 | 78.75 |
| 6 | രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് | 26 | 9.5 |
| 7 | വീടുകളിലെ മോശമായ പഠന സൗകര്യങ്ങളും പഠനാന്തരീക്ഷവും | 248 | 90.8 |
| 8 | പഠനകാര്യങ്ങളിലെ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ് | 241 | 88.27 |
| 9 | കുട്ടികളിലെ പഠനവൈകല്യങ്ങൾ | 10 | 3.6 |
| 10 | പെരുമാറ്റ വൈകല്യങ്ങൾ | 25 | 9.1 |

പഠനപിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ 90.8 % (248) വീടുകളിൽ മോശമായ പഠനസൗകര്യങ്ങളും പഠനാന്തരീക്ഷവുമാണ് ഉള്ളതെന്ന് കണ്ടെത്തി. പഠനകാര്യങ്ങളിലെ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ് 88.27% (241) ആണ്. 78.75% (215) വീടുകളിൽ അമിതായ ടി.വി കാണൽ പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നുണ്ട്. 64.46% (176) വീടുകളിൽ കുടുംബത്തിലെ വഴക്കും 58.24% (159) രക്ഷിതാക്കളുടെ അമിത മദ്യപാനവും പഠനപിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നുണ്ട്. 3.6% (10) കുട്ടികളിൽ പഠന വൈകല്യമുള്ളതായി കണ്ടെത്തുകയുണ്ടായി. രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസക്കുറവും സ്ഥിരമായ വരുമാനമില്ലാത്തതും തൊഴിലില്ലാത്തതും പഠനപിന്നാക്കാവസ്ഥയിലേക്ക് നയിക്കുന്നുണ്ട്.

കുടുംബത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ചും, വീട്ടിലെ പഠനസൗകര്യങ്ങൾ സംബന്ധിച്ചും കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷകർത്താക്കളുടെ താല്പര്യം തുടങ്ങിയവ സംബന്ധിച്ചും അന്വേഷണം നടത്തുകയുണ്ടായി. വീടുകളിലെ മോശമായ പഠന സൗകര്യങ്ങളും പഠനാന്തരീക്ഷവും പഠന കാര്യങ്ങളിലെ രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവും, വീടുകളിലെ അമിതമായ ടി.വി കാണലും, കുടുംബത്തിലെ വഴക്കും, രക്ഷിതാക്കളുടെ മദ്യപാനവുമാണ് പഠനപിന്നാക്കാവസ്ഥയ്ക്കുള്ള മുഖ്യകാരണങ്ങൾ എന്നു കണ്ടെത്താവുന്നതാണ്.

### രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരം

പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷിതാക്കൾ എത്രത്തോളം വിദ്യാഭ്യാസമുളളവരാണെന്ന് ഈ പഠനത്തിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. വിശദാംശങ്ങൾ പട്ടിക 3.9 ൽ കൊടുക്കുന്നു.

**പട്ടിക 3.9**
**രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരം**

| രക്ഷിതാക്കളുടെ വിദ്യാഭ്യാസ യോഗ്യത | പിതാവ് | ശതമാനം | മാതാവ് | ശതമാനം |
|---|---|---|---|---|
| വിദ്യാഭ്യാസം 1 മുതൽ 10 വരെ | 231 | 84.61 | 215 | 78.75 |
| +2 | 22 | 8.05 | 32 | 11.72 |
| ഡിഗ്രി | 4 | 1.46 | 16 | 5.86 |
| വിദ്യാഭ്യാസം ഇല്ലാത്തവർ | 16 | 5.86 | 10 | 3.66 |

പട്ടിക 3.9 പ്രകാരം 273 കുട്ടികളിൽ 231 (84.61%) കുട്ടികളുടെ പിതാവിന്റെ വിദ്യാഭ്യാസം 10-ാം തരം വരെ മാത്രമാണ്. +2 യോഗ്യത നേടിയവർ 22 (8.05%) പേരും, ഡിഗ്രി വിദ്യാഭ്യാസമുള്ളവർ 4 (1.46%) പേരും, വിദ്യാഭ്യാസം ഒട്ടുംതന്നെ ഇല്ലാത്തവർ 16 (5.86%) പേരുമുണ്ട് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികളുടെ മാതാവിന്റെ വിദ്യാഭ്യാസ യോഗ്യതകളും ഏറെക്കുറെ സമാനമാണ്. 10-ാംതരം വരെ 215 (78.75%) ഹയർസെക്കന്ററി 32 (11.72%), ഡിഗ്രി 16 (5.86%) ഒട്ടും വിദ്യാഭ്യാസമില്ലാത്തവർ 10 (3.66%) എന്നിങ്ങനെയാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് പഠനപിന്നാക്കവസ്ഥയ്ക്കുള്ള ഒരു കാരണമായി ചൂണ്ടികാണിക്കാൻ സാധിക്കുന്നു.

### രക്ഷിതാക്കളുടെ തൊഴിൽ

രക്ഷിതാക്കളുടെ കുടുംബത്തിന്റെ വരുമാനം അവരുടെ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷകർത്താക്കളുടെ തൊഴിലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പട്ടിക 3.10 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.10**
**രക്ഷിതാക്കളുടെ തൊഴിൽ വിശദാംശങ്ങൾ**

| കൂലിപ്പണി | | കച്ചവടം | | വിദേശത്ത് തൊഴിൽ എടുക്കുന്നവർ | | സർക്കാർ ജോലി ഉള്ളവർ | | മറ്റുള്ളവ | | ജോലി ഇല്ലാത്തവർ | |
|---|---|---|---|---|---|---|---|---|---|---|---|
| പിതാവ് | മാതാവ് | പിതാവ് | മാതാവ് | പിതാവ് | മാതാവ് | പിതാവ് | മാതാവ് | പിതാവ് | മാതാവ് | പിതാവ് | മാതാവ് |
| 205 | 64 | 4 | 1 | 30 | 2 | 2 | 4 | 18 | 29 | 14 | 173 |
| 75.09% | 23.44% | 1.46% | 0.36% | 10.98% | 0.73% | 0.73% | 1.46% | 6.59% | 10.62% | 5.12% | 63.36% |

273 കുട്ടികളുടെ രക്ഷകർത്താവിന്റെ തൊഴിൽ പരിശോധിക്കുമ്പോൾ 205 കുട്ടികളുടെ (75.09%) പിതാവിന്റെ തൊഴിൽ കൂലിപ്പണിയാണ്. 30 പേരുടെ പിതാക്കൾ (10.98%) വിദേശത്താണ്. സർക്കാർ ജോലിയുള്ളവർ 2 (0.73%). മറ്റ് ജോലികളിൽ ഏർപ്പെടുന്നവർ 18 (6.59%). ഒരു ജോലിയുമില്ലാത്തവർ 14 (5.12%) ഉം ആണ്.

മാതാവിന്റെ തൊഴിൽ പരിശോധിക്കുമ്പോൾ 173(63.36%) പേരും വീട്ടമ്മയായി കഴിയുന്നവരാണ്. കൂലിപ്പണിക്ക് പോകുന്നവരും 64 (23.44%) ഉണ്ട്. ചെറുകിട പണികളൊക്കെ ചെയ്യുന്നവർ 29 (10.62%) ആണ്.

പൊതുവിൽ രക്ഷകർത്താക്കളുടെ സ്ഥിരമായ തൊഴിലില്ലാത്ത അവസ്ഥ വരുമാനത്തെ ബാധിക്കുന്നു. അതുപ്രകാരം കുട്ടികൾ പഠനപിന്നാക്കാവസ്ഥയിലേക്ക് പോകുന്ന അവസ്ഥയുണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു.

***(b) വ്യക്തിപരമായ കാരണങ്ങൾ***

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ കണ്ടു വരുന്ന പെരുമാറ്റ വൈകല്യങ്ങളും സ്വഭാവ വ്യതിയാനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 3.11 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.11**

**കുട്ടികളുടെ സ്വഭാവം, പെരുമാറ്റം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ**

| നം | ഇനം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| 1 | സ്വസ്ഥമായി, ഒരു സ്ഥലത്ത് ഇരിക്കാത്തവർ (ക്ലാസിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർ, ഓടി നടക്കുന്നവർ) | 49 | 17.94 | 224 | 82.05 |
| 2 | ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തവർ (മറ്റുള്ളവരുമായി ഇടപെടാൻ കഴിയാതെ, കുറച്ച് സമയം മാത്രം ശ്രദ്ധിക്കാൻ കഴിയുന്നവർ) | 95 | 34.79 | 178 | 65.20 |
| 3 | സംസാരത്തിലും, പ്രവർത്തികളിലും നിന്ന് ശ്രദ്ധ വ്യതിചലിക്കുന്നവർ (ഒരു പ്രവർത്തി തന്നെ തുടരാൻ കഴിയാത്തവർ, വിഷയത്തിൽ നിന്നും വ്യതിചലിക്കുന്നവർ) | 100 | 36.63 | 173 | 63.36 |
| 4. | പ്രകടനത്തിനുള്ള ആത്മവിശ്വാസകുറവ് | 148 | 54.21 | 125 | 45.78 |
| 5. | അവനവന്റേതല്ലാത്ത വസ്തുക്കൾ എടുക്കുന്ന പ്രവണത | 9 | 3.29 | 264 | 96.70 |
| 6. | കള്ളം പറയുക | 40 | 14.65 | 233 | 85.34 |
| 7 | മോഷ്ടിക്കുക | 9 | 3.29 | 264 | 96.70 |
| 8. | മോശമായ ഭാഷ ഉപയോഗിക്കുക | 19 | 6.95 | 254 | 93.04 |
| 9. | സ്വന്തം കുറ്റങ്ങൾക്ക് മറ്റുള്ളവരെ പഴി ചാരുക | 20 | 7.32 | 253 | 92.67 |
| 10. | മറ്റുള്ളവരെ കായികമായി നേരിടുക | 17 | 6.22 | 256 | 93.77 |
| 11. | അശ്ലീല ചിത്രങ്ങൾ കാണുക | 1 | 0.36 | 272 | 99.63 |

പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവ് പഠനപിന്നാക്കാവസ്ഥയിലുള്ള 54.21% (148) കുട്ടികളിൽ കാണപ്പെടുന്നു. പ്രവർത്തനങ്ങളിൽ നിന്നും ശ്രദ്ധ വ്യതിചലിക്കുന്നർ 36.63% (100) ഉള്ളതായി കണ്ടെത്തി. 34.79% (95) കുട്ടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ടുള്ളതായി കണ്ടെത്തി.

പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവ്, പ്രവർത്തനങ്ങളിൽ നിന്ന് ശ്രദ്ധ

വ്യതിചലിക്കൽ, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ് പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളിൽ പ്രധാനമായും കാണപ്പെടുന്ന സ്വഭാവ വ്യതിയാനങ്ങൾ.

***(c) വിദ്യാഭ്യാസ കാര്യങ്ങളിലുള്ള രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ്***

ഗൃഹ സന്ദർശന സമയത്തെ രക്ഷകർത്താക്കളുമായി സംസാരിച്ചതിൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ ഒട്ടും താൽപര്യം കാണിക്കാത്തവരാണ് ഭൂരിഭാഗവും എന്ന് കണ്ടെത്തുകയുണ്ടായി. രക്ഷകർത്താക്കളോട് ഇതിന്റെ ആവശ്യകത ചൂണ്ടികാണിച്ചപ്പോൾ അവർക്ക് താല്പര്യമുണ്ടായി. കുട്ടികളിൽ പടിപടിയായി ഉണ്ടാകുന്ന മാറ്റത്തിൽ അവർ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. സ്കൂളിൽ പഠനകാര്യങ്ങൾ അന്വേഷിച്ച് വരാനും സ്കൂളിൽ അതിനായി സൂക്ഷിച്ചിട്ടുള്ള ഡയറിയിൽ അഭിപ്രായങ്ങൾ എഴുതാനും തുടങ്ങി. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 3.12ൽ കൊടുക്കുന്നു.

**പട്ടിക 3.12**
**രക്ഷാകർത്തൃ സന്ദർശന ഡയറിയുടെ വിശദാംശങ്ങൾ**

| നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | സന്ദർശിച്ചി-ട്ടില്ല | ഒന്നോ രണ്ടോ തവണ സന്ദർശിച്ചവർ | അഞ്ച് തവണ സന്ദർശിച്ചവർ |
|---|---|---|---|---|---|
| 1. | G.U.P.S ആനത്തലവട്ടം | 11 | 1 | 2 | 8 |
| 2. | G.U.P.S പിള്ളയാർകുളം | 19 | 1 | 12 | 6 |
| 3. | G.U.P.S ചിറയിൻകീഴ് | 23 | ഇല്ല | 19 | 4 |
| 4. | G.U.P.S പാലാവിള | 38 | 2 | 27 | 9 |
| 5. | G.U.P.S ആനപ്പാറ | 29 | 3 | 5 | 21 |
| 6. | G.U.P.S വിതുര | 153 | 1 | 94 | 58 |
| | **ആകെ** | **273** | **8** | **159** | **106** |

പട്ടികയിൽ 3.12 ൽ നിന്നും പദ്ധതി നടപ്പിലാക്കിയ കാലയളവിൽ അഞ്ച് പ്രാവശ്യമെങ്കിലും സ്കൂൾ സന്ദർശിക്കുകയും രക്ഷാകർത്തൃ ഡയറിയിൽ രേഖപ്പെടുത്തൽ നടത്തുകയും ചെയ്തത് 106 പേർ (39%) ആണ്. 159 പേർ (58.24%) വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ സന്ദർശനം നടത്തുകയും ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തുള്ളൂ. എന്നാൽ എട്ട് പേർ (3%) സ്കൂളിൽ സന്ദർശനം നടത്തിയിട്ടില്ല.

സ്കൂളിൽ എത്തിച്ചേരുന്ന രക്ഷകർത്താക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്ന രേഖയാണിത്. രക്ഷാകർത്താക്കൾ

അവരുടെ കുട്ടികളിലുണ്ടായ ഓരോ മാറ്റത്തെക്കുറിച്ചും ഈ ഡയറിയിൽ രേഖപ്പെടുത്തുന്നുണ്ട്. ഡയറി പരിശോധിക്കുമ്പോൾ ഓരോ തവണയും രക്ഷകർത്താവിന്റെ അഭിപ്രായങ്ങൾക്ക് ഉണ്ടാകുന്ന മാറ്റം തിരിച്ചറിയാനും കഴിയുന്നു. കുട്ടികളുടെ പഠന പുരോഗതിക്കു പുറമെ തന്നെ റിസോഴ്സ് ടീച്ചറിന്റെ ഇടപെടൽ മൂലം കുടുംബത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും രക്ഷകർത്താക്കൾ ഇതിൽ രേഖപ്പെടുത്താറുണ്ട്.

രക്ഷാകർത്തൃ ഡയറി പരിശോധിക്കുമ്പോൾ സ്കൂൾ സന്ദർശനങ്ങളും അതിൽ രേഖപ്പെടുത്താൻ അവസരം നൽകുന്നതും രക്ഷകർത്താക്കളുടെ അഭിപ്രായം വെളിപ്പെടുത്തുന്നതിനും അതനുസരിച്ച് കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും സ്കൂളും രക്ഷകർത്താവും തമ്മിലുള്ള അടുപ്പം കൂട്ടുന്നതിനും സഹായിക്കുന്നുവെന്ന് കണ്ടെത്തി.

**രക്ഷാകർത്തൃ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ**

അതാത് സ്കൂളുകളിലെ പി.റ്റി.എ യും പഞ്ചായത്തും സംയുക്തമായി പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ പരിപാടി ജൂലായ് 2017 ൽ നടത്തി. ഈ യോഗങ്ങളിൽ 90% രക്ഷിതാക്കളും പങ്കെടുക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒക്ടോബർ മാസത്തിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും നടത്തുകയുണ്ടായി. ഇതിൽ എല്ലാ രക്ഷകർത്താക്കളും പങ്കെടുക്കുകയുണ്ടായി.

***(d) പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർ ഉൾപ്പെടുന്നത്.***

'തുണ'പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന 10 കുട്ടികളെ കണ്ടെത്തി. ഇതിൽ 7 കുട്ടികൾ നേരിയ ബുദ്ധിപരിമിതി ഉള്ളവരും 2 കുട്ടികൾ ഓട്ടിസം ബാധിച്ചവരും 1 കുട്ടി അടങ്ങിയിരിക്കാത്ത സ്വഭാവം (hyper active) പ്രകടിപ്പിക്കുന്നതുമാണ്. ഇത്തരത്തിലുള്ള കുട്ടികൾക്കും പദ്ധതി നിർദേശിച്ച പ്രകാരം തന്നെ ക്ലാസുകൾ നൽകി. കുട്ടിക്ക് കൂടുതൽ പിന്തുണ നൽകിയപ്പോൾ കുട്ടിയുമായി ആത്മബന്ധം വളർത്തുവാനും പഠനത്തിലേക്ക് നയിക്കുവാനും സാധിച്ചു. ആശയവിനിമയം നടത്തുവാനുള്ള പ്രവർത്തനങ്ങൾ നൽകുകയും കളിയിലൂടെയും ലഘുപ്രവർത്തനങ്ങളിലൂടെയും പഠനത്തിലേക്ക് ആകർഷിക്കുവാനും സാധിച്ചു. അക്ഷരങ്ങൾ വരയ്ക്കുക, ചിത്രങ്ങൾക്ക് നിറം നൽകുക, കുത്തുകൾ യോജിപ്പിച്ച് വരയ്ക്കുക, ചിത്രം, നിറം എന്നിവ താരതമ്യം ചെയ്യൽ, ജീവിയുടെ ശബ്ദം അനുകരിക്കൽ എന്നീ പ്രവർത്തനങ്ങൾ കുട്ടികളുടെ ഇഷ്ടം അനുസരിച്ച് നൽകി. ചില കുട്ടികളെ അക്ഷരങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു. ഇത്തരത്തിൽ കുട്ടികളുടെ പഠനനിലാവാരം ഉയർത്താൻ കഴിഞ്ഞു.

### 3.4 പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഇടപെടൽ – അധ്യാപകരുടെ കാഴ്ചപ്പാടിൽ

പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 'തുണ' പദ്ധതി നടപ്പിലാക്കിയതിൽ പൂർണ്ണ പങ്ക് വഹിച്ചത് പന്ത്രണ്ട് റിസോഴ്സ്

അധ്യാപകരാണ്. സ്തുത്യർഹമായ സേവനം നിർവഹിക്കുന്നതോടൊപ്പം തന്നെ ഒട്ടേറെ ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നു. അവരുമായി നടത്തിയ അഭിമുഖത്തിൽ നിന്നും പല വസ്തുതകളും വെളിപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**a) പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള 'തുണ' പദ്ധതി ഫലപ്രദമായതിന്റെ കാരണങ്ങൾ**

അടിസ്ഥാനപരമായി മാറ്റമില്ലാതായിട്ട് ഒരു കുട്ടിപോലുമില്ലായെന്നുള്ളത് ഈ പദ്ധതിയുടെ വിജയമായി കാണാം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മാത്രമാണ്. മെച്ചപ്പെട്ട മാറ്റം കാണാതിരിക്കുന്നത്. തുണ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമായി കാണാൻ കഴിഞ്ഞത് കുട്ടികളും രക്ഷിതാക്കളുമായിട്ട് റിസോഴ്സ് അധ്യാപകർക്ക് ആത്മബന്ധം വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നതാണ്. കുട്ടിയുടെ നിലവാരം പിന്നിലായിരുന്നെന്ന് രക്ഷകർത്താവിനെ ബോധ്യപ്പെടുത്താൻ ഇതിലൂടെ സാധിച്ചു. ഈ പദ്ധതിയുടെ ഒരു പ്രത്യേകതയായിരുന്നു വ്യക്തിഗത പഠനം. ഈ സമീപനം കുട്ടികൾക്ക് വളരെയധികം അനുയോജ്യമായിരുന്നു. പഠന പ്രവർത്തനങ്ങളിലെ അവരുടെ പോരായ്മകൾ മടികൂടാതെയും പേടിയില്ലാതെയും റിസോഴ്സ് അധ്യാപകരുമായി പങ്ക് വയ്ക്കുമായിരുന്നു.

**b) പരിശീലനം സംബന്ധിച്ച്**

- റിസോഴ്സ് അധ്യാപകർക്ക് കൂടുതൽ പരിശീലനം ആവശ്യമാണ്.
- മൈൽഡ്, മോഡറേറ്റ്, സിവിയർ ഈ മൂന്ന് വിഭാഗങ്ങൾക്കും പ്രത്യേകമായി പഠന പ്രവർത്തനങ്ങളും പഠന സാമഗ്രികളും പരിശീലനവും ആവശ്യമാണ്.
- ചിഹ്നങ്ങൾ ഉറയ്ക്കുന്ന രീതിയിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന (MR, Autism) കുട്ടികൾക്ക് അതുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ നൽകാൻ കഴിയണം.

**c) വ്യക്തിഗത പ്രവർത്തനങ്ങളിൽ മികവാർന്നത്**

റിസോഴ്സ് അധ്യാപകർ നടത്തിയ വ്യക്തിഗത പ്രവർത്തനങ്ങളിൽ വായനാ പ്രവർത്തനം. അക്ഷരകാർഡുകളിലൂടെ അക്ഷരങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനം, അധ്യാപക സഹായിലെ പ്രവർത്തനങ്ങൾ എന്നിവ ഏറ്റവും മികവാർന്നതായിരുന്നു. ഇതു കൂടാതെ സിവിയർ വിഭാഗക്കാർക്ക് അക്ഷര ങ്ങൾ തിരിച്ചറിഞ്ഞ് ആ അക്ഷരത്തിനെ വട്ടത്തിലാക്കുന്ന പ്രവർത്തനവും, മോഡറേറ്റ് വിഭാഗക്കാർക്ക് പദനിർമാണവും മൈൽഡ് വിഭാഗകാർക്ക് വായ ന, കഥാപൂർത്തിയാക്കൽ വിവരണം തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങളും ഏറെ പ്രയോജനകരമായിരുന്നു.

**d) റിസോഴ്സ് അധ്യാപകർ നേരിട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ**

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് വെല്ലുവിളിയായിരുന്നു.

- ചിഹ്നങ്ങൾ ഉറപ്പിക്കുന്നത് വെല്ലുവിളിയായിരുന്നു.
- ഉചിതമായ പഠന സാമഗ്രികളുടെ കുറവ്
- സമയക്കുറവ്

**e) പദ്ധതി – രക്ഷിതാക്കളുടെ സ്വീകാര്യത**

രക്ഷിതാക്കൾക്ക് 100% സ്വീകാര്യമായിരുന്നു. ഈ പദ്ധതിയിലൂടെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു.

**f) രക്ഷിതാക്കളും അധ്യാപകരുമായുള്ള സഹകരണം**

ബോധവൽക്കരണ ക്ലാസ്സിലൂടേയും ഭവന സന്ദർശനത്തിലൂടെയും രക്ഷിതാക്കളുമായി നല്ലൊരു സൗഹൃദം ഉണ്ടാക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള സൗഹൃദത്തിലൂടെ രക്ഷിതാക്കളെ സ്കൂളിലെത്തിക്കാൻ കഴിയുകയും അവർ റിസോഴ്സ് അധ്യാപകരുടെ നിർദ്ദേശപ്രകാരം ക്ലാസ്സ് അധ്യാപകരെ കണ്ട് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്താനും സാധിച്ചു..

**g) രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടി**

- വീടുകളിലെ പഠന സാഹചര്യം മെച്ചപ്പെടുത്തി രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തി.
- ടി.വി യുടേയും മൊബൈലിന്റെയും ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞു.
- സ്വഭാവ രൂപീകരണത്തിലും വ്യക്തിശുചിത്വത്തിലും രക്ഷിതാക്കളെ ബോധവാൻമാരാക്കി.
- രക്ഷിതാക്കളുടെ മദ്യപാനം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞു.

**h) ത്രിതല പഞ്ചായത്തും സ്കൂളും തമ്മിലുള്ള ബന്ധം**

- വ്യക്തിഗത പഠനത്തിന് പ്രാധാന്യം നൽകി സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതുണ്ട്.
- കുട്ടികളുടെ പഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.
- കുട്ടികളുടെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- കുട്ടികളുടെ ആരോഗ്യകാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.
- കുട്ടികൾക്ക് മനശാസ്ത്ര വിദഗ്ധരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കാവുന്നതാണ്.

**i) റിസോഴ്സ് അധ്യാപകർ നൽകിയ കൗൺസലിംഗ് സംബന്ധിച്ച്**

പഠനപ്രവർത്തനങ്ങൾക്ക് ഒപ്പം തന്നെ കുട്ടിയുടെ സ്വഭാവ രൂപീകരണത്തിലും വ്യക്തി ശുചിത്വത്തിലും ആരോഗ്യപരമായ കാര്യങ്ങളിലും ഉചിതമായ നിർദ്ദേശങ്ങൾ യഥാസമയം കുട്ടിക്ക് നൽകുകയും അത് എത്ര

ത്തോളം ഫലപ്രാപ്തിയിലെത്തിയെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു.

കുട്ടികളുടെ പെരുമാറ്റ രീതിയിലാണ് കൂടുതൽ മാറ്റം വരുത്താൻ കഴിഞ്ഞത്. വ്യക്തി ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു. കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ടി.വി യുടേയും മൊബൈൽ ഫോണിന്റെയും ഉപയോഗം കുറയ്ക്കണമെന്നും മറ്റ് ദുശ്ശീലങ്ങൾ ഉപേക്ഷിക്കണമെന്നും അത് കൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് രക്ഷിതാക്കളെ പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുണ്ട്.

**j) പദ്ധതി മെച്ചപ്പെടുത്താനുള്ള റിസോർഴ്സ് അധ്യാപകരുടെ നിർദ്ദേശങ്ങൾ**

- കൂടുതൽ പഠന സാമഗ്രികൾ ലഭ്യമാക്കണം.
- അനുയോജ്യമായ ഒരു ക്ലാസ്സ് മുറി റിസോഴ്സ് അധ്യാപകന് ആസൂത്രണം നിർവഹിക്കാനായി സ്കൂളിൽ ലഭ്യമാക്കണം.
- കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകേണ്ട പരിശീലനത്തെക്കുറിച്ച് റിസോഴ്സ് അധ്യാപകന് കൂടുതൽ പരിശീലനം നൽകണം.
- മൈൽഡ്, മോഡറേറ്റ്, സിവിയർ വിഭാഗങ്ങൾക്ക് പ്രത്യേകം പഠനപ്രവർത്തനങ്ങളും പഠനസാമഗ്രികളും ആവശ്യമാണ്.
- എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കണം.
- വിവരവിനിമയ വിദ്യയുടെ സാധ്യതകൾ പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. അതു കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ നടത്താൻ കഴിയുമായിരുന്നു.

# 4 കണ്ടെത്തലുകളും നിർദ്ദേശങ്ങളും

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനപുരോഗതി ലക്ഷ്യമാക്കി നടപ്പിലാക്കിയ 'തുണ' പദ്ധതിയുടെ വിശകലനവും വ്യാഖ്യാനങ്ങളും കഴിഞ്ഞ അധ്യായത്തിൽ നൽകിയിരുന്നു. അതിനെ ആധാരമാക്കിയുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളുമാണ് ഇവിടെ നൽകുന്നത്.

## 4.1 കണ്ടെത്തലുകൾ

### അപ്പർ പ്രൈമറി തലത്തിലെ പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനനിലവാരം

അപ്പർ പ്രൈമറി തലത്തിൽ 23 % കുട്ടികൾ ആണ് പഠനപിന്നാക്കാവസ്ഥയിലുള്ളതെന്ന് പഠനം തെളിയിക്കുന്നു. പഠനപിന്നാക്കാവസ്ഥയുടെ തീവ്രത അനുസരിച്ച് ഇവരെ -മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ആകെ കണ്ടെത്തിയ പഠനപിന്നാക്കാവസ്ഥയുള്ള 273 കുട്ടികളിൽ തീവ്ര(സിവിയർ) വിഭാഗവും, ശരാശരി(മോഡറേറ്റ്) വിഭാഗവും കൂടി (65+141=206) 75.45 ശതമാനം കുട്ടികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. നേരിയ പഠനപിന്നാക്കാവസ്ഥയുള്ളവർ തീരെ കുറവാണ്.

- **പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ**

സ്ഥിരമായ അക്ഷരത്തെറ്റ്, തുടർച്ചയായി വേഗത്തിൽ വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങൾ മനസ്സിലാക്കി വാക്കുകളാക്കി വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാൻ ബുദ്ധിമുട്ട്, എഴുതുമ്പോൾ വിരാമ ചിഹ്നങ്ങൾ ക്രമമല്ലാതെ ഉപയോഗിക്കൽ, പഠിക്കുന്നതിന് പ്രത്യേക സമയവും സ്ഥലവും ഇല്ലാതിരിക്കൽ എന്നിവയാണ് പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ.

- **പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ്**

പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ ചിത്രകല, നൃത്തം തുടങ്ങിയ വിവിധ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് കണ്ടെത്താൻ കഴിഞ്ഞു.

- **പോർട്ട്ഫോളിയോ വിശദാംശങ്ങൾ**

അധ്യാപകർ ഓരോ കുട്ടിയുടേയും പോർട്ട്ഫോളിയോ വിലയിരുത്തലിന് വിധേയമാക്കുന്നത് പഠന പുരോഗതി ഉറപ്പാക്കാൻ സഹായകമാണ് എന്ന് കണ്ടെത്തുകയുണ്ടായി.

- **പഠന പിന്നാക്കാവസ്ഥയുടെ പുരോഗതി**

പഠനപിന്നാക്കാവസ്ഥയിലുള്ള 73% കുട്ടികൾ പ്രത്യേക ഇടപെടലിനുശേഷം പഠനപുരോഗതി കൈവരിച്ചതായി കാണാം. വ്യക്തിഗത പഠനത്തിന് അവസരം നൽകുന്നതിലൂടെ പഠനപിന്നാക്കാവസ്ഥ പരിഹരിച്ച്, പഠനപു

രോഗതി കൈവരിക്കുന്നതിന് കഴിയുന്നു എന്ന് പഠനത്തിലൂടെ കണ്ടെത്താൻ സാധിച്ചു.

**പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ സ്കൂൾതല വിശദാംശങ്ങൾ – ഇടപെടലിന് മുമ്പും പിമ്പും**

സ്കൂൾ തലത്തിൽ പരിശോധിക്കുമ്പോൾ പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾ പൊതുവെ 'തുണ' പദ്ധതിയിലൂടെ പഠനപുരോഗതി കൈവരിച്ചതായി കാണുന്നു. എന്നാൽ പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ പഠന വൈകല്യമുള്ളവരെയും (ഗവ.യു.പി.എസ് ചിറയിൻകീഴ്) കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഈ കുട്ടികൾക്ക് പഠന പുരോഗതിയുണ്ടാക്കാൻ പ്രത്യേക പരിഗണനയും ആരോഗ്യപരമായ പിന്തുണയും നൽകേണ്ടതുണ്ട്.

## 4.2 പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ

പഠനപിന്നാക്കാവസ്ഥയുള്ള നിരവധി കാരണങ്ങൾ പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

***(a) പൊതുവായ കാരണങ്ങൾ***

- രക്ഷിതാക്കളുടെ അമിത മദ്യപാനം
- കുടുംബത്തിലെ വഴക്ക് കൂടൽ
- ഏക രക്ഷാകർത്തൃത്വം
- വീട്ടിലെ അക്രമങ്ങൾ
- അമിതമായ ടി.വി കാണൽ
- രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ്
- വീടുകളിലെ മോശമായ പഠനസൗകര്യങ്ങളും പഠനാന്തരീക്ഷവും
- പഠനകാര്യങ്ങളിലെ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ്
- കുട്ടികളിലെ പഠനവൈകല്യങ്ങൾ
- പെരുമാറ്റ വൈകല്യങ്ങൾ

വീടുകളിലെ മോശമായ പഠന സൗകര്യങ്ങളും പഠനാന്തരീക്ഷവും പഠന കാര്യങ്ങളിലെ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവും, വീടുകളിലെ അമിതമായ ടി.വി കാണലും, കുടുംബത്തിലെ വഴക്കും, രക്ഷിതാക്കളുടെ മദ്യപാനവുമാണ് പഠനപിന്നാക്കാവസ്ഥയ്ക്കുള്ള മുഖ്യകാരണങ്ങൾ എന്നു കണ്ടെത്താൻ സാധിച്ചു.

രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവും പഠനപിന്നാക്കവസ്ഥയ്ക്കുള്ള ഒരു കാരണമായി ചൂണ്ടികാണിക്കാൻ സാധിക്കുന്നു.

രക്ഷാകർത്താക്കളുടെ സ്ഥിരമായ തൊഴിലില്ലാത്ത അവസ്ഥ വരുമാനത്തെ ബാധിക്കുന്നു. അതുപ്രകാരം കുട്ടികൾ പഠനപിന്നാക്കാവസ്ഥയിലേക്ക് പോകുന്ന അവസ്ഥയുണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു.

***(b) വ്യക്തിപരമായ കാരണങ്ങൾ***

പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവ്, പ്രവർത്തനങ്ങളിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കൽ, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ്

പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളിൽ പ്രധാനമായും കാണപ്പെടുന്ന സ്വഭാവ വ്യതിയാനങ്ങൾ.

എന്നാൽ സ്വഭാവ വൈകല്യങ്ങളായ കള്ളംപറയൽ, മോഷ്ടിക്കൽ, മറ്റുള്ളവരുടെ വസ്തുക്കൾ ഉപയോഗിക്കൽ, മോശമായ ഭാഷ ഉപയോഗിക്കൽ, മറ്റുള്ളവരെ കായികമായി നേരിടൽ തുടങ്ങിയവ ഈ കുട്ടികളിൽ പ്രകടമല്ല എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്.

**കേസ് സ്റ്റഡി**

കേസ് സ്റ്റഡിയിലൂടെ പ്രശ്നക്കാരായ ചില കുട്ടികളുടെ പഠനം സംബന്ധിച്ച പ്രശ്നങ്ങളും പെരുമാറ്റ വ്യതിയാനങ്ങളും വളരെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുകയും അവർക്ക് അനുയോജ്യമായ പഠന സാമഗ്രികൾ ഉപയോഗിക്കാനും നിർദ്ദേശങ്ങൾ നൽകാനും സാധിച്ചു. ഇത്തരത്തിൽ കേസ് സ്റ്റഡി നടത്തുന്നത് പഠനപിന്നാക്കാവസ്ഥയിലുള്ള പെരുമാറ്റ വ്യതിയാനമുള്ള കുട്ടികൾക്ക് ഏറെ പ്രയോജനകരമായിരിക്കും എന്ന് കണ്ടെത്തുകയുണ്ടായി.

***(c) കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ്***

കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾ ഒട്ടും ശ്രദ്ധ പുലർത്താത്ത രീതിയായിരുന്നു കാണാൻ സാധിച്ചത്. ഗൃഹസന്ദർശനത്തിലൂടെയും, ബോധവൽക്കരണത്തിലൂടെയും ഇതിന് പരിഹാരം ഉണ്ടാക്കാൻ സാധിച്ചു. സ്കൂളിൽ രക്ഷിതാക്കൾ എത്താൻ തുടങ്ങി. അവിടെ സൂക്ഷിച്ച സന്ദർശന ഡയറിയിൽ അവർ അഭിപ്രായങ്ങൾ തുറന്നെഴുതി.

**രക്ഷാകർത്തൃ സന്ദർശന ഡയറി**

രക്ഷാകർത്തൃ ഡയറി പരിശോധിക്കുമ്പോൾ സ്കൂൾ സന്ദർശനങ്ങളും അതിൽ രേഖപ്പെടുത്താൻ അവസരം നൽകുന്നതും രക്ഷാകർത്താക്കളുടെ അഭിപ്രായം വെളിപ്പെടുത്തുന്നതിനും അതനുസരിച്ച് കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും സ്കൂളും രക്ഷകർത്താവും തമ്മിലുള്ള അടുപ്പം കൂട്ടുന്നതിനും സഹായിക്കുന്നുവെന്ന് കണ്ടെത്തി.

**രക്ഷാകർത്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

അതാത് സ്കൂളുകളിലെ പി.റ്റി.എ. യും പഞ്ചായത്തും സംയുക്തമായി പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ പരിപാടി നടത്തിയിരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യകാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ പഠന പിന്നാക്കാവസ്ഥയെ കുറയ്ക്കുന്നതിന് സഹായകമാകുമെന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

***(d) പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സാന്നിധ്യം***

പഠനവേളയിൽ ഏഴ് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളും, രണ്ട് ഓട്ടിസം ബാധിച്ച കുട്ടികളും, ഏഴ് പഠനവൈകല്യമുള്ള കുട്ടികളും ഉണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇവർക്ക് പ്രത്യേകമായി വ്യക്തിഗത പിന്തുണയും, കൂടുതൽ സഹായങ്ങളും നൽകിയപ്പോൾ പഠനത്തിലേക്ക് ക്രമേണ നയിക്കാൻ സാധിച്ചു. ഇത്തരം കുട്ടികൾക്ക് ആരോഗ്യകരമായ പരിശോധനയ്ക്കും, വ്യക്തിഗത പിന്തുണയ്ക്കും സ്ഥിരം സംവിധാനം വേണ്ടതുണ്ട് എന്ന് പഠനം വ്യക്തമാകുന്നു.

### 4.3 പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ

**'തുണ' പദ്ധതിയെക്കുറിച്ച് റിസോഴ്സ് അധ്യാപകരുടെ കണ്ടെത്തലുകൾ**

- അടിസ്ഥാനപരമായി 'തുണ' പദ്ധതിയിലൂടെ എല്ലാ കുട്ടികളിലും മാറ്റം ഉണ്ടാക്കി എടുക്കാൻ സാധിച്ചു എന്നത് ഈ പദ്ധതിയുടെ വിജയമായി കാണാം. മെച്ചപ്പെട്ട മാറ്റം കാണാതിരിക്കുന്നത്, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മാത്രമാണ്.
- 'തുണ' പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമായി കാണാൻ കഴിഞ്ഞത് കുട്ടികളും രക്ഷിതാക്കളുമായിട്ട് റിസോഴ്സ് അധ്യാപകർക്ക് ആത്മബന്ധം വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നതാണ്. കുട്ടിയുടെ നിലവാരം പിന്നാക്കമാണെന്ന് രക്ഷാകർത്താവിനെ ബോധ്യപ്പെടുത്താൻ ഇതിലൂടെ സാധിച്ചു.

i) **കുട്ടികളുടെ സമീപനം**

- ഈ പദ്ധതിയുടെ ഒരു പ്രത്യേകതയായിരുന്നു വ്യക്തിഗത പഠനം. ഈ സമീപനം കുട്ടികൾക്ക് വളരെയധികം അനുയോജ്യമായിരുന്നു. പഠന പ്രവർത്തനങ്ങളിലെ അവരുടെ പോരായ്മകൾ മടികൂടാതെയും പേടിയില്ലാതെയും റിസോഴ്സ് അധ്യാപകരുമായി പങ്ക് വയ്ക്കുമായിരുന്നു.

ii) **പരിശീലനം സംബന്ധിച്ച്**

- റിസോഴ്സ് അധ്യാപകർക്ക് കൂടുതൽ പരിശീലനം ആവശ്യമാണ്.
- മൈൽഡ്, മോഡറേറ്റ്, സിവിയർ ഈ മൂന്ന് വിഭാഗങ്ങൾക്കും പ്രത്യേകമായി പഠന പ്രവർത്തനങ്ങളും പഠന സാമഗ്രികളും പരിശീലനവും ആവശ്യമാണ്.
- ചിഹ്നങ്ങൾ ഉറയ്ക്കുന്ന രീതിയിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം.
- പ്രത്യേക പരിഗണ അർഹിക്കുന്ന (MR, Autism) കുട്ടികൾക്ക് അതുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ നൽകാൻ കഴിയണം.
- വിലയിരുത്തൽ മാനദണ്ഡങ്ങൾ വ്യക്തമാക്കണം.

iii) **റിസോഴ്സ് അധ്യാപകർ നേരിട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ**

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ നടപ്പാക്കുന്നത് വെല്ലുവിളിയായിരുന്നു

- ചിഹ്നങ്ങൾ ഉറപ്പിക്കുന്നത് വെല്ലുവിളിയായിരുന്നു.
- ഉചിതമായ പഠന സാമഗ്രികളുടെ കുറവ്
- സമയക്കുറവ്

iv) **പദ്ധതി – രക്ഷിതാക്കളുടെ സ്വീകാര്യത**

- രക്ഷിതാക്കൾക്ക് 100% സ്വീകാര്യമായിരുന്നു. ഈ പദ്ധതിയിലൂടെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു.

v) **രക്ഷിതാക്കളും അധ്യാപകരുമായുള്ള സഹകരണം**

- ബോധവൽക്കരണ ക്ലാസ്സിലൂടേയും ഭവന സന്ദർശനത്തിലൂടെയും രക്ഷിതാക്കളുമായി നല്ലൊരു സൗഹൃദം ഉണ്ടാക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള സൗഹൃദത്തിലൂടെ രക്ഷിതാക്കളെ സ്കൂളിലെത്തിക്കാൻ കഴിയുകയും റിസോഴ്സ് അധ്യാപകരുടെ നിർദ്ദേശപ്രകാരം ക്ലാസ്സ് അധ്യാപകരെ കണ്ട് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്താനും സാധിച്ചു.

vi) **രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടി**

- വീടുകളിലെ പഠന സാഹചര്യം മെച്ചപ്പെടുത്തി രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തി.
- ടി.വിയുടേയും മൊബൈലിന്റെയും ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞു.
- സ്വഭാവ രൂപീകരണത്തിലും വ്യക്തിശുചിത്വത്തിലും രക്ഷിതാക്കളെ ബോധവാന്മാരാക്കി.
- രക്ഷിതാക്കളുടെ മദ്യപാനം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു ണ്ടെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞു.

vii) **ത്രിതല പഞ്ചായത്തും സ്കൂളും തമ്മിലുള്ള ബന്ധം**

- വ്യക്തിഗത പഠനത്തിന് പ്രാധാന്യം നൽകി, സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കണം.
- കുട്ടികളുടെ പഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം
- കുട്ടികളുടെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തണം
- കുട്ടികളുടെ ആരോഗ്യകാര്യങ്ങൾ പരിഗണിക്കണം
- കുട്ടികൾക്ക് മനശാസ്ത്ര വിദഗ്ധരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കണം.

viii) **'തുണ' പദ്ധതി മെച്ചപ്പെടുത്താനുള്ള റിസോഴ്സ് അധ്യാപകരുടെ നിർദ്ദേശങ്ങൾ**

- കൂടുതൽ പഠന സാമഗ്രികൾ ലഭ്യമാക്കണം.
- അനുയോജ്യമായ ഒരു ക്ലാസ്സ്മുറി റിസോഴ്സ് അധ്യാപകർക്ക് ആസൂത്ര ണത്തിനായി ലഭ്യമാക്കണം.

- കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകേണ്ട പരിശീലനത്തെക്കുറിച്ച് റിസോഴ്സ് അധ്യാപകന് കൂടുതൽ പരിശീലനം നൽകണം.
- എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കണം.

### 4.4 നിർദ്ദേശങ്ങൾ

'തുണ' പദ്ധതിയുടെ വിശകലന പഠനത്തിൽ നിന്നും ലഭിച്ച കണ്ടെത്തലുകളുടെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

- കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സ്കൂളുകളിലെ പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ തിരിച്ചറിയേണ്ടത് അനിവാര്യമാണ്. ഇതിനായി പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി പ്രത്യേക വിലയിരുത്തൽ ടൂളുകൾ രൂപപ്പെടുത്തുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. പഠനപിന്നാക്കാവസ്ഥ എന്നത് പഠന വൈകല്യമോ ബുദ്ധിമാന്ദ്യമോ എന്ന് അധ്യാപകർ തെറ്റിദ്ധരിക്കപ്പെടാതിരിക്കാനുള്ള കൃത്യത ഇത്തരം ടൂളുകളിൽ ഉറപ്പാക്കേണ്ടതാണ്.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ മൂന്ന് വിഭാഗത്തിൽ ഉൾപ്പെടുന്നു – മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നിവയാണ് അവ. നേരിയ പഠന പിന്നാക്കാവസ്ഥയിലുള്ളവർ മൈൽഡ് വിഭാഗത്തിലും ശരാശരി പിന്നാക്കാവസ്ഥയിലുള്ളവർ മോഡറേറ്റ് വിഭാഗത്തിലും തീവ്രമായ പഠനപിന്നാക്കവാസ്ഥയിലുള്ളവർ സിവിയർ വിഭാഗത്തിലും ഉൾപ്പെടുന്നു. ഓരോ വിഭാഗത്തിലുമുള്ള കുട്ടികളുടെ പഠനപുരോഗതി ഉറപ്പാക്കാനുതകുന്ന തരത്തിൽ പഠന സാമഗ്രികളും പഠനബോധന തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്.
- പഠനത്തിൽ നേരിടുന്ന പ്രത്യേക ബുദ്ധിമുട്ടുകളാണ് – സ്ഥിരമായ അക്ഷരത്തെറ്റ്, തുടർച്ചയായി വേഗത്തിൽ വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങൾമനസ്സിലാക്കി വാക്കുകളാക്കി വായിക്കാൻ ബുദ്ധിമുട്ട്, അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കി വായിക്കാൻ ബുദ്ധിമുട്ട്, എഴുതുമ്പോൾ വിരാമ ചിഹ്നങ്ങൾ ക്രമമല്ലാതെ ഉപയോഗിക്കൽ എന്നിവയാണ്. ഇത് പരിഹരിക്കുന്നതിന് അനുയോജ്യമായ അക്ഷരക്കാർഡുകൾ, കഥാക്കാർഡുകൾ, കവിതാക്കാർഡ്, വാക്കുകളോടുകൂടിയ ചിത്രക്കാർഡുകൾ, ചിഹ്നങ്ങൾ ചേർന്ന അക്ഷരക്കാർഡ് തുടങ്ങിയവ ഉപയോഗിച്ച് പരിഹരിക്കാൻ സാധിക്കുന്ന താണ്.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾ പാഠ്യേതര പ്രവർത്ത നങ്ങളിൽ മികവ് പുലർത്തുന്നതായി പഠനം കണ്ടെത്തി. അതുകൊണ്ട്

ഇത്തരം കുട്ടികളിലെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും ഈ കുട്ടികളെ മുൻനിരയിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

- ഓരോ കുട്ടിയുടേയും പോർട്ട്ഫോളിയോ വിലയിരുത്തുന്നത് പഠനപുരോഗതി ഉറപ്പാക്കാൻ സഹായകമായതിനാൽ വിശദമായ പോർട്ട്ഫോളിയോ വിശകലനം നിർബന്ധിതമാക്കുന്നത് അഭികാമ്യമാണ്.

- 'തുണ' പദ്ധതിയിലൂടെ പഠനപിന്നാക്കാവസ്ഥയിൽ ആയിരുന്ന 73% കുട്ടികൾ പഠനപുരോഗതി നേടിയതായി കണ്ടെത്താൻ കഴിഞ്ഞു. ഈ പദ്ധതി കൂടുതൽ പഠന സാമഗ്രികളോടുകൂടി, കൂടുതൽ സ്കൂളുകളിലേക്കും വിവിധ തലങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടത് ആവശ്യമാണ്.

- പഠനപിന്നാക്കാവസ്ഥയ്ക്കുള്ള നിരവധി കാരണങ്ങളാണ് പഠനം ചൂണ്ടിക്കാണിക്കുന്നത്. വീടുകളിലെ മോശമായ പഠന സൗകര്യങ്ങളും പഠനാന്തരീക്ഷവും, പഠനകാര്യങ്ങളിലെ രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവും, അമിതമായ ടി.വി കാണലും രക്ഷിതാക്കളുടെ വഴക്കും മദ്യപാനവുമാണ് മുന്നിട്ട് നിൽക്കുന്നതെന്ന് പഠനം തെളിയിക്കുന്നു. കൂടാതെ ഏക രക്ഷകർത്തൃത്വം, വീട്ടിലെ അക്രമങ്ങൾ, രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ്, കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, പഠനവൈകല്യങ്ങൾ എന്നിവയും പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങളായി പഠനം കണ്ടെത്തി. അതിനാൽ കുട്ടികളുടെ പഠന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രക്ഷിതാക്കൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

- പ്രകടനത്തിലുള്ള ആത്മവിശ്വാസക്കുറവും പ്രവർത്തനങ്ങളിൽ ശ്രദ്ധ നിലനിർത്താൻ കഴിയാത്തതും ഇത്തരം കുട്ടികളിലെ സ്വഭാവ മാറ്റമാണ്. ആയതിനാൽ, ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഉതകുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ കൂടുതൽ ഉൾപ്പെടുത്തേണ്ടതാണ്. അതോടൊപ്പം, ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായകമായ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ അധ്യാപകർ പരിശീലിക്കേണ്ടതും ഉപയോഗിക്കേണ്ടതുമാണ്.

- പഠനപിന്നാക്കാവസ്ഥയിലുള്ള ചില കുട്ടികളിൽ ചില പ്രത്യേക പഠന പ്രശ്നങ്ങൾ കണ്ടെത്തുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ സൂക്ഷ്മമായി കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും വേണ്ടിയാണ് ഈ പഠനത്തിൽ കേസ് സ്റ്റഡി ഉൾപ്പെടുത്തിയത്. ഇതിലൂടെ കുട്ടിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചില വ്യക്തിഗത നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയും പഠന പുരോഗതി ഉറപ്പാക്കാൻ കഴിയുകയും ചെയ്തു. ഇത്തരത്തിൽ പഠനപുരോഗതി

ഉണ്ടാക്കുന്നതിന്റെ ഭാഗമായി കേസ് സ്റ്റഡി നടത്താനുള്ള നടപടികൾ സ്കൂൾ തലത്തിൽ നടത്താവുന്നതാണ്.

- പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ രക്ഷകർത്താക്കൾക്കുള്ള പങ്ക് പ്രാധാന്യമർഹിക്കുന്നുവെന്ന് പഠനം തെളിയിക്കുന്നു. കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ യഥാസമയം നേരിട്ട് അറിയിക്കുന്നതോടൊപ്പം കുട്ടിയുടെ വീട്ടിലുള്ള പഠനപുരോഗതി അധ്യാപകർക്ക് മനസ്സിലാക്കാനും കഴിയുന്ന തരത്തിൽ രക്ഷകർത്തൃ ഡയറി സൂക്ഷിക്കാവുന്നതാണ്. രക്ഷകർത്തൃ ഡയറിയിൽ രക്ഷകർത്താക്കളുടെ സ്കൂൾ സന്ദർശനങ്ങളുടേയും അഭിപ്രായങ്ങളുടേയും രേഖപ്പെടുത്തലും ഉൾക്കൊള്ളിക്കുന്നത് സ്കൂളും രക്ഷാകർത്താവും തമ്മിലുള്ള അടുപ്പം കൂട്ടുന്നതിന് സഹായിക്കുന്നു. ഈ ഉദ്ദേശ്യങ്ങൾ കൈവരിക്കുന്നതിനായി, അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള നിരന്തര കൂടിക്കാഴ്ച ഉറപ്പാക്കുന്നതിന്റെ ഭാഗമായി രക്ഷാകർത്തൃ ഡയറി സ്കൂളുകളിൽ സൂക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

- പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ പഠനപിന്നാക്കാവസ്ഥയിൽ ഉള്ളവരിൽ പഠന വൈകല്യമുള്ളവരും ഉണ്ടായിരുന്നുവെങ്കിലും അവരിൽ പരമാവധി പഠനപുരോഗതി ഉറപ്പു വരുത്താൻ കഴിഞ്ഞില്ല. ഇത്തരം കുട്ടികളിൽ കൂടി പഠനപുരോഗതിയുണ്ടാക്കാൻ പ്രത്യേക പരിഗണനയും ആരോഗ്യപരമായ പിന്തുണയും അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകേണ്ടതുണ്ട്.

- പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ വ്യക്തിഗത പഠനം വളരെയെറെ അനുയോജ്യമായിരുന്നുവെന്ന് റിസോഴ്സ് അധ്യാപകർ അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സൂചിപ്പിക്കുകയുണ്ടായി. ആയതിനാൽ അത്തരം കുട്ടികൾക്ക് വ്യക്തിഗത പഠനം സാധ്യമാക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ടുന്നതാണ്. നമ്മുടെ സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരുടെ സേവനം സാർവത്രികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

- ഉചിതമായ പഠന സാമഗ്രികളുടെ അപര്യാപ്തതയും സമയക്കുറവുമാണ് റിസോഴ്സ് അധ്യാപകർ നേരിട്ട ഏറ്റവും പ്രധാന വെല്ലുവിളികൾ. അതിനാൽ പഠന പിന്നാക്കാവസ്ഥയിൽ വിവിധ തലത്തിൽ ഉള്ള കുട്ടികൾക്ക് അനുയോജ്യമായ വൈവിധ്യമാർന്ന പഠന സാമഗ്രികൾ സജ്ജമാക്കേണ്ടതുണ്ട്. റിസോഴ്സ് അധ്യാപകർക്ക് കൂടുതൽ സമയം ഇത്തരം കുട്ടികളുമായി ഇടപെടുന്നതിനുള്ള അവസരം നൽകേണ്ടതുമുണ്ട്.

- ത്രിതല പഞ്ചായത്തും സ്കൂളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ കുട്ടികളുടെ പഠന സാഹചര്യങ്ങൾ, യാത്രാസൗകര്യങ്ങൾ, ആരോഗ്യകാര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താനും മനശാസ്ത്രവിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും കഴിയും.

- 'തുണ' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയോഗിക്കപ്പെട്ട റിസോഴ്സ് അധ്യാപകരുടെ സേവനം, ഈ പദ്ധതിയുടെ ഫലപ്രാപ്തിയിൽ സ്തുത്യർഹമായ പങ്ക് വഹിക്കുന്നുണ്ട്. വളരെ പരിമിതമായ ഭൗതിക സാഹചര്യങ്ങളിലാണ് മിക്ക റിസോഴ്സ് അധ്യാപകരും അവരുടെ മികവുറ്റ സേവനം കാഴ്ച വെച്ചത്. കൂടുതൽ ഫലപ്രദമായി കുട്ടികളുമായി ഇടപെടുന്നതിനും പഠന പുരോഗതി ഉറപ്പാക്കുന്നതിനും വേണ്ടി റിസോഴ്സ് അധ്യാപകർക്ക് പ്രത്യേക സ്റ്റാഫ് റൂം സ്കൂളിൽ ഒരുക്കേണ്ടതാണ്.
- കുട്ടികളുടെ പെരുമാറ്റ രീതി, വ്യക്തി ശുചിത്വം, രക്ഷിതാക്കളുടെ ദു:ശീലങ്ങൾ എന്നിവയിൽ അഭിലഷണീയമായ മാറ്റങ്ങൾ വരുത്താൻ കൗൺസിലിംഗിലൂടെ റിസോഴ്സ് അധ്യാപകർക്ക് സാധിച്ചു. ഈ രീതിയിൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ശാസ്ത്രീയമായി കൗൺസിലിംഗ് നടത്താനും അധ്യാപകർക്ക് പരിശീലനം നൽകേണ്ടതുണ്ട്.

**മറ്റു നിർദ്ദേശങ്ങൾ**

- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ പഠനപുരോഗതി ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള വ്യക്തിഗതപഠനം നടപ്പിലാക്കേണ്ടതുണ്ട്. ഇത് പ്രത്യേക പരിശീലനം സിദ്ധിച്ച റിസോഴ്സ് അധ്യാപകരിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ബി.എഡ്, ഡി.എൽ.എഡ് തുടങ്ങിയ കോഴ്സുകളുടെ ഇന്റേൺഷിപ്പിന്റെ ഭാഗമായി അധ്യാപക-വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് ഓരോ സ്കൂളിലും ആറ് മാസക്കാലം റിസോഴ്സ് അധ്യാപകരായി പ്രവർത്തിക്കുന്നതിന് അവസരം ഒരുക്കാവുന്നതാണ്. തൊഴിൽരഹിതരെയും പ്രദേശവാസികളേയും ബി.എഡ്, ഡി.ഇ.എൽ.എഡ് കഴിഞ്ഞവരേയും റിസോഴ്സ് അധ്യാപകരായി പരിഗണിക്കാവുന്നതാണ്.
- കുട്ടികളുടെ മികവുകളുടെ പ്രദർശനം സ്കൂൾ തലത്തിൽ നടത്താവുന്നതാണ്. ഇത് കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും രക്ഷകർത്താക്കളുടെ മനോഭാവത്തിൽ മാറ്റമുണ്ടാക്കാനും ഉപകരിക്കും.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വേണ്ടി വ്യത്യസ്തവും മികവുറ്റതുമായ പഠന സാമഗ്രികൾ എസ്.സി.ഇ.ആർ.ടി. തയാറാക്കി നൽകേണ്ടതാണ്. പഠനപിന്നാക്കവസ്ഥയിലുള്ള കുട്ടികൾക്ക് പഠനപുരോഗതി കൈവരിക്കുന്നതിനുവേണ്ടി പഞ്ചായത്ത്തലത്തിൽ പിന്തുണ നൽകേണ്ടതുണ്ട്.
- 'തുണ' പദ്ധതി മലയാളം വിഷയത്തിൽ മാത്രം ഊന്നൽ നൽകിയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗണിതത്തിലെ അടിസ്ഥാന ശേഷികളും കണക്കുകൂട്ടാനുള്ള ശേഷികളും കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരം കാര്യങ്ങൾ കൂടി, തുടർന്നു വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.
- വിവരവിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. അതുകൂടി

ഉൾപ്പെടുത്തിയിരുന്നെങ്കിൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ സാധ്യമായേനെ. ഇത് വ്യാപിപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്.

- 'തുണ' പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നാണ് പഠനം തെളിയിക്കുന്നത്. ആയതിനാൽ, മറ്റ് സ്കൂളുകളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ അക്കാദമികവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുന്നതിന് സഹായകരമാകും.

## REFERENCES


1. Jayaprakash,R. & Rajamohanan, K. (2017). Maanasa: An early individualized remedial eduactional intervention model for scholastic backwardness among upper primary students. *Indian Journal of Child Health 4,* (2), 140-144. Retrieved from https://atharvapub.net

2. Santhosh,A.K. (2014). Scholastic backwardness in children attending normal school. *Andhra Pradesh Journal of Psychological Medicine, 15*, (2), 251-4. Retrieved from www.amhonline.org

3. Haneesh, K., Krishna Kumar. P. Sukumaran.K. & Riyas, A. (2013). Risk factors for scholastic backwardness in children. *Indian Pediatrics, 50,* (7), 655-658. Retrieved from https://www.indianpediatrics.net.

4. Krishnakumar,P., Geeta M.G., & Palat, R. (2006). Effectiveness of individualized education programme for slow learners. *Indian Journal of pediatrics, 73* (2), 135-137. Retrieved from medind.nic.in

## അനുബന്ധം – 1

**Tool for scholastic backwardness assessement**

Prepared for SCERT project

*(Strike whichever is applicable)*

**A. Socio demographic domain:**

Name: Age: Sex: 1. M 2. F

Date of birth: Date of intake:

School Class: Current grade:

Locality: 1. Urban 2. Rural 3. Semi urban

Religion: 1. Hindu 2. Christian 3. Muslim 4. SC/ST

Address:

Contact number: Income: 1.BPL 2. APL

Key informant: 1. Mother 2. Father 3. Teacher 4. Others

Adequacy of information: 1. Adequate 2. Inadequate

**B. Family and psycho social domain:**

**Parental status:** 1. Live together 2. Functional single parent 3. Divorced 4. Living separately 5. Widow 6. Widower 7. Cohabitation 8. Stepfather & mother 9. Step mother & father 10. Grandparents 11. Any other

**Eduactional status:**

**Father:** 1. Up to 10th 2. +2 3. Degree 4. Professional 5. Technical 6. Others 7. Illiterate.

**Mother:** 1. Up to 10th 2. +2 3. Degree 4. Professional 5. Technical 6. Others 7. Illiterate

**Occupation:**

**Father:** 1. Manual labour. 2. Clerk 3. Business 4. Professional 5. Private 6. Other 7. Nil 8. NRI Clerk 9. NRI manual. 10. NRI Business

**Mother:** 1. Manual labour. 2. Clerk 3. Business 4. Professional 5. Private 6. Other 7. Nil 8. NRI Clerk 9. NRI manual. 10. NRI Business

**Family history of Student** 1. Alcoholism 2. Domestic Violence 3. Quarrelsome 4. Any other

**Type of family**: 1. Nuclear 2. Joint 0. Any other

**Family TV time:**

**C. Learning domain:** **(Date of evaluation…………)**

1. Any specified learning time (Yes/No). Learning time………
2. Any specified learning corner (Yes/No).
3. Consistent difficulty in letter recognition (Yes /No).
4. Consistent difficulty in recognising signs & symbols while reading (Yes / No).
5. Consistently confuses with the similar looking letters while reading (Yes / No).
6. Difficulty in word construction while reading (Yes/No).
7. Engages in guess reading (Yes / No).
8. Reads slowly letter by letter, word by word. (Yes / No).
9. Difficulty in continuous reading (Yes/No).
10. Reading comprehension (Yes/No).
11. Consistently reverses letters / numbers in writing (Yes / No).
12. Uses uneven spacing, punctuation between letters and words (Yes / No).
13. Consistent spelling mistakes in writing (Yes / No).
14. Substitution of letters (Yes / No).
15. Omission of letters (Yes / No).
16. Additions of letters (Yes / No).
17. Any creative skills/talents: Sports / Music / Dance / Acting /Drawing / Craft / Technical skill..........

**D. Developmental and behavioural domain:**

1. Any physical problem 1. Visual 2. Hearing 3. Cerebral palsy 4. Seizure disorder 5. Any other chronic physical illness
2. Any known developmental problem (specify for speech delay, any certification etc.)
3. Students opinion about
   a. Father (good/ok/bad)
   b. Mother (good/ok/bad)
   c. Siblings(good/ok/bad)
   d. Other family members (good/ok/bad)
4. He/she beliefs that parents like other siblings. (Yes/No)
5. He/ she feel that nobody loves me. (Yes/No)

6. Fidgetiness, unable to sit quiet etc……

(Making problems during class time, walks, runs around etc.)

7. Trouble in attention and concentration.

(Problems in one to one interaction, short lived attention etc.)

8. Easily distractible from conversation, activities.

(Unable to continue activity, deviates from the subject etc.)

9. Poor confidence to perform (Yes/No).

10. Takes things that do not belong to him/her (Yes/No).

11. Lying (Yes/No).

12. Stealing (Yes/No).

13. Uses obscene language (Yes/No).

14. Blames others for his/her trouble (Yes/No).

15. Physical abuse towards others (Yes/No).

16. Spending much time with cartoon/video game (Yes/No).

17. Spending much time with pornography? (Yes/No).

18. Any school sent out? (Yes/No).

**E. Problems of the student:**

1. Scholastic backwardness
    a. Reading problem (Mild/Moderate/Severe)
    b. Writing problem (Mild/Moderate/Severe)
2. Behavioural problem (Yes/No)
3. Psycho social problem (Alcoholism/Domestic violence/Quarrelsome/Single parent/Nil)
4. Referal need (Yes/No).

## അനുബന്ധം – 2

### റിസോഴ്സ് അധ്യാപകരുമായുള്ള അഭിമുഖം

### ഇന്റർവ്യൂ ഷെഡ്യൂൾ

1. പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വേണ്ടിയുള്ള 'തുണ' പദ്ധതി ഗുണപ്രദമാണെന്ന അഭിപ്രായമുണ്ടോ ? കാരണങ്ങൾ എന്തെല്ലാം ?

2. ഈ പദ്ധതിയോട് കുട്ടികളുടെ സമീപനം എന്തായിരുന്നു ?

3. റിസോഴ്സ് അധ്യാപകർക്ക് കൂടുതൽ പരിശീലനം ആവശ്യമുണ്ടോ? എന്തൊക്കെ കാര്യങ്ങളിൽ പരിശീലനം ആവശ്യമാണ് ?

4. വ്യക്തിഗത പഠനപ്രവർത്തനങ്ങൾ നൽകിയതിൽ കൂടുതൽ ഫലപ്രദമായെന്ന് കരുതുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്?

5. വ്യക്തിഗത പഠനപ്രവർത്തനങ്ങൾ നൽകിയപ്പോൾ നേരിട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്തെല്ലാമാണ്?

6 നിങ്ങളുടെ അഭിപ്രായത്തിൽ രക്ഷിതാക്കൾക്ക് ഈ പദ്ധതി സ്വീകാര്യമായിരുന്നോ ?

7. രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കാൻ ഈ പദ്ധതി എങ്ങനെയൊക്കെ സഹായകമായി?

8 രക്ഷാകർത്തൃ ബോധവൽക്കരണം പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോ ?

9. ത്രിതല പഞ്ചായത്തും സ്കൂളുകളും തമ്മിൽ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കേണ്ട മേഖലകൾ എന്തെല്ലാമാണ് ?

10. പദ്ധതി കൂടുതൽ മികവുറ്റതാക്കാൻ നിങ്ങൾക്ക് നൽകാവുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം ?